ശ്രീ

അമരുകശതകം

കേരള സാഹിത്യ
അക്കാദമി

ശ്രീ

അമരുകശതകം.

കേരളവൎമ്മാ, എഫ്. എം. യു; എം. ആർ. ഏ. എസ്;

തിരുവിതാംകൂർ വലിയകോയിത്തമ്പുരാൻ അവർകൾ

സംസ്കൃതത്തിൽ നിന്നും മണിപ്രവാളത്തിൽ

ഭാഷാന്തരം ചെയ്തതു്.

കേരളസാഹിത്യ അക്കാദമി

ഉദയവൎമ്മാ, ബി. ഏ;

മാവേലിക്കര തമ്പുരാൻ അവർകൾ

എഴുതി ചേൎത്ത

മുഖവുരയോടും വിവരങ്ങളോടും കൂടി

പി. സി. അച്യുത സൊദൎയ്യന്മാരാൽ കൊഴിക്കൊട്ട

സീവിൽ ആസ്പത്രി പാതവഴിയിലുള്ള ൨൩൫-ാം

നമ്പ്ര എടുപ്പിലെ മലബാർ ടാവങ്കൊർ

സ്പെക്ടറ്റർ അച്ചുക്കൂടത്തിൽ നിന്ന

അച്ചടിച്ച പ്രസിദ്ധം

ചെയ്യപ്പെട്ടത.

1893.

ഒന്നാം അച്ചടിപ്പ കൊപ്പി 500.

COCHIN GOVERN...
...EMENT COMMITTEE
കേരള സാഹിത്യ അക്കാദമി

AMARŪKA SATAKUM.

TRANSLATED FROM SANSKRIT

INTO

MANIPRAVALAM

BY

KERALA VARMA, F.M.U., M.R.A.S.,

VALIYA KOIL TAMPURAN OF TRAVANCORE,

WITH

INTRODUCTION AND NOTES

BY

UDAYA VARMA, B. A.,

RAJA OF MAVELIKKARA.

First Edition, copies 500.

All rights reserved.

Calicut:

PRINTED AT THE M. & T. SPECTATOR PRESS.

1893.

മുഖവുര

കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ അവർകളുടെ കൃതികൾ സംസ്കൃതപ്രധാനകളാകുന്നു എന്ന് ഒരു അഭിപ്രായം "ഭാഷാശാകുന്തളം" പുറപ്പെട്ടതിനോടു കൂടെ പ്രായേണ ജനങ്ങൾക്കു വന്നിട്ടുള്ളതിലേക്കു സമാധാനമായി "ശാകുന്തള"ത്തിന്റെ ആമുഖോപന്യാസത്തിൽ വലിയ കോയിത്തമ്പുരാൻ അവർകൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "സംസ്കൃതത്തിൽ കവനം ചെയ്തു പരിചയിച്ച് ആ ഭാഷ അധികം സ്വാധീനപ്പെട്ടിരുന്നതുകൊണ്ട് ഈ തൎജ്ജമയിൽ സംസ്കൃതപദപ്രയോഗങ്ങൾ അല്പം ബഹുലീഭവിച്ചിട്ടുണ്ട്". ഈ വചനം വായിക്കുന്ന സമയം ഇനിയുള്ള തൎജ്ജമകളിൽ സംസ്കൃതപദപ്രയോഗങ്ങൾ കഴിയുന്നതും ചുരുങ്ങി ഇരിക്കുന്നതിനു വേണ്ട കരുതൽ ചെയ്തു കൊള്ളുന്നതാണ് എന്ന് ഒരു അൎത്ഥം കൂടെ ധ്വനിക്കുന്നു. "അമരുകമണിപ്രവാള"ത്തെ വായിക്കുമ്പോൾ ഈ അൎത്ഥത്തെ ഫലിപ്പിച്ചിരിക്കുന്നതു കാണാം. മൂലത്തിലുള്ള ഭാവങ്ങൾക്കു ഭേദം വരുത്താതേയും ഈ കാവ്യത്തിന്റെ ജീവനായ ശൃംഗാര രസത്തിനു ലേശം കുറവു വരുത്താതേയും ഭാഷാകവിതക്കു വേണ്ടുന്ന പ്രാസനിയമത്തെ ഉപേക്ഷിക്കാതേയും ഈ കാവ്യത്തെ ഇത്ര വളരെ സരളമായി ഭാഷാന്തരം ചെയ്യാൻ അന്യന്മാരാൽ സാധിക്കയില്ലെന്നു തീൎച്ചയായി പറയാം. മൂലത്തിലെ ശബ്ദങ്ങൾക്കു ശരിയായ ഭാഷാശബ്ദങ്ങൾ പ്രയോഗിച്ച് അൎത്ഥപുഷ്ടിയെ പ്രകടിപ്പിക്കുന്നതിനു വലിയ കോയിത്തമ്പുരാൻ അവർകൾക്കുള്ള സാമൎത്ഥ്യം അന്യാദൃശമാകുന്നു. "അമരുകമണിപ്രവാള"ത്തിലെ ചില പദ്യങ്ങളുടെ രസികത വിചാരിക്കുമ്പോൾ മൂലത്തിലെ ചില പദ്യങ്ങൾക്കു രസികത മതിയായിട്ടുണ്ടോ എന്നു സംശയം

തോന്നിപ്പോകുന്നു. "ഭാഷാശാകുന്തളം" പോലെ "അമരുകമണിപ്രവാള"വും രസികശിരോമണിയും അഖിലമനീഷിജനപൂജിതനും ആയ വലിയ കോയിത്തമ്പുരാൻ അവർകളുടെ മുഖത്തിൽനിന്നു അവതരിക്കുന്നതിനു ഇടയായതു കേരളനിവാസികളുടെ ഭാഗ്യം എന്നോ അമരുകകവിയുടെ പുണ്യഫലം എന്നോ പറയേണ്ടത് എന്നു ഞാൻ സംശയിക്കുന്നു. കേവലം പാമരന്മാർ കൂടെ "ഭാഷാശാകുന്തള"ത്തിലെ പദ്യങ്ങൾ ചൊല്ലി രസിക്കുന്നതു കേട്ട് കൃതാൎത്ഥനായിരിക്കുന്ന വലിയ കോയിത്തമ്പുരാൻ അവർകൾക്ക് "അമരുകമണിപ്രവാള"ത്തെ ജനങ്ങൾ കൊണ്ടാടുന്നതു കാണുമ്പോൾ ഉണ്ടാകാൻ പോകുന്ന കൃതാൎത്ഥത എത്രമാത്രം ആയിരിക്കുമെന്ന് ഇപ്പോൾ വിചാരിച്ചറിയുന്നതിനു എന്നാൽ അശക്യമാകുന്നു.

"അമരുകമണിപ്രവാള"ത്തിൽ സംസ്കൃതപദങ്ങളെ കഴിയുന്നതും ചുരുക്കീട്ടുണ്ട് എന്നല്ലാതെ തീരെ ഒഴിക്കുന്നതിനു സാദ്ധ്യമായിട്ടില്ല. മൂലത്തിന്റെ ഭാവം മുഴുവൻ വരുത്തുന്നതിനു ഭാഷാശബ്ദങ്ങൾ മതിയാകാതെ വന്ന ദിക്കിൽ മാത്രം സംസ്കൃതം പ്രയോഗിക്കേണ്ടി വന്നിട്ടുണ്ട്. അതിനാൽ സംസ്കൃതപരിചയം ഇല്ലാത്ത മലയാളികൾക്കു "അമരുകമണിപ്രവാള" ത്തിന്റെ രസികത മുഴുവൻ മനസ്സിലാകാതെ വരരുതെന്നു വിചാരിച്ചു മണിപ്രവാളത്തിൽ പ്രയോഗിച്ചിരിക്കുന്ന സംസ്കൃതശബ്ദങ്ങൾക്ക് ഒരു ടിപ്പണി എഴുതീട്ടുണ്ട്. ഭാവത്തിനു ഗാംഭീൎയ്യം ഉള്ള ഭാഗങ്ങളിൽ സൂചനകളെ കാണിച്ചിട്ടുള്ളതു കൂടാതെ പദ്യങ്ങളുടെ മുമ്പിൽ അവതാരികയും ചേൎത്തിട്ടുള്ളതിനാൽ അധികം പ്രയാസംകൂടാതെ പദ്യങ്ങളുടെ ഭാവങ്ങൾ സുഗ്രഹങ്ങളായിരിക്കുമെന്നു വിശ്വസിക്കുന്നു. അമരുകത്തിലെ പദ്യങ്ങൾക്ക് ഒരു വ്യാഖ്യാനം തന്നെ എഴുതിയാലേ മതിയാകയുള്ളൂ. "അമരുകമണിപ്രവാള"ത്തെ കഴിയുന്നതും വേഗത്തിൽ അച്ചടിച്ചു കാണുന്നതിനു എല്ലാവരും കാത്തിരിക്കുമ്പോൾ ഒരു വ്യാഖ്യാനം എഴുതാ

ൻ തുനിയുന്നതായാൽ വ്യാഖ്യാനത്തെ "അമരുകമണിപ്രവാള"ത്തോടു ചേൎത്ത് അച്ചടിപ്പിക്കാതെ ഇരിക്കയോ അനേകം ജനങ്ങളുടെ അപ്രീതിയെ സമ്പാദിക്കയോ വേണ്ടിവരുമെന്നു തോന്നി. അതുകൊണ്ടു തൽക്കാലം ടിപ്പണിയും അവതാരികയും മാത്രം ചേൎത്ത് അച്ചടിപ്പിക്കുന്നതു കൊള്ളാം എന്നു നിശ്ചയിക്കയാണ് ചെയ്തത് - സംസ്കൃതപദപ്രയോഗം കൊണ്ടു കഠിനം എന്നു വിചാരിക്കപ്പെട്ടിരിക്കുന്ന "ഭാഷാശാകുന്തള"ത്തെ കൂടെ ഇപ്പോൾ നാലാം പ്രാവശ്യം അച്ചടിപ്പിക്കേണ്ടി വന്നിരിക്കുന്നതിനാൽ താമസിക്കാതെ "അമരുകമണിപ്രവാള"ത്തിന്റെ രണ്ടാം പതിപ്പിന്നു അപേക്ഷ ഉണ്ടാകുമെന്നും അപ്പോൾ അവശ്യപ്പെടുന്ന പക്ഷം ഒരു വ്യാഖ്യാനം തന്നെ എഴുതാമെന്നും വിചാരിക്കുന്നു.

കേരള സാഹിത്യ അക്കാദമി

മാ- ഉദയവൎമ്മാ.

അമരുകകവി.

"അമരുകശതകം" എന്നുള്ള പേർ അമരുകകവിയാൽ രചിക്കപ്പെട്ടിട്ടുള്ള ശതകമാകയാൽ വന്നിട്ടുള്ളതാണല്ലൊ- എന്നാൽ അമരുകകവി ശ്രീശംകരാചാൎയ്യരുടെ ഒരു അവതാരമാകുന്നു എന്നുള്ളസംഗതിയെ പററി "കാവ്യമാല"യുടെ ഒരു ഭാഗമായി അച്ചടിക്കപ്പെട്ടിട്ടുള്ള "അമരുകശതക"ത്തിന്റെ പ്രസാധകന്മാർ പറഞ്ഞിട്ടുള്ള അഭിപ്രായം യുക്തിയുക്തവും സരസഗ്രാഹ്യവും ആകയാൽ വിദ്വാന്മാരുടെ രസത്തിനായിട്ടു ൟ അഭിപ്രായത്തെ കൂടെ ഇവിടെ പ്രസംഗിക്കുന്നത് ഉചിതമായിരിക്കുമെന്നു വിചാരിക്കുന്നു- ശങ്കരാചാൎയ്യർ ദിഗ്വിജയത്തിനെന്നുള്ള വ്യാജേന കാശ്മീരരാജ്യത്തിൽ പോയ സമയം ശൃംഗാര

രസപ്രധാനമായി ഒരു കാവ്യം ഉണ്ടാക്കാൻ സദസ്യന്മാരാൽ പ്രാൎത്ഥിക്കപ്പെട്ടു എന്നും, മൃതനായ അമരുകരാജാവിന്റെ ശരീരത്തിൽ തന്റെ ജീവനെ ആരോപിച്ചുകൊണ്ടു രാജാവിന്റെ ഭാൎയ്യമാരോടൊരുമിച്ചു സുഖമായി വസിച്ച് "അമരുകശതക"ത്തെ ഉണ്ടാക്കി എന്നും രവിചന്ദ്രന്റെ "അമരുകശതക" വ്യാഖ്യാനത്തിൽ കാണുന്നു. ഇതുകൂടാതെ മണ്ഡനമിശ്രന്റെ ഭാൎയ്യയായ ശാരദ ശങ്കരാചാൎയ്യരോടു കാമകലകളെ കുറിച്ചു ചില ചോദ്യങ്ങൾ ചോദിച്ചപ്പോൾ ഉത്തരം പറയാതെ ഇരുന്നാൽ താൻ അല്പജ്ഞനാണെന്നു വരുമല്ലൊ എന്നും കാമവിഷയങ്ങളായ ചോദ്യങ്ങളുടെ ഉത്തരം പറഞ്ഞാൽ തന്റെ സന്ന്യാസവൃത്തിക്കു ന്യൂനത ഉണ്ടാകുമല്ലൊ എന്നും വിചാരിച്ച് ഒരു മാസത്തെ അവധി വാങ്ങിക്കൊണ്ടു ശിഷ്യന്മാരോടൊരുമിച്ച് ആചാൎയ്യർ ആകാശത്തിൽ കൂടെ പോയി എന്നും, വഴിയിൽ ഒരു സ്ഥലത്തിൽ കരയുന്ന ഭാൎയ്യമാരാൽ ചുററപ്പെട്ടതും ഗതജീവിതവും ആയ അമരുകരാജാവിന്റെ ശരീരം കണ്ടു എന്നും, ശിഷ്യന്മാരോടു തന്റെ ശരീരത്തെ സൂക്ഷിക്കുന്നതിന്നു ശട്ടം കെട്ടിയതിന്റെ ശേഷം രാജാവിന്റെ ശരീരത്തിൽ തന്റെ പ്രാണനെ ആരോപിച്ചു എന്നും, സന്തോഷിച്ച ഭാൎയ്യമാരോടു കൂടെ രാജധാനിയിൽ പോയി സുഖമായി താമസിച്ച് ഓരോ ദിവസം ഓരോ ഭാൎയ്യയുമായി രമിച്ച് ഓരോ പദ്യം വീതം ഉണ്ടാക്കി വാത്സ്യായനശാസ്ത്രാനുസാരിയായ ഒരു ശൃംഗാരകാവ്യത്തെ നിൎമ്മിച്ചു എന്നും ഒരു ഐതിഹ്യം ഉള്ളതിനാൽ ഈ കാവ്യത്തിൽ ശാരദയുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം കൂടെ അന്തൎഭവിച്ചിരിക്കുന്നു എന്നു ഊഹിക്കേണ്ടിയിരിക്കുന്നു. മാധവകവിപ്രണീതമായ "ശ്രീശംകരവിജയ" കാവ്യത്തിൽ "അമരുകശതക"ത്തിന്റെ പ്രസംഗം പോലും കാണുന്നില്ല. എന്നാൽ ആ കാവ്യത്തിന്റെ ഒമ്പതാം സൎഗ്ഗത്തിലോ മറേറാ "കലാഃ കിയത്യോ വദ പുഷ്പധന്വനഃ കിമാത്മികാഃ കിം ച പദം സമാശ്രിതാഃ പൂൎവ്വേ ച പ

ക്ഷേ കഥമന്യഥാസ്ഥിതിഃ കഥം യുവത്യാം കഥമേവ പൂരു
ഷേ'' എന്നു ശാരദയുടെ ചോദ്യങ്ങൾ കാണുന്നുണ്ട്. "അമരു
കശതക''ത്തിൽ ൨രം ചോദ്യങ്ങൾക്ക് ഉത്തരവും കാണുന്നില്ല.
"ശങ്കരവിജയ''ത്തിന്റെ പതിനാറാം സർഗ്ഗത്തിൽ ആചാര്യരു
ടെ കാശ്മീരയാത്രയും ശാരദാഗൃഹത്തിൽ വച്ചു വിദ്വാന്മാരുമാ
യുണ്ടായ വാദങ്ങളും വർണ്ണിക്കപ്പെട്ടു കാണുന്നു. രവിചന്ദ്രൻ പറ
യുന്നപ്രകാരം സദസ്യന്മാരുടെ പ്രാൎത്ഥനയെ പററി ഒന്നും പറ
യപ്പെട്ടിട്ടില്ല. സംഗതികൾ ഈ വിധം ഇരിക്കുമ്പോൾ "അമ
രുകശതകം'' ശങ്കരാചാര്യകൃതമാകുന്നു എന്നുള്ളതു കേവലം ജ
നശ്രുതിയായിട്ടേ വിചാരിക്കാൻപാടൊള്ളുഎന്നു "കാവ്യമാലാ''
പ്രസാധകന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ശാരദയുടെ ചൊ
ദ്യങ്ങൾക്ക് ഉത്തരമായി ഒരു ഗ്രന്ഥം ഉണ്ടാക്കിയതിന്റെ ശേ
ഷം "അമരുകശതക''മെന്നും ഒരു ഗ്രന്ഥം ഉണ്ടാക്കി എന്നു വ
രുതൊ എന്നു ചോദിച്ചാൽ തന്റെ സൎവ്വജ്ഞത്വത്തെ രക്ഷി
ക്കുന്നതിനും ശാരദയുടെ സംശയങ്ങളെ തീൎക്കുന്നതിനും ഒരു ഗ്ര
ന്ഥം ഉണ്ടാക്കിയതിന്റെ ശേഷം അദ്ദേഹം കേവലം ശൃംഗാ
രവ്യസനം കൊണ്ടു "അമരുകശതക''ത്തെ ഉണ്ടാക്കി എന്നു
പറയുന്നതു് ആചാര്യൎക്കു ഒരു വലുതായ അവമാനം ആകുന്നു.
അതിനാൽ അവരുടെ അഭിപ്രായം ഈ ശതകത്തിന്റെ പ്ര
ണേതാവു് അമരുകൻ എന്നു പേരുള്ള വേറേ ഒരു കവി ആയി
രിക്കണം എന്നാകുന്നു. വാമനപണ്ഡിതന്റെ "കാവ്യാലങ്കാര
സൂത്ര''ങ്ങളിൽ അമരുകന്റെ പദ്യം ഉദാഹരിക്കപ്പെട്ടു കാണുന്ന
തുകൊണ്ടും വാമനപണ്ഡിതൻ ക്രിസ്ത്വബ്ദം ൮൦൦-ാമതിനു പി
ന്നീടു ജീവിച്ചിരുന്ന ആളാണെന്നു നിൎണ്ണയിക്കപ്പെട്ടിരിക്കുന്നതു
കൊണ്ടും അമരുകകവി വാമനപണ്ഡിതനെക്കാൾ പ്രാചീന
നാണെന്നു സിദ്ധമാകുന്നു.

മാ. ഉദയവൎമ്മാ.

ശ്രീ

ശ്രീരാഗത്തിനൊരാസ്പദം ശ്രിതജനസ്വാരാജ്യസൌഖ്യപ്രദം
മാരാരിദ്രുഹിണാദിനിർജ്ജരവരന്മാരാൽ സമാരാധിതം
വാരാളും മുകിലോടെതിർത്തു പൊരുതും ധാരാളദേഹദ്യുതിം
നേരായുള്ളിലുപാസ്മഹേ ത്രിജഗതീവേരായ നാരായണം

ജ്യാകൃഷ്ടിബദ്ധകടകാമുഖപാണിപൃഷ്ഠ-
പ്രേംഖന്നഖാംശുചയസംവലിതോ ഽഢാന്ത്യാഃ
ത്വാം പാതു മഞ്ജരിതപല്ലവകർണ്ണപൂര-
ലോലഭ്രമൽഭ്രമരവിഭ്രമഭൃൽ കടാക്ഷഃ. (൧)

കവി സ്വകാവ്യത്തെ പഠിക്കുന്നവനു ആശിസ്സിനെ ചെയ്യുന്നു.

കർണ്ണാന്തം കടകാമുഖാകലിതമായ്-
ജ്യാകർഷണം ചെയ്യുമ-
ക്കയ്യിന്മേൽ പരിചിൽ പരന്ന കരജ-
ശ്രീപൂരസമ്മിശ്രിതം
കാതിൽചേർത്ത കുരുത്ത നൽത്തളിർ കൊതി-
ച്ചെത്തുന്ന മത്താളിപോൽ
കാന്തംകാന്തിമതീകടാക്ഷമവതു
ത്വാം കാംക്ഷിതാർത്ഥപ്രദം.

കർണ്ണാന്തം=കാതോളം.

കടകാമുഖാകലിതമായ്=കടകാമുഖമുദ്രപിടിച്ച്. ചൂണ്ടുവിരലിന്റേയും നടുവിരലിന്റേയും മദ്ധ്യത്തിൽ പെരുവിരല് അമ

ത്തി മോതിരവിരല് ചേൎത്തു പിടിക്കുന്ന മുദ്രയ്ക്കു "കടകാമുഖം" എന്നു പേർ പറയപ്പെട്ടിരിക്കുന്നു.

ജ്യാകൎഷണം=ജ്യയുടെ (ഞാണിന്റെ) കൎഷണം (വലി.)

കരജ ശ്രീപൂര സമ്മിശ്രിതം=കരജങ്ങളുടെ (നഖങ്ങളുടെ) ശ്രീപൂരത്തോടു (ശോഭാപുഞ്ജത്തോടു)സമ്മിശ്രിതം (ചേൎന്നത്.) കടാക്ഷത്തിന്റെ വിശേഷണം.

മത്താളി=മദിച്ചിരിക്കുന്ന വണ്ട്.

കാന്തിമതീ=ജഗദീശ്വരീ.

അവതു=രക്ഷിക്കട്ടെ.

കാംക്ഷിതാൎത്ഥപ്രദം=അഭീഷ്ടത്തെ കൊടുക്കുന്നത്.

കാവ്യം ശൃംഗാരപ്രധാനമാകയാൽ ദേവിയുടെ 'വശ്യമുഖീ' എന്ന ധ്യാനത്തെ ആണ് ഇവിടെ ആശീസ്സിനു എടുത്തിരിക്കുന്നത്.

ധ്യാനം—"സന്ധായ സുമനോബാണാൻ
കൎഷന്തീമൈക്ഷവം ധനുഃ
ജഗജ്ജൈത്രീം ജപാരക്താം
ദേവീം വശ്യമുഖീം ഭജെ".

ക്ഷിപ്തോ ഹസ്താവലഗ്നഃ പ്രസഭമഭിഹതോ
പ്യാദദാനോംശുകാന്തം
ഗൃഹ്ണൻ കേശേഷ്വപാസ്തശ്ചരണനിപതിതോ
നേക്ഷിതസ്സംഭ്രമേണ
ആലിംഗൻ യോവധൂതസ്ത്രിപുരയുവതിഭി-
സ്സാശ്രുനേത്രോൽപലാഭിഃ
കാമീ വാൎദ്രാപരാധസ്സദഹതു ദുരിതം
ശാംഭവോ വശ്ശരാഗ്നിഃ. (൨)

കവി ശ്രോതാക്കന്മാൎക്കു ദുരിതനിവൃത്തിയെ പ്രാൎത്ഥിക്കുന്നു.

വേഗത്താൽ ക്ഷിപ്തനാലംബിതകരനവധൂ
തൻ ഗൃഹീതാംശുകാന്തൻ
പ്രാഗല്ഭ്യത്തോടപാസ്തൻ കലിതകചനനാ-
ലോകിതൻ പാദലഗ്നൻ
ആഗത്യാലിംഗനേ നിൎദ്ധൂതനഴലിയലും
മുപ്പുരസ്ത്രീജനത്താ-
ലാഗസ്വീ കാമിപോൽ ശങ്കരശരദഹനൻ
ദഗ്ദ്ധമാക്കട്ടഘംവഃ.

ആലംബിതകരൻ=കയ്യിൽ കടന്നു പിടിച്ചവൻ- അപ്പോൾ "ക്ഷിപ്തൻ" എന്നന്വയം.

ഗൃഹീതാംശുകാന്തൻ=മുണ്ടിന്റെ അററം പിടിച്ചവൻ- അപ്പോൾ "അവധൂതൻ" (തട്ടപ്പെട്ടവൻ)

കലിതകചൻ=തലമുടിയിൽ പിടിച്ചവൻ- അപ്പോൾ "അപാസ്തൻ" (നിരസിക്കപ്പെട്ടവൻ)

പാദലഗ്നൻ=കാലിൽ പിടിച്ചവൻ- അപ്പോൾ "അനാലൊകിതൻ" (നോക്കപ്പെടാത്തവൻ)

ആഗത്യ=ആഗമിച്ചിട്ട്.

നിൎദ്ധൂതൻ=(ആലിംഗനത്തിൽ) നിരാകരിക്കപ്പെട്ടവൻ.

ആഗസ്വീ=അപരാധി.

ശങ്കരശരദഹനൻ=പരമേശ്വരന്റെ ശരാഗ്നി.

അഘം വഃ=(വഃ) നിങ്ങളുടെ (അഘം) പാപത്തെ.

മുപ്പുരസ്ത്രീജനം=ത്രിപുരന്മാരുടെ സ്ത്രീജനങ്ങൾ.

"ക്ഷിപ്തൻ" മുതലായ വിശേഷണങ്ങൾ ആഗസ്വിയായ കാമിക്കും ശരദഹനനും ഒരുപോലെ ചേരുന്നവയാകുന്നു.

ത്രിപുരവധം കഴിഞ്ഞ് ശ്രീപരമേശ്വരന്റെ ശരദഹനൻ ത്രിപുരസ്ത്രീകളുടെ ഓരോരോ അംഗത്തെയും ബാധിച്ചപ്പോൾ

അവർ അഗ്നിയെ തടുക്കുന്ന സമ്പ്രദായം കണ്ടാൽ എത്രതന്നെ നിരാകരിക്കപ്പെട്ടിട്ടും പിന്നെയും വലിഞ്ഞു കാമിനിയുടെ അംഗങ്ങളെ സ്പർശിക്കുന്ന ഒരു അപരാധിയായ കാമിയെ തിരസ്കരിക്കുന്നതുപോലെ തോന്നും- അവ്വണ്ണമിരിക്കുന്ന ശങ്കരശരദഹനൻ നിങ്ങളുടെ പാപത്തെ ദഹിപ്പിക്കട്ടെ എന്നു താൽപര്യം.

ആലോലാമളകാവലീം വിലുളിതാം
ബിഭ്രച്ചലൽകുണ്ഡലം
കിഞ്ചിന്മൃഷ്ടവിശേഷകം തനുതരൈ-
സ്സ്വേദാംഭസാം ജാലകൈഃ
തന്വ്യാ യൽ സുരതാന്തതാന്തനയനം
വക്ത്രം രതിവ്യത്യയേ
തത്ത്വാം പാതു ചിരായ കിം ഹരിഹര-
ബ്രഹ്മാദിഭിർദ്ദൈവതൈഃ. (൩)

കവി പ്രകൃതരസത്തിനുചിതമായ ആശീരന്തരത്തെ പ്രയോഗിക്കുന്നു.

ഇന്നാലോലാളകാളീലുളിതമിളകിടും
തോടയോടേ ലലാടോൽ-
ഭിന്നാനാം സ്വേദവാരാം തനുതരനിരയാ-
ലൊട്ടു നൽപ്പൊട്ടു മാഞ്ഞും
നന്നായ്ക്കണ്ടെപ്പ്ലീലാവിരതിയിലവസ-
ന്നാക്ഷി വീരായിതസ്ത്രീ
തന്നാസ്യം രക്ഷതു ത്വാം ഹരിഹരമുഖരാം
ദൈവതൈരാവതെന്താം.

ആലോലാളകാളീലുളിതം=ഇളകുന്ന കുറുനിരകളം കൊണ്ടു ശോഭിക്കുന്ന.

ലലാടോൽഭിന്നാനാം സ്വേദവാരാം=നെററിയിൽ അങ്കു രിച്ച വിയപ്പുജലങ്ങളുടെ.

തനുതരം=ഏററവും ചെറുതായ.

വിരതി=അവസാനം.

അവസന്നാക്ഷി=ക്ഷീണിച്ച കണ്ണുകളോടുകൂടിയ(ആസ്യം)

വീരായിതസ്ത്രീ=വിപരീതരതത്തിൽ പ്രവൎത്തിച്ചിരിക്കുന്ന സ്ത്രീ.

ആസ്യം=മുഖം.

രക്ഷതു=രക്ഷിക്കട്ടെ.

ഹരിഹരമുഖർ=വിഷ്ണു, ശിവൻ മുതലായ.

ദൈവതൈഃ=ദേവന്മാരാൽ.

സന്ദഷ്ടാധരപല്ലവാ സചകിതം
ഹസ്താഗ്രമാധൂന്വതീ
മാ മാ മുഞ്ച ശഠേതി കോപവചനൈ-
രാനൎത്തിതഭ്രൂലതാ
സീൽകാരാഞ്ചിതലോചനാ സപുളകം
യൈശ്ചുംബിതാമാനിനീ
പ്രാപ്തം തൈരമൃതം ശ്രമായ മഥിതോ
മൂഢൈസ്സുരൈസ്സാഗരഃ (൪)

കവി തൃതീയപുരുഷാൎത്ഥത്തിന്റെ മാഹാത്മ്യത്തെ വൎണ്ണിക്കുന്നു.

സന്ദംശിച്ചീടവേ സുന്ദരമധരമുദ-
ഞ്ചദ്രസം കൈ കുടഞ്ഞി-
"ട്ടെന്നേ വിട്ടാലു"മെന്നങ്ങനയരുളി രുഷാ
ചില്ലിവില്ലാട്ടമോടേ

വന്നീടും സീൽകൃതത്താൽ ചടുലനയനയാം
    മാനിനിക്കുള്ള വക്ത്രം
ധന്യർക്കത്രേ ലഭിക്കുന്നമ്മതു കടൽ കട-
    ഞ്ഞോരമർത്ത്യർ ശ്രമാർത്ഥം.

സന്ദംശിക്ക=കടിക്ക.

ഉദഞ്ചദ്രസം=ഉൽഭവിക്കുന്ന ശൃംഗാരം, ശോകം, കോപം മുതലായ രസങ്ങളോടു കൂടുംവണ്ണം.

രുഷാ=കോപത്തോടെ.

അമർത്ത്യർ=ദേവന്മാർ.

ശ്രമാർത്ഥം=നിഷ്ഫലമായിട്ട് എന്നു താൽപര്യം.

അലസവലിതൈഃ പ്രേമാർദ്രാർദ്രൈർമ്മുഹുർമ്മുകുളീകൃതൈഃ
ക്ഷണമഭിമുഖൈർല്ലജ്ജാലോലൈർന്നിമേഷപരാങ്മുഖൈഃ
ഹൃദയനിഹിതം ഭാവാകൂതം വമൽഭിരിവേക്ഷണൈഃ
കഥയ സുകൃതീ കോയം മുഗ്ദ്ധേ ത്വയാദ്യ വിലോക്യതേ (൬)

നായികയുടെ പ്രണയമധുരമായ വീക്ഷണത്തെ കണ്ടിട്ടു സഖി ചോദിക്കുന്നു.

ജാതാലസ്യം തിരിഞ്ഞും കിമപി മുഹുരട-
    ഞ്ഞും പ്രിയത്താലലിഞ്ഞും
ഹ്രീതാരള്യം നിറഞ്ഞും ക്ഷണമെതിരെയണ-
    ഞ്ഞും നിമേഷം വെടിഞ്ഞും
വീതാശങ്കം ഹൃദന്തർഗ്ഗതമതു വെളിവാ-
    കുന്ന പോലുള്ള ദൃഷ്ട്യാ
നീ താൻ മുഗ്ദ്ധേ! കഥിക്കേതൊരു സുകൃതിയെയാ-
    ണിന്നു വീക്ഷിച്ചിടുന്നു.

ജാതാലസ്യം=ഉൽഭവിച്ച ക്ഷീണതയോടു കൂടുംവണ്ണം.

ഹ്രീതാരള്യം=ലജ്ജകൊണ്ടുള്ള ചാഞ്ചല്യം.

വീതാശങ്കം=ശങ്ക കൂടാതെ.

ഹൃദന്തർഗ്ഗതം=ഉള്ളിലെ അഭിപ്രായം.

മുഗ്ദ്ധേ!=ബുദ്ധിക്കു സാമൎത്ഥ്യം കുറഞ്ഞവളെ! സംബുദ്ധി. ഇത് വിപരീതലക്ഷണയാകുന്നു.

അംഗുല്യഗ്രനഖേന ബാഷ്പസലിലം
വിക്ഷിപ്യ വിക്ഷിപ്യ കിം
തൂഷ്ണീം രോദിഷി കോപനേ ബഹുതരം
ഫൂൽകൃത്യ രോദിഷ്യസി
യസ്യാസ്തേ പിശുനോപദേശവചനൈ
ൎമ്മാനേതിഭൂമിം ഗതേ
നിൎവ്വിണ്ണോനുനയം പ്രതി പ്രിയതമോ
മദ്ധ്യസ്ഥതാമേഷ്യതി. (൩൩)

പ്രണയകലഹത്തെ അവലംബിച്ചും നായകന്റെ പ്രവൃത്തിയെക്കുറിച്ചു വിഷാദിച്ചും ഇരിക്കുന്ന നായികയോടു സഖി പറയുന്നു.

അന്തസ്താപേന കണ്ണീർകണിക കരരുഹാ-
ഗ്രത്തിനാൽ നീക്കിനീക്കി-
ക്കിംതൂഷ്ണീം രോഷണേ രോദിഷി? ഭൃശമിനിവാ
വിട്ടു രോദിച്ചിടും നീ
എന്തെന്നാലേഷണിക്കാരുടയ മൊഴികളാ-
ലേറെ നീ മാനമാൎന്നാൽ
കാന്തൻ നിൎവ്വിണ്ണനായ് സാന്ത്വനസരണിയുപേ-
ക്ഷിച്ചുദാസീനനാകും.

കണ്ണീർകണിക=കണ്ണീർത്തുള്ളി.
കരരുഹാഗ്രം=നഖങ്ങളുടെ അററം.
കിം=എന്തിനു.
തൂഷ്ണീം=മിണ്ടാതെ.
രോഷണേ!=കോപിച്ചിരിക്കുന്നവളെ! സംബുദ്ധി.
രോദിഷി=നീ കരയുന്നു- ലട്. മദ്ധ്യമപുരുഷൻ.
ഭൃശം=ഏററവും.
മാനം=ഈർഷ്യാകോപം.
നിർവ്വിണ്ണൻ=ബുദ്ധിമടിച്ചവൻ.
സാന്ത്വനസരണി=സമാധാനപ്പെടുത്തുന്ന സമ്പ്രദായം.

കേരള സാഹിത്യ അക്കാദമി

ദത്തോസ്യാഃ പ്രണയസ്ത്വയൈവ ഭവതൈ-
വേയംചിരംലാളിതാ
ദൈവാദദ്യ കില ത്വമേവ കൃതവാ-
നസ്യാ നവം വിപ്രിയം
മന്യുർദ്ദുസ്സഹ ഏഷ യാത്യുപശമം
നോ സാന്ത്വവാദൈഃസ്ഫുടം
ഹേ നിസ്ത്രിംശ വിമുക്തകണ്ഠകരുണം
താവൽ സഖീ രോദിതു. (൭)

അപ്രിയംചെയ്ത നായകനോടു കലഹിച്ചിരിക്കുന്ന നായികയുടെ മുൻപിൻവച്ചു സഖി നായകനോടു പറയുന്നു.

നീതാൻ സ്നേഹിച്ചു മാനിച്ചിവളെയധികനാ-
ളായി ലാളിച്ചു നീതാൻ
നീതാനേ ചെയ്തുപോലിപ്പൊഴുതു നവമിവൾ-
ക്കപ്രിയം ദൈവയോഗാൽ

ഏതാവൽസങ്കടം ദുസ്സഹമിതു നിയതം
സാന്ത്വനൈശ്ശാന്തമാകാ
ഹാ താവൽകാലമുച്ചൈരകരുണ കരുണം
തോഴി രോദിച്ചിടട്ടേ.

ഏതാവൽ=ഇത്രത്തോളം.
സാന്ത്വനൈഃ=അനുനയവാക്കുകൾകൊണ്ടു്
താവൽകാലം=അതുവരെ.
ഉച്ചൈഃ=ഉറക്കെ.
അകരുണ!=നിർദ്ദയ! സംബുദ്ധി.
കരുണം=ദൈന്യത്തോടെ.

ലിഖന്നാസ്തേ ഭൂമിം ബഹിരവനതഃ പ്രാണദയിതോ
നിരാഹാരാസ്സഖ്യസ്സതതരുദിതോച്ഛൂനനയനാഃ
പരിത്യക്തം സർവ്വം ഹസിത പഠിതം പഞ്ജരശുകൈ-
സ്തവാവസ്ഥാ ചേയം വിസൃജ കഠിനേ മാനമധുനാ. (വൃ)

കലഹാന്തരിതയായ നായികയോടു സഖി പറയുന്നു.

വാഴുന്നൂഴിവരച്ചുകൊണ്ടവനതൻ ബാഹ്യാങ്കണേവല്ലഭൻ
കേഴുന്നു തവ തോഴിമാർ കരകയാൽ കണ്ണൂതിയുണ്ണാതെയും
താഴുംമൌലികളോടു പൈങ്കിളികളും മിണ്ടാതെയായ് നിന്റെയും
തോഴിയീവിധയായവസ്ഥയിനിയുംകാഠിന്യമെന്തിങ്ങനെ?

ബാഹ്യാങ്കണേ=പുറമിറ്റത്തിൽ.
കണ്ണൂതി=കണ്ണുകൾ ഊതിവീർത്തു്.

നാര്യോ മുഗ്ദ്ധശഠാ ഹരന്തി രമണം
തിഷ്ഠന്തി നോ വാരിതാ-

തൽ കിം താമ്യസി കിഞ്ച രോദിഷി പുന-
സ്താസാം പ്രിയം മാ കൃഥാഃ
കാന്തഃ കേളിരുചിർയ്യുവാ സഹൃദയ-
സ്താദൃക് പ്രിയഃ കാതരേ
കിം നോ ബർബ്ബരകർക്കശൈഃ പ്രിയശതൈ-
രാക്രമ്യ വിക്രീയതേ. (൯)

നായകനേ സാന്ത്വനം ചെയ്യുന്നതിനു കുപിതയായ നായികയെ സഖി പ്രോത്സാഹിപ്പിക്കുന്നു.

ത്വന്നാഥം വശ്യനാക്കും സരളശഠകളാം
നാരിമാരേത്തടുക്കാ-
നിന്നാമോ? പിന്നെനീയെന്തിനു ബത കരയു-
ന്നാർത്തയായ് തൽപ്രിയാർത്ഥം?
നന്നായുള്ളോരു ഭർത്താവതിരസികനവൻ
കാതരേ! നീതിരിച്ചി-
ട്ടെന്നാലേനം കഥഞ്ചിൽ പ്രിയശതമതിനാൽ
പാട്ടിലാക്കാത്തതെന്തേ?

തൽപ്രിയാർത്ഥം=ആ നാരിമാരുടെ പ്രീതിക്കായിട്ട്. “നീ കരയുന്നതുകൊണ്ട് അവർ സന്തോഷിക്കും” എന്നു താൽപര്യം.

കാതരേ!=ഭയശീലേ! സംബുദ്ധി.

ഏനം=ഇവനെ.

കോപാൽ കോമളലോലബാഹുലതികാ-
പാശേന ബദ്ധ്വാ ദൃഢം
നീത്വാ മോഹനമന്ദിരം ദയിതയാ
സ്വൈരം സഖീനാം പുരഃ

ഭൂയോപ്യേവമിതി സ്ഖലന്മൃദുഗിരാ
സംസൂച്യ ദുശ്ചേഷ്ടിതം
ധന്യോ ഹന്യത ഏവ നിഹ്നുതിപരഃ
പ്രേയാൻ രുദത്യാ ഹസൻ. (൧൦)

അപരാധിയായ നായകനെ നായിക ശിക്ഷിക്കുന്നപ്രകാരത്തെ കവി വൎണ്ണിക്കുന്നു.

കാലുഷ്യത്തോടു ലോലായിതഭുജലതയാൽ
ഗാഢമാബദ്ധ്യ സായം-
കാലേ കേളീഗൃഹത്തിൽ പ്രിയതമനെനയി-
ച്ചാളിമാർ നോക്കിനില്ക്കേ
"മേലാലീവണ്ണ"മെന്നങ്ങിടറിയരുളിയാ-
ഗസ്സിനെസ്സൂചയിത്വാ
ലോലാക്ഷീ നിഹ്നവോൽകം പ്രഹരതി രുദതീ
ധന്യമേനം ഹസന്തം.

ലോലായിതഭുജലത=നിവിൎത്തു നീട്ടിയ കയ്യ്.

ആബദ്ധ്യ=ബന്ധിച്ചിട്ട്.

ആളിമാർ=തോഴിമാർ.

'മേലാലീവണ്ണം' ഇതു നായികയുടെ അപൂൎണ്ണമായ വചനം- അപൂൎണ്ണമാകയാൽ അധികം ഭംഗി ഉണ്ട്.

ആഗസ്സ്=കുററം.

സൂചയിത്വാ=സൂചിപ്പിച്ചിട്ട്.

നിഹ്നവോൽകം=മറയ്ക്കുന്നതിനു ഉത്സാഹിക്കുന്ന (ഏനം=ഇവനെ)

പ്രഹരതി=പ്രഹരിക്കുന്നു.

രുദതീ=കരയുന്നവൾ.

ധന്യം= } ഭാഗ്യവാനും.
ഹസന്തം= } ചിരിക്കുന്നവനും ആയ (ഇവനെ)

"യാതാഃ കിം നമിളന്തി? സുന്ദരി! പുന-
ശ്ചിന്താ ത്വയാ മൽകൃതെ
നോ കാൎയ്യാ നിതരാം കൃശാസി" കഥയ-
ത്യേവം സ്ബാഷ്പേ മയി
ലജ്ജാമന്ഥരതാരകേണ നിപതൽ-
പീതാശ്രുണാ ചക്ഷുഷാ
ദൃഷ്ട്വാ മാം ഹസിതേന ഭാവിമരണോ-
ത്സാഹസ്തയാ സൂചിതഃ (൧൧)

വിരഹപ്രസക്തിയിൽ നായികയുടെ അവസ്ഥയെ നായകൻ പറയുന്നു.

"പൊയാലിങ്ങായവർ സുന്ദരി ! തിരിയെ വരാ-
റില്ലയൊ? നീയെനിക്കാ-
യായാസപ്പെട്ടിടൊല്ലാ ഭൃശമസി കൃശ"യെ-
ന്നോതവേ ഞാനുദസ്രം
വ്രീയാൽ മന്ദിച്ച കണ്ണീർവരവു കവരുമ-
ക്കണ്ണുകൊണ്ടെന്നെ നോക്കി-
ജ്ജായാ ഹാസത്തിനാൽ ഭാവിനമൊരു മരണോ-
ത്സാഹമാവിഷ്കരിച്ചാൾ.

ഭൃശമസികൃശ=നീ ഏററവും കൃശയായിരിക്കുന്നു.

ഉദസ്രം=ഉൽഗതമായ അസ്രത്തോടു (കണ്ണീരോടു) കൂടും വണ്ണം.

ഭാവിനം=വരാൻഭാവിക്കുന്ന(ഉത്സാഹത്തെ)

തദ്വക്ത്രാഭിമുഖം മുഖം വിനമിതം
ദൃഷ്ടിഃ കൃതാ പാദയോ-
സ്തത്സല്ലാപകുതൂഹലാകുലതരേ
ശ്രോത്രേ നിരുദ്ധേ മയാ
പാണിഭ്യാം ച തിരസ്കൃതസ്സപുളക-
സ്സ്വേദോൽഗമോ ഗണ്ഡയോ-
സ്സഖ്യഃ! കിം കരവാണി യാന്തി ശതധാ
മൽകഞ്ചുളീസന്ധയഃ (൨൨)

നായകനോടു ഈൎഷ്യാകോപത്തെ ഭാവിക്കേണമെന്നുപദേശിച്ച സഖിയോടു മുഗ്ദ്ധയായ നായിക പറയുന്നു.

കാന്തേ മത്സമ്മുഖീനേ വദനമനമയം
കാൽകളിൽ കണ്ണു ചെൎത്തേൻ
പൂന്തേനോലും തദുക്തിശ്രുതികുതുകികളാം
കാതുകൾ ഞാനടച്ചേൻ
സ്വാന്തെ തിങ്ങും വികാരം പ്രകടമധികപോ-
ലം കരാഭ്യാം മറച്ചേൻ
പ്രാന്തേഷു ച്ഛിദ്യതേ കഞ്ചുളിക സഖികളേ !
ഹന്ത ഞാനെന്തു ചെയ്യൂ?.

കാന്തേ മത്സമ്മുഖീനേ=കാന്തൻ എനിക്ക് അഭിമുഖനായിരിക്കും സമയത്തിൽ.

വദനം=മുഖത്തെ.

അനമയം=ഞാൻ നമിപ്പിച്ചു- ലങ്. ഉത്തമപുരുഷൻ.

തദുക്തിശ്രുതികുതുകികൾ=അവൻെറ വാക്കുകളെ കേൾക്കാൻ കൊതിക്കുന്നവ.

സ്വാന്തേ=മനസ്സിൽ.

പ്രകടം=വെളിപ്പെട്ടത്.

അധികപോലം=കപോലങ്ങളിൽ- കവിൾത്തടങ്ങളിൽ വെളിപ്പെട്ട വികാരം രോമാഞ്ചവും സ്വേദവും ആണ്.

കരാഭ്യാം=കരങ്ങൾ കൊണ്ട്.

പ്രാന്തേഷു ച്ഛിദ്യതേ=വിളുമ്പുകളിൽ പൊട്ടുന്നു.

കഞ്ചുളിക=റവുക്ക- പ്രേമാതിശയം നിമിത്തം അന്തർബ്ബൃംഹിതങ്ങളായ സ്തനങ്ങളാൽ റവുക്ക സ്വയമേ പൊട്ടുന്നു എന്നു താൽപര്യം.

“പ്രഹരവിരതൌ മദ്ധ്യേ വാഹ്നസ്തതോപി പരേഥവാ
കിമുത സകലേ യാതേ വാഹ്നി പ്രിയ ! ത്വമിഹൈഷ്യസി”
ഇതി ദിനശതപ്രാപ്യം ദേശം പ്രിയസ്യ യിയാസതോ
ഹരതി ഗമനം ബാലാ വാക്യൈസ്സബാഷ്പഗളജ്ജലൈഃ(൨൩)

പ്രയാണോന്മുഖനായ നായകനെ മുഗ്ദ്ധയായ നായിക നിവാരണം ചെയ്യുന്ന പ്രകാരത്തെ കവി പറയുന്നു.

“വന്നീടാനിവിടെക്കുറേ വഴുകുമൊ? നട്ടുച്ചയായീടുമൊ?
പിന്നീടാസ്തമയമോ? പകൽകഴിയണോ? ചൊല്ലേണമെൻവല്ലഭാ!”
എന്നീവണ്ണമുരച്ചു ഗൽഗദവതി ദേശാന്തരേ പോകുവാ-
നന്നീടും കണവൻെറ യാത്രയെ മുടക്കീടുന്നു മുഗ്ദ്ധാംഗനാ.

ഗൽഗദവതി=തൊണ്ടയ്ക്കു് ഇടച്ചയൊടുകൂടിയവൾ.

കഥമപി സഖി ക്രീഡാ കോപാദ് വ്രജേതി മയോദിതേ
കഠിനഹൃദയസ്ത്യക്ത്വാ ശയ്യാം ബലാൽ ഗത ഏവ സഃ
ഇതി സരഭസധ്വസ്തപ്രേമ്ണി വ്യപേതഘൃണേ സ്പൃഹാം
പുനരപി ഹതവ്രീളം ചേതഃ കരോതി കരോമി കിം. (൨൪)

നായികയധൃഷ്ടനായ നായകന്റെയും തന്റെ മനസ്സിന്റെയും പ്രവൃത്തിയെ സഖിയോടു പറയുന്നു.

കേളീകോപവശാൽ കഥഞ്ചന ഗമി-
ക്കാൻ ഞാൻ കഥിച്ചപ്പൊഴെ-
ക്കാളി!യക്കഠിനൻ കിടക്കയെവെടി-
ഞ്ഞുത്ഥായ മണ്ടീടിനാൻ
കേളീ നിൎമ്മമനായ നിഷ്കരുണനിൽ
ചെല്ലുന്നു ചിത്തം ഹത-
വ്രീളീഭൂതമിതാഗ്രഹത്തൊടിനിയും
വല്ലാഴ്മ ചൊല്ലാവതോ?.

കേളീകോപം=പ്രണയകലഹം.
കഥഞ്ചന=പണിപ്പെട്ടു്.
ഉത്ഥായ=എഴുന്നേററു്
കേളീ=കേ൦ ഠരം.
നിൎമ്മമൻ=സ്നേഹമില്ലാത്തവൻ.
ഹതവ്രീളീഭൂതം=ഹതവ്രീളമായി (ലജ്ജയില്ലാത്തതായി) ഭവിച്ചതു്.

ദംപത്യോൎന്നിശി ജല്പതോൎഗ്ഗൃഹശുകേ-
നാകൎണ്ണിതം യദ്വച-
സ്തൽ പ്രാതൎഗ്ഗുരുസന്നിധൌ നിഗദത-
സ്തസ്യാതിമാത്രം വധൂഃ
കൎണ്ണാലംബിതപത്മരാഗശകലം
വിന്യസ്യ ചഞ്ചൂപുടെ
വ്രീളാൎത്താ വിദധാതി ദാഡിമഫല-
വ്യാജേന വാഗ്ബന്ധനം (൨൫)

രാത്രിയിൽ നായികാനായകന്മാർ പറഞ്ഞ വാക്കുകളെ രാവിലെ വിളിച്ചു പറയുന്ന കിളിയെ നായിക തടുക്കുന്ന പ്രകാരത്തെ കവി വർണ്ണിക്കുന്നു.

രണ്ടാളും രാത്രിയിൽ ചേർന്നരുളിയ മൊഴിതാൻ
സന്നിധാനേ ഗുരൂണാം
കൊണ്ടാടിക്കൊഞ്ചിയാമ്രേഡിതമൊടുഷസി ചൊ-
ല്ലുന്ന കേളീശുകത്തെ
മിണ്ടാതാക്കുന്നു ചഞ്ചൂപുടനികടമതിൽ
കർണ്ണികാപത്മരാഗം
വണ്ടാർപൂവേണി കാണിച്ചവനതവദനാ
ദാഡിമീബീജദംഭാൽ.

ഗുരൂണാം സന്നിധാനേ=ഗുരുക്കളുടെ സന്നിധിയിൽ.

ആമ്രേഡിതം=പിന്നെയും പിന്നെയും ആവൃത്തി.

ഉഷസി=പ്രഭാതത്തിൽ.

ചഞ്ചൂപുടനികടം=ചഞ്ചൂപുടത്തിന്റെ (കൊക്കിന്റെ) നികടം (സമീപം.)

കർണ്ണികാപത്മരാഗം=കർണ്ണാലങ്കാരമായ പത്മരാഗരത്നം

അവനതവദനാ=ലജ്ജകൊണ്ടു താഴ്ന്നതായ മുഖത്തോടുകൂടിയവൾ.

ദാഡിമീബീജദംഭാൽ=ദാഡിമിയുടെ(മാതളംപഴത്തിന്റെ)ബീജം (കുരു) എന്ന ദംഭത്തോടെ (വ്യാജത്തോടെ)

അജ്ഞാനേന പരാങ്മുഖീം പരിഭവാ-
ദാശ്ലിഷ്യ മാം ദുഃഖിതാം
കിം ലബ്ധം ശഠ! ദുർന്നയേന നയതാ
സൌഭാഗ്യമേതാം ദശാം
പശ്യൈതദ്ദയിതാകുചവ്യതികരാ-
സക്താംഗരാഗാരുണം

വക്ഷസ്സു മമ തൈലപങ്കമലിനൈ-
വേണീപദൈരംകിതം (൨൮)

സ്വാപരാധത്തെ മറച്ചുംകൊണ്ട് അറിയാതെ പുറകിൽ വന്ന് ആലിംഗനംചെയ്യു നായകനോടു നായിക മുള്ളുപറയുന്നു.

വിശ്വാസക്കേടിനാലിജ്ജനമനഭിമുഖം
പിന്നിലോക്കാതെ വന്നി-
ങ്ങാശ്ലേഷിച്ചെന്തു കിട്ടീ തവ കിതവ! ഫലം
സൌഭഗഭ്രംശമെന്യേ?
പശ്യേദം പ്രേയസീപൊർമുലയിണയിലെഴും-
കുങ്കുമാലംകൃതം മൽ-
കൈശ്യേ തങ്ങും മെഴുക്കാലതിവികൃതമഴ-
ക്കേറിടും മാറിടം തേ.

ആശ്ലേഷിക്ക=ആലിംഗനംചെയ്ക.
കിതവ!=ധൂർത്ത! സംബുദ്ധി.
സൌഭഗഭ്രംശം=സൌഭാഗ്യത്തിൻെറ ഹാനി.
പശ്യേദം=ഇദം=ഒരം(നിൻെറ മാറിടത്തെ) പശ്യ=നോക്ക്.
പ്രേയസീപോർമുലയിണയിലെഴും കുങ്കുമാലംകൃതം=പ്രേയസിയുടെ (സപത്നിയുടെ) പോർമുലയിണയിൽ ഉള്ള കുങ്കുമത്താൽ അലങ്കരിക്കപ്പെട്ടത്.
മൽകൈശ്യേ=എൻെറ കേശസമൂഹത്തിൽ.
അതിവികൃതം=ഏററവും വഷളായത്.

ഏകത്രാസനസംഗതിഃ പരിഹൃതാ പ്രത്യുൽഗമാദ് ദൂരത-
സ്താംബൂലാനയനച്ഛലേന രഭസാശ്ലേഷോപി സംവിഘ്നിതഃ
ആലാപോപി ന മിശ്രിതഃ പരിജനം വ്യാപാരയന്ത്യാന്തികേ
കാന്തം പ്രത്യുപചാരതശ്ചതുരയാ കോപഃ കൃതാർത്ഥീകൃതഃ (൨൯)

അപരാധിയായ നായകനെ നായിക സാമർത്ഥ്യം കൊണ്ടു ഖേദിപ്പിക്കുന്ന പ്രകാരത്തെ കവി പറയുന്നു.

ദൂരാൽപ്രത്യുദ്വ്രജന്തീ വസതി പരിഹരി-
ച്ചീടിനാളേകമഞ്ചേ
സ്വൈരാശ്ലേഷായ വീടിപ്രണയനകപട-
ത്താൽ കൊടുത്തില്ല തക്കം
ചേരാതാക്കീടിനാളുക്തികൾ സഖികളൊടായ്
കൃത്യമൊരൊന്നു ചൊല്ലി-
ധീരാ സൽകാരഭംഗ്യാ ദയിതനൊടു ഫലി-
പ്പിച്ചു തൻപ്രേമകോപം.

പ്രത്യുദ്വ്രജന്തീ=എതിരേല്ക്കുന്നതിനായി എണീക്കുന്നവൾ.

വസതി=ഇരിപ്പിനെ- 'പരിഹരിച്ചീടിനാൾ' എന്നതിന്റെ കർമ്മം.

ഏകമഞ്ചേ=ഒരേ കട്ടിലിൽ.

സ്വൈരാശ്ലേഷായ=സ്വൈരമാകുംവണ്ണം ഉള്ള ആലിംഗനത്തിനായിട്ട്. 'തക്കം കൊടുത്തില്ല' എന്നന്വയം.

വീടിപ്രണയനകപടം=വെററിലച്ചുരുൾ തെയ്യാറു ചെയ്ക എന്ന വ്യാജം.

ദൃഷ്ട്വൈകാസനസംഗതേ പ്രിയതമേ
പശ്ചാദുപേത്യാദരാ-
ദേകസ്യാ നയനേ പിധായ വിഹിത-
ക്രീഡാനുബന്ധച്ഛലഃ
തിര്യഗ്വക്രിതകന്ധരസ്സപുളക-
പ്രേമോല്ലസന്മാനസാ-
മന്തർഹാസലസൽകപോലഫലകാം
ധൂർത്തോപരാം ചുംബതി. (൫൨)

ധൂൎത്തനായ നായകൻ രണ്ടു നായികകളോടു പ്രവൎത്തിച്ച തിനെ കവി വൎണ്ണിക്കുന്നു.

കണ്ടിട്ടേകാസനത്തിൽ പ്രിയകളിരുവരെ-
ప్పിന്നിലെത്തി പ്രമോദാൽ
കണ്ടിക്കാർകുന്തലാളാമൊരുവാംമിഴികളേ
മൂടി ലീലാഛലേന
തൊണ്ടിക്കിണ്ടൽകൊടുക്കുന്നധരയപരയെ-
ക്കണ്ഠമിഷൽതിരിച്ചു-
ക്കൊണ്ടിഷ്ടാവാപ്തിഹൃഷ്ടാം കിതവനതിരസം
പൂണ്ടു ചുംബിച്ചിടുന്നു.

ലീലാഛലേന=ലീല (വിനോദം) എന്ന ഛലത്തോടെ (വ്യാജത്തോടെ). 'കണ്ടിക്കാർ കുന്തലാൾ' എന്നും 'തൊണ്ടിക്കിണ്ടൽകൊടുക്കുന്നധര' എന്നും ഉള്ള വിശേഷണങ്ങൾ ഒരുത്തിയെ പിന്നിൽ ചെന്നു കണ്ണുപൊത്തുന്നതിനും മററവളെ ചുംബിക്കുന്നതിനും ഉള്ള കാരണങ്ങളെ കാണിക്കുന്നു.

കണ്ഠം=കഴുത്തു.

ഈഷൽ=അല്പം.

ഇഷ്ടാവാപ്തിഹൃഷ്ടാം=ഇഷ്ടത്തിന്റെ ലാഭംകൊണ്ടു സന്തുഷ്ടയായ (അപരയെ)

ചരണപതനപ്രത്യാഖ്യാനാൽ പ്രസാദപരാങ്മുഖേ
നിഭൃതകിതവാചാരേത്യുക്ത്വാ രുഷാ പരുഷീകൃതേ
വ്രജതി രമണേ നിശ്ശ്വസ്യോച്ചൈസ്സ്തനാഹിതഹസ്തയാ
നയനസലിലക്ലിന്നാ ദൃഷ്ടിസ്സഖീഷു നിപാതിതാ (൫൩)

സഖികളുടെ ഉപദേശത്താൽ നടിച്ച ഈൎഷ്യാകോപം കൊണ്ടു നായികക്കുണ്ടായ ഇച്ഛാഭംഗത്തെ കവി പറയുന്നു.

ഭള്ളില്ലാതെ നമസ്കരിച്ചതുമുപേ
ക്ഷിക്കെപ്രസാദാശയെ-
ത്തള്ളിത്തൻ ദയിതൻ നിഗ്രൂഢകിതവാ-
ചാരേതി ദ്വാക്കിനാൽ
ഉള്ളിൽ കോപമിയന്നു പോകുമളവിൽ
കൈവെച്ചു പോർകൊങ്കയിൽ
പുള്ളിപ്പേടമൃഗാക്ഷി നോക്കി നെടുവീ-
ർപ്പോടുൽകടാസ്രാ സഖീഃ.

പ്രസാദാശ=പ്രസാദിപ്പിക്കുന്നതിനുള്ള ആശ.

നിഗ്രൂഢകിതവാചാര=നിഗ്രൂഢമായ (മറച്ചുവച്ചിരിക്കുന്ന) കിതവാചാരം (ധൂർത്തവൃത്തി) ഉള്ളവനേ! ഇതു നായകനെ ഉദ്ദേശിച്ചുള്ള സംബുദ്ധി ആകുന്നു.

ഉൽകടാസ്രാ=ഉൽകടമായ (അധികമായ) അസ്രത്തോടു (കണ്ണുനീരോടു) കൂടിയവൾ.

സഖീഃ=സഖികളെ. നോക്കി എന്നതിന്റെ കർമ്മം.

കാഞ്ച്യാഗാഢതരാവബദ്ധവസന-
പ്രാന്താ കിമർത്ഥം പുന-
ർമ്മുഗ്ദ്ധാക്ഷീ സ്വപിതീതി തൽപരിജനം
സ്വൈരം പ്രിയേ പൃച്ഛതി
മാതസ്സുപ്തിമപീഹ ലുംപതി മമേ-
ത്യാരോപിതക്രോധയാ
പര്യസ്യ സ്വപനച്ഛലേന ശയനേ
ദത്തോവകാശസ്തയാ. (൨൦)

പ്രണയകലഹം നടിക്കാൻ സഖികളാൽ ഉപദേശിക്കപ്പെട്ട നായിക അവരിൽനിന്നുള്ള ശങ്കകൊണ്ടും നായകനിൽ ഉള്ള പ്രേമംകൊണ്ടും കാണിച്ച പ്രവൃത്തിയെ കവി പറയുന്നു.

ചുമ്മാതെന്തേ പടാന്തം ദൃഢതരമരഞ്ഞാൺ-
കൊണ്ടു ബന്ധിച്ചുറങ്ങു-
ന്നിമ്മാൻകണ്ണാളിവണ്ണം പ്രിയനവളുടെയാ-
ളോടു മന്ദം വദിക്കേ
അമ്മാ! യിമ്മാമുറങ്ങുന്നതിനുമനുവദി-
ക്കുന്നതില്ലെന്നു കോപി-
ച്ചമ്മാറമ്മെത്തയിൽത്താൻ ഛലമൊടവൾ തിരി-
ഞ്ഞൊട്ടിടം വിട്ടുവന്നായ്.

പടാന്തം=വസ്ത്രത്തിന്റെ അററം.
ഇമ്മാം=ഇമം, മാം (എന്നെ)
ഛലം=വ്യാജം.

ഏകസ്മിഞ്ഛയനേ പരാങ്മുഖതയാ
വീതോത്തരം താമ്യതോ-
രന്യോന്യസ്യ ഹൃദി സ്ഥിതേപ്യനുനയേ
സംരക്ഷതോർഗ്ഗൌരവം
ദംപത്യോശ്ശനകൈരപാംഗവലനാ-
ന്മിശ്രീഭവച്ചക്ഷുഷോ-
ർഭഗ്നോ മാനകലിസ്സഹാസരഭസ-
വ്യാവൃത്തകണ്ഠഗ്രഹം. (൨൭)

അന്യോന്യം പ്രണയകോപത്തെ നടിച്ചു കിടന്ന നായികാനായകന്മാരുടെ കോപം മാറിയ പ്രകാരത്തെ കവി പറയുന്നു.

ഉൾക്കോപത്തോടൊരേ മെത്തയിലനഭിമുഖം
തമ്മിൽ മിണ്ടാതെ ഭാൎയ്യാ-
ഭൎത്താക്കന്മാരു തൻഗൌരവമതിനെ വിടാ-
തേ പണിപ്പെട്ടിരിക്കേ

ചിന്താസംഗേന മന്ദം മിഴികളിടകല-
ർന്നോരു നേരം ക്ഷണത്താ-
ലുൾത്താരിൽ തിന്ന കേളീകലഹമിരുവരും
ചേൎന്നു കെട്ടിപ്പുണൎന്നാർ.

ചിന്താസംഗേന=ചിന്തത്തിന്റെ(മനസ്സിന്റെ) ആസംഗം(ഇണക്കം) കൊണ്ടു്.

പശ്യാമോ മയി കിം പ്രപദ്യത ഇതി
സ്ഥൈൎയ്യം മയാലംബിതം
കിം മാം നാലപതീത്യയം ഖലു ശഠഃ
കോപസ്തയാപ്യാശ്രിതഃ
ഇത്യന്യോന്യവിലക്ഷദൃഷ്ടിചതുരേ
തസ്മിന്നവസ്ഥാന്തരേ
സവ്യാജം ഹസിതം മയാ ധൃതിഹരോ
മുക്തസ്തു ബാഷ്പസ്തയാ. (൨൨)

അന്യോന്യം നായികാനായകന്മാർ സംസാരിക്കാതെ ഇരിക്കയും പെട്ടെന്നു നായകൻ ചിരിക്കയും ചെയ്യുമ്പോളുണ്ടായ നായികയുടേ അവസ്ഥയെ നായകൻ പറയുന്നു.

കണ്ടീടാമെന്നൊടെന്താണിവളുടെ വിധമെ-
ന്നോൎത്തു ഞാൻ പാൎത്തിരുന്നേൻ
മിണ്ടീടുന്നില്ലിതെന്നെന്നൊടു ശഠനിതി മൽ-
കാന്തയും കോപമാൎന്നാൾ
അവ്യാപാരം മിഥോവീക്ഷണചതുരമതാ-
മായവസ്ഥാന്തരത്തിൽ
സവ്യാജം ഞാൻ ചിരിച്ചേനവൾ മമ ധൃതി പോ-
കും പ്രകാരം കരഞ്ഞാൾ.

അവ്യാപാരം=വ്യാപാരം ഒന്നും ഇല്ലാതെ.

മിഥോവീക്ഷണചതുരം=മിഥഃ (അന്യോന്യം) വീക്ഷണം (നോട്ടം) കൊണ്ടു് ചതുരം (രമണീയം)

ധൃതി=ധൈൎയ്യം.

ഏകസ്മിഞ്ശയനേ വിപക്ഷരമണീ-
നാമഗ്രഹേ മുഗ്ദ്ധയാ
സദ്യഃ കോപപരാങ്മുഖഗ്ലപിതയാ
ചാടൂനി കുൎവ്വന്നപി
ആവേഗാദവധീരിതഃ പ്രിയതമ-
സ്തൂഷ്ണീം സ്ഥിതസ്തൽക്ഷണാ-
ന്മാഭൂത്സുപ്ത ഇവേത്യമന്ദവലിത-
ഗ്രീവം പുനൎവ്വീക്ഷിതം. (൭൩)

നായകനെ കുറിച്ചു പെട്ടെന്നു തോന്നിയ കോപത്തെ പ്രണയാതിശയത്താൽ നായിക ത്യജിച്ച പ്രകാരത്തെ കവി പറയുന്നു.

അദ്ധ്യാസിച്ചേകശയ്യാം പതി പരതരുണീ-
പേരു ചൊന്നോരു നേരം-
ത്തദ്ധാ കോപാൽ തിരിഞ്ഞോരവളൊടനുനയാ-
ൎത്ഥം പറഞ്ഞോരു വാക്യം
ബദ്ധാവേഗം ഗണിച്ചില്ലവളവനുമട-
ങ്ങിക്കിടന്നാനുടൻ സാ
മുഗ്ദ്ധാ വീക്ഷിച്ചുറങ്ങീടരുതിവനിതി സോൽ-
കണ്ഠമാവൃത്തകണ്ഠാ.

അദ്ധ്യാസിച്ചേകശയ്യാം=ഒരേ മെത്തയിൽ ഇരുന്നു്

പരതരുണീപേരു=സപത്നിയുടെ പേരു.

അദ്ധാ=ഉടൻ.

അനുനയാൎത്ഥം=സമാധാനപ്പെടുത്തുന്നതിന്നായി

അക്കാദമി

ബദ്ധാവേഗം=ആവേഗത്തോടെ(സംഭ്രമത്തോടെ)

മുഗ്ദ്ധാ=ബുദ്ധിക്കു സാമൎത്ഥ്യം വന്നിട്ടില്ലാത്തവൾ.

സോൽകണ്ഠം=ഉൽകണ്ഠയോടെ(ഉത്സുകതയോടെ)

ആവൃത്തകണ്ഠാ=ആവൃത്തമായ(പിൻതിരിക്കപ്പെട്ടതായ) കണ്ഠത്തൊടു കൂടിയവൾ.

തസ്യാസ്സാന്ദ്രവിലേപനസ്തനതട-
പ്രശ്ലേഷമുദ്രാങ്കിതം
കിം വക്ഷശ്ചരണാനതിവ്യതികര-
വ്യാജേന ഗോപായ്യതേ
ഇത്യുക്തേ ക്വ തദിത്യുദീൎയ്യ സഹസാ
തൽ സംപ്രമാൎഷ്ടും മയാ
സാശ്ലിഷ്ടാ രഭസേന തത്സുഖവശാ-
ത്തന്വ്യാപി തദ്വിസ്മൃതം (൨൮)

സ്വാപരാധത്താൽ കുപിതയായ നായികയെ സാമൎത്ഥ്യം കൊണ്ടു മോഹിപ്പിച്ച പ്രകാരത്തെ നായകൻ പറയുന്നു.

കുന്നേലുംകൊങ്കയാളാമവളുടെ പരിരം-
ഭാങ്കമാൎന്നോരു വക്ഷഃ-
സ്സിന്നേരത്തെന്തിനംഘ്രിപ്രണമനകപടാൽ
ഗോപനം ചെയ്തിടുന്നു?
എന്നേവം തന്വി ചൊന്നാളുടനതെവിടെ?യെ-
ന്നായതേ മായ്ക്കുവാനാ-
യൊന്നേണാക്ഷിം പുണൎന്നേൻ ദൃഢമവളുമതേ-
ത്തദ്രസത്താൽ മറന്നാൾ.

പരിരംഭാങ്കം=പരിരംഭം (ആലിംഗനം) കൊണ്ടുള്ള അങ്കം (പാട്)

വക്ഷസ്സ് =മാറിടം.

അംഘ്രിപ്രണമനകപടാൽ=അംഘ്രികളിൽ (കാൽക്കൽ) പ്രണമനം (നമസ്കാരം) എന്നുള്ള കപടത്തോടെ.

ഗോപനംചെയ്ക=മറയ്ക്ക.

ത്വം മുഗ്ദ്ധാക്ഷി വിനൈവ കഞ്ചുളികയാ
ധത്സേ മനോഹാരിണീം
ലക്ഷ്മീമിത്യഭിധായിനി പ്രിയതമേ
തദ്വീണികാസംസ്പൃശി
ശയ്യോപാന്തനിവിഷ്ടസസ്മിതവധൂ-
നേത്രോത്സവാനന്ദിതോ
നിർയ്യാതശ്ശനകൈരളീകവചനോ-
പന്യാസമാളീജനഃ. (൨൫)

ക്രീഡാതരളനായ നായകന്റെ ചേഷ്ടയേയും സഖികളുടെ തൽക്കാലോചിതപ്രവൃത്തിയെയും കവി പറയുന്നു.

മയ്യേൽക്കണ്ണി! നിനക്കേറ്റമൊരഴക മുലക്കച്ച കൂടാതെ തന്നേ
പൊയ്യല്ലെന്നോതി മെല്ലെ പ്രിയതമനതിലേ-
ക്കെട്ടു തൊട്ടീടുമപ്പോൾ
ശയ്യയ്ക്കാരാലിരിക്കും സുമുഖിയുടെ മുഖം
നോക്കിയാനന്ദമോടേ
പയ്യപ്പോയിടിനാരാളികൾ വെളിയിലളീ-
കങ്ങളോരോന്നു ചൊല്ലി.

ആരാൽ=സമീപത്തിൽ.

അളീകങ്ങൾ=വ്യാജങ്ങൾ.

ഭ്രൂഭംഗേ രചിതേപി ദൃഷ്ടിരധികം
സോൽകണ്ഠമുദ്വീക്ഷതേ
രുദ്ധായാമപി വാചി സസ്മിതമിദം
ദഗ്ദ്ധാനനം ജായതേ
കാൎക്കശ്യം ഗമിതേപി ചേതസി തനൂ-
രോമാഞ്ചമാലംബതേ
ദൃഷ്ടേ നിൎവ്വഹണം ഭവിഷ്യതി കഥം
മാനസ്യ തസ്മിൻ ജനേ. (൨൩)

ഈൎഷ്യാകോപത്തെ നടിക്കാൻ സഖികളാൽ ഉപദേശിക്കപ്പെട്ട നായിക തന്റെ അശക്തതയെക്കുറിച്ച് അവരോടു പറയുന്നു.

കേരള സാഹിത്യ അക്കാദമി

വല്ലാതാക്കിച്ചുളുക്കാം പുരികമപിതു ക-
ണ്ണാസ്ഥയാ നോക്കിടുന്നു
സല്ലാപത്തേത്തടുക്കാം തദപി ഹതമിദം
സ്മേരമാകുന്നു വക്ത്രം
ഇല്ലാതാക്കാം മൃദുത്വം ഹൃദി പുളകിതമാ-
കുന്നിതെന്നാലുമംഗം
ചൊല്ലാമായാളിനേക്കാണുകിലതിവിഷമം
തന്നെ മാനം നടിപ്പാൻ.

അപിതു=എന്നാലും.
ഹതം=നാണംകെട്ട (വക്ത്രം)
സ്മേരം=സ്മിതത്തോടു കൂടിയതു.
വക്ത്രം=മുഖം.
ഹൃദി=മനസ്സിൽ.
പുളകിതം=പുളകം (രോമാഞ്ചം) ഉണ്ടായതു.

പ്രാണേശപ്രണയാപരാധസമയേ സഖ്യോപദേശം വിനാ
നോ ജാനാതി സവിഭ്രമാംഗവലനാവക്രോക്തിസംസൂചനം
സ്വച്ഛൈരച്ഛകപോലമൂലഗളിതൈഃ പൎയ്യസ്തനേത്രോൽപലാ
ബാലാ കേവലമേവ രോദിതി ലുഠല്ലോലാളകൈരശ്രുഭിഃ (൩൭)

അപരാധിയായ നായകനിൽ ഏതുവിധം പ്രവൎത്തിക്കേണമെന്ന് അറിയാൻ വഹിയാത്ത ബാലയായ നായികയെ കവി വൎണ്ണിക്കുന്നു.

കാന്തൻ വിപ്രിയമാചരിക്കുമളവിൽ കാലുഷ്യമാൎന്നീൎഷ്യയാ
കാട്ടും ചേഷ്ടകളും മുള്ളുവാക്കുകളിവറ്റോളിടെ കോളെന്നിയെ
കൌശല്യം കലരാതെ ബാലിക കരഞ്ഞീടുന്നു ഹാ കേവലം
കണ്ണീർകൊണ്ടു കപോലപാളി കഴുകിക്കല്യാണി കാവേണിയാൾ.

വിപ്രിയം=അപ്രിയം.

കൌശല്യം=സാമൎത്ഥ്യം.

കപോലപാളി=കവിൾത്തടം.

ഭവതു വിദിതം വ്യൎത്ഥാലാപൈരലം പ്രിയ ഗമ്യതാം
തനുരപി ന തേ ദോഷോസ്മാകം വിധിസ്തു പരാങ്മുഖഃ
തവ യദി തഥാരൂഢം പ്രേമ പ്രപന്നമിമാം ദശാം
പ്രകൃതിതരളേ കാ നഃ പീഡാ ഗതേ ഹതജീവിതേ (൩൮)

അപരാധിയായ നായകനെ നായിക ഭൎത്സിക്കുന്നു.

ആകട്ടേ വിവരം ഗ്രഹിച്ചു മതി വിൺ-
വാക്യങ്ങളും പോകാം പ്രിയാ!
ദോഷം നിന്നിലശേഷമില്ല വിധി താ-
നെന്നിൽ ധൃതദ്വേഷനായ്
അവ്വണ്ണം വലുതായ് വളൎന്നൊരു തവ
പ്രേമാവതിച്ഛിന്നമാ-

യെന്നാലീ ഹതജീവിതം വിടുവതിൽ
കില്ലില്ല മേ തെല്ലുമേ.

വീൺവാക്യങ്ങൾ=വ്യൎത്ഥങ്ങളായ വാക്യങ്ങൾ.

ധൃതദ്വേഷൻ=ദ്വേഷത്തോടു കൂടിയവൻ.

പ്രേമാവ്=പ്രേമം (സ്നേഹം)

ഹതജീവിതം=കെട്ട ജീവൻ.

ഉരസി നിഹിതസ്താരോ ഹാരഃ കൃതാ ജഘനേ ഘനേ
കളകളവതീ കാഞ്ചീ പാദൌ രണന്മണിനൂപുരൌ
പ്രിയമഭിസരസ്യേവം മുഗ്ദ്ധേ ത്വമാഹതഡിണ്ഡിമാ
യദി കിമധികത്രാസോൽകമ്പാ ദിശസ്സമുദീക്ഷസേ. (൩൯)

അഭിസാരത്തിനു അനുരൂപമായ വേഷത്തോടെ പ്രിയനെ അഭിസരിക്കാൻ ഭാവിക്കയും ശങ്കിച്ചു ചുററും നോക്കുകയും ചെയ്യുന്ന നായികയോടു സഖി ചോദിക്കുന്നു.

താരം ഹാരമുരസ്സിലും കളകളം തഞ്ചുന്ന കാഞ്ചീഗുണം
സ്ഫാരശ്രീജഘനത്തിലും മുഖരമാമിത്തണ്ട കാൽത്താരിലും
സ്വൈരം ചേൎത്തു തമുക്കടിച്ചഭിസരിക്കാൻ പോകയാണെങ്കിലി-
ന്നേരം പാരമുഴന്നു ദിക്കുകളയേ! നോക്കുന്നതെന്തിന്നു നീ?.

താരം ഹാരം=നിൎമ്മലമായ മുത്തുമാല.

കളകളം=മധുരമായ കിലുക്കം.

കാഞ്ചീഗുണം=അരഞ്ഞാൺ.

സ്ഫാരശ്രീജഘനം=സ്ഫാരയായ (പ്രവൃദ്ധയായ) ശ്രീയോടു കൂടിയ ജഘനപ്രദേശം.

മുഖരം=ശബ്ദിക്കുന്നത്.

തമുക്കടിച്ച്=കൊട്ടി ഘോഷിക്കുന്നതുപോലെ ഉള്ള ഒരുക്കങ്ങളൊടു കൂടെ.

പ്രാതഃ പ്രാതരുപാഗതേന ജനിതാ നിൎന്നിദ്രതാ ചക്ഷുഷോ-
ൎമ്മന്ദായാ മമ ഗൌരവവ്യപനയാദുൽപാദിതം ലാഘവം
കിം മുഗ്ദ്ധേന കൃതം ത്വയാ മരണഭ്യുക്താ മയാ ഗമ്യതാം
ദുഃഖം തിഷ്ഠസി യച്ച പത്ഥ്യമധുനാ കൎത്താസ്മി തച്ഛ്രോഷ്യസി(൨൦)

അപരാധിയായ നായകനോടു കുപിതയായ നായിക മുള്ള പറയുന്നു.

എത്തിക്കാലത്തുകാലത്തരികിൽ മിഴികളേ
നിദ്രയില്ലാതെയാക്കി-
പ്പോക്കിച്ചേൻ ഗൌരവത്തെസ്സരളഹൃദയയാ-
മെന്നെനീ പാട്ടിലാക്കി
മുഗ്ദ്ധൻനീയെന്തുചെയ്തു? മൃതിഭയമതു ഞാൻ
വിട്ടു പോയ്ക്കൊൾക കഷ്ട-
പ്പെട്ടീടേണ്ടാചരിപ്പേൻ ഹിതമതുമുടനേ
കേൾക്കുമാറാകുമേ നീ.

മൃതിഭയം=മരണഭയം.

ഹിതം=എനിക്കു പത്ഥ്യമായതു് - ദേഹത്യാഗം എന്നു താൽപര്യം.

പ്രസ്ഥാനം വലയൈഃ കൃതം പ്രിയസഖൈ-
രസ്രൈരജസ്രം ഗതം
ധൃത്യാ ന ക്ഷണമാസിതം വ്യവസിതം
ചിത്തേന ഗന്തും പുരഃ
യാതും നിശ്ചിതചേതസി പ്രിയതമേ
സൎവ്വൈസ്സമം പ്രസ്ഥിതം
ഗന്തവ്യേ സതി ജീവിത പ്രിയസുഹൃ-
ത്സാൎത്ഥഃ കിമുത്സൃജ്യതേ. (൨൧)

നായകൻ പ്രയാണോന്മുഖനായപ്പോഠം നായിക പ്രാണത്യാഗത്തിൽ വ്യവസിതയായിട്ട് തന്റേ ജീവനേ സംബോധനം ചെയ്തു പറയുന്നു.

സ്ഥൈൎയ്യം വിട്ടങ്ങുപോയീ വളകളിടവിടാ-
തശ്രു നിൎയ്യാതമായീ
ധൈൎയ്യം നിന്നില്ല തെല്ലും മനമതു ഗമനം
നിശ്ചയിച്ചു നടേതാൻ
പോകാൻ ഭൎത്താവുറച്ചോരളവതിലൊരുമി-
ച്ചേവരും നിൎഗ്ഗമിച്ചു
പോകേണ്ടും നേരമെൻജീവിത ! ബത വെടിയു-
ന്നെന്തു ചങ്ങാതിമാരേ ?

നിൎയ്യാതം=നിൎഗ്ഗതം, പോയത്.

സുപ്തോയം സഖി സുപ്യതാമിതി ഗതാ-
സ്സഖ്യസ്തതോനന്തരം
പ്രേമാവേശിതയാ മയാ തരളയാ
ന്യസ്തം മുഖം തന്മുഖേ
ജ്ഞാതേളീകനിമീലനേ നയനയോ-
ൎദ്ധൂൎത്തസ്യ രോമാഞ്ചതോ
ലജ്ജാസീന്മമ തേന സാപ്യപഹൃതാ
തൽകാലയോഗ്യൈഃ ക്രമൈഃ. (൩൨)

നായകനിൽ പ്രേമാതിശയത്താൽ നായിക താൻ ചെയ്ത ചാപല്യത്തെ തന്റെ ഇഷ്ടസഖിയോടു പറയുന്നു.

ശ്രീമാൻ ഭൎത്താവുറങ്ങി സഖി ! ഭേതിയുറ-
ങ്ങെന്നു ചൊന്നാളിമാർ പോയ്
പ്രേമാവേശന ചേൎത്തേൻ തദനു തരളയായ്
തന്മുഖേ മന്മുഖത്തെ

രോമാഞ്ചാലോകനത്താൽ കിതവകൃതകനി-
ദ്രാമറിഞ്ഞോരു നേരം
ഹ്രീമാന്ദ്യം മേ ഭവിച്ചായതുമവനുചിത-
പ്രക്രമത്താലമർത്താൻ.

കിതവകൃതകനിദ്രാം=കിതവന്റെ (ധൂർത്തന്റെ) കൃതകനിദ്രയെ (കള്ളമായ ഉറക്കത്തെ)

ഉചിതപ്രക്രമം=ഉചിതമായ പ്രക്രമം (ആരംഭം) ചുംബനാദി എന്നു താൽപര്യം.

കോപോ യത്ര ഭ്രുകുടിരചനാ വിഗ്രഹോ യത്ര മൌനം
യത്രാന്യോന്യസ്മിതമനുനയോ ദൃഷ്ടിപാതഃ പ്രസാദഃ
തസ്യ പ്രേമ്ണസ്തദിദമധുനാ വൈശസം പശ്യ ജാതം
ത്വം പാദാന്തേ ലുഠസി നച മേ മന്യുമോക്ഷഃ ഖലായാഃ (൩൩)

നായകന്റെ കഠിനാപരാധത്താൽ കുപിതയായ നായിക നായകനോടു പറയുന്നു.

ഉൾപ്പൂവിൽ കോപമപ്പോൾ ഭ്രുകുടിഘടന താൻ
ശണ്ഠ മിണ്ടാവ്രതം താ-
നല്പം തമ്മിൽ സ്മിതം താനനുനയമൊരു ദൃക്-
പാതമാത്രം പ്രസാദം
അപ്രേമാവിപ്പൊഴോർത്തീടുക വിഷമതയേ
പ്രാപ്തമായിപ്രകാരം
മൽപാദേ നീ കിടക്കുന്നഹഹ! കനിവുമി-
ല്ലൊട്ടുമേ ദുഷ്ടയാം മേ.

ഭ്രുകുടിഘടന=പുരികം ചുളുക്കുക
മിണ്ടാവ്രതം=മിണ്ടാതെ ഇരിക്ക എന്നുള്ള വ്രതം
ദൃക്പാതം=ദൃക്കിന്റെ പാതം (കടാക്ഷം)

അപ്രേമാവ്=അശ്വേഷമെല്ലാം ഇരുന്ന പ്രേമം
മൽപാദേ=എന്റെ കാല്ക്കൽ.

സുതനു ജഹിഹി മൌനം പശ്യ പാദാനതം മാം
ന ഖലു തവ കദാചിൽ കോപ ഏവംവിധോഭൂൽ
ഇതി നിഗദതി നാഥേ തിൎയ്യഗാമീലിതാക്ഷ്യാ
നയനജലമനല്പം മുക്തമുക്തം ന കിഞ്ചിൽ (൩൪)

കുപിതയായ നായികയുടെയും സമാധാനപ്പെടുത്തുന്ന നായകന്റെയും സ്ഥിതിയെ കവി പറയുന്നു.

മതി മതിമുഖി! മൌനം കാൺക ഞാൻ കാല്ക്കൽ വീണേൻ
മതിയതിലിതുപോൽ തേ ജാതു ജാതം ന കോപം
ഇതി പതി പറയുമ്പോഴാസ്സാതിരിഞ്ഞക്ഷി ചിമ്മി-
ച്ചതിവിധുര കരഞ്ഞാളേതുമൊന്നോതിടാതേ.

ജാതു ജാതം ന കോപം=ഒരിക്കലും കോപം ഉണ്ടായിട്ടില്ല
അതിവിധുരാ=ഏററവും ദുഃഖിതാ.

ഗാഢാലിംഗനവാമനീകൃതകുച-
പ്രോൽഭിന്നരോമോൽഗമാ
സാന്ദ്രസ്നേഹരസാതിരേകവിഗളൽ-
കാഞ്ചീപ്രദേശാംബരാ
മാ മാ മാനദ മാതി മാമലമിതി
ക്ഷാമാക്ഷരോല്ലാപിനി
സുപ്താ കിം നു മൃതാ നു കിം മനസി മേ
ലീനാ വിലീനാ നു കിം (൩൫)

പ്രണയിനിയായ നായികയെ താൻ രമിപ്പിച്ചപ്പൊഴ അവളുടെ അവസ്ഥയെ നായകൻ പറയുന്നു.

മുദ്രാഹീനാദരം പുല്കിയ മുലകളമന്നേറെ രോമാഞ്ചമാൎന്നും
ഹൃദ്രാഗോദ്രേകമൂലം കടിതടമതിൽനിന്നംശുകം സ്രംസിയായും
ഭദ്രാ സാ വേണ്ടവേണ്ടെന്നിതു മതിമതിയെന്നാകുലാലാപിനീ കിം
നിദ്രാണാ മൂൎച്ഛിതാ കിം മനസി മമ ലയിച്ചോ ദ്രവത്വം ഭജിച്ചോ?

മുദ്രാഹീനാദരം=മുദ്രാഹീനമായ (അളവില്ലാത്ത) ആദരത്തോടു കൂടുംവണ്ണം.

ഹൃദ്രാഗോദ്രേകമൂലം=ഹൃത്തിൽ ഉള്ള രാഗത്തിന്റെ (സ്നേഹത്തിന്റെ) ഉദ്രേകം (ആധിക്യം) മൂലം.

കടിതടം=അര.

അംശുകം=വസ്ത്രം.

സ്രംസി=അഴിയുന്നത്.

ഭദ്രാ=കല്യാണവതി.

ആകുലാലാപിനീ=ആകുലമാകുംവണ്ണം ആലാപിക്കുന്നവൾ (പറയുന്നവൾ)

നിദ്രാണാ=ഉറങ്ങിയവൾ.

മൂൎച്ഛിതാ=മൂൎച്ഛിച്ചവൾ (മോഹാലസ്യം പ്രാപിച്ചവൾ)

ലയിക്ക=അഭേദത്തോടെ ചേരുക.

ദ്രവത്വം ഭജിക്ക=അലിഞ്ഞു പോക.

പടാലഗ്നേ പത്യൌ നമയതി മുഖം ജാതവിനയാ
ഹഠാശ്ലേഷം വാഞ്ഛത്യപഹരതി ഗാത്രാണി നിഭൃതം
അശക്താ ചാഖ്യാതും സ്മിതമുഖസഖീദത്തനയനാ
ഹ്രിയാ താമ്യത്യന്തഃ പ്രഥമപരിഹാസേ നവവധൂഃ. (൩൭)

നവസംഗമസവ്രീളയായ നായികയുടെ അവസ്ഥയെ കവി പറയുന്നു.

കാന്തൻ പൂന്തുകിലേന്തവേയവൾ മുഖം താഴ്ത്തുന്നുമൎയ്യാദയാ
പുല്കാനായി മുതിൎന്നിടുംപൊഴുതൊഴിച്ചീടുന്നു മെയ് മെല്ലവേ

ആളാകാതുരിയാടുവാൻ സ്മിതമുഖീമാലോക്യ ചാലേ സഖീം
വ്രീളാലോളിതയാദ്യകേളിയിൽ വലഞ്ഞീടുന്നു ബാലാ തുലോം

ആലൊക്യ=കണ്ടിട്ടു് (സ്മിതമുഖിയായ സഖിയെ)

വ്രീളാലോളിത=വ്രീള (ലജ്ജ) കൊണ്ടു് ലോളിതാ (ചഞ്ചലാ)

ആദ്യകേളി=ഒന്നാമതായിട്ടുണ്ടായ ക്രീഡ.

നാപേതോനുനയേന യഃ പ്രിയസുഹൃ-
ദ്വാക്യൈൎന്ന യസ്സംഹൃതോ
യോ ദീൎഘം ദിവസം വിഷഹ്യ ഹൃദയേ
യത്നാൽ കഥഞ്ചിദ്ധൃതഃ
അന്യോന്യസ്യ ഹൃതേ മുഖേ വിഘടിതയോ-
സ്തിൎയ്യക്കഥഞ്ചിദ്ദൃശോ-
സ്സംഭേദേ സപദി സ്മിതവ്യതികരേ
മാനോ വിഘസ്യോജ്ഝിതഃ. (൩൭)

അന്യന്മാരുടെ പ്രയത്നത്താൽ ശമിപ്പിക്കപ്പെടാത്ത നായികാനായകന്മാരുടെ പ്രണയകോപം താനേ ശമിച്ച പ്രകാരത്തെ കവി പറയുന്നു.

സാന്ത്വത്താൽ ശാന്തമാകാതയുമപഹൃതമാ-
കാതയും ബന്ധുവാക്യൈ-
സ്സ്വാന്തത്തിൽ ഭൂരിയത്നത്തൊടു പകൽ മുഴുവൻ
സോഢമാം പ്രേമകോപം
താന്താങ്ങടെ പിൻതിരിഞ്ഞങ്ങനെ മരുവുമവ-
സ്ഥാന്തരേ തിൎയ്യഗക്ഷി-
പ്രാന്തങ്ങടെ ചേൎന്നനേരത്തിരുവരുടെയ ഹാ-
സത്തിനാൽ തീൎന്നു വേഗാൽ.

സോഢം=സഹിക്കപ്പെട്ടത്.
തിൎയ്യക്=വിലങ്ങത്തിൽ.
അക്ഷിപ്രാന്തങ്ങൾ=കടാക്ഷങ്ങൾ.

ഗതേ പ്രേമാവേശേ പ്രണയബഹു-
മാനേ വിഗളിതേ
നിവൃത്തേ സൽഭാവേ ജനഇവ ജ-
നേ ഗച്ഛതി പുരഃ
തദുൽപ്രേക്ഷ്യോൽപ്രേക്ഷ്യ പ്രിയസഖി ഗ-
താംസ്താംശ്ച ദിവസാൻ
ന ജാനേ കോ ഹേതുൎദ്ദലതി ശത-
ധാ യന്ന ഹൃദയം (൩൮)

നായകനാൽ അനാദൃതയായ നായിക അയാൾ ഉദാസീനനായി മുൻപിൽക്കൂടി കടന്നുപോകുന്നതു കണ്ടു് തന്റെ അവസ്ഥയെ സഖിയോടു പറയുന്നു.

പ്രേമാവും ബഹുമാനവും പ്രണയവും
സൌജന്യവും വിട്ടവൻ
സാമാന്യത്തിലൊരാളുതൻനിലയിലായ്
മുൻപിൽ ഗമിച്ചീടവേ
സീമാതീതസുഖം കഴിഞ്ഞദിവസാ-
നോൎത്തോൎത്തു മേ മാനസം
ഹേ മാന്യേ സഖി! യെന്തുകൊണ്ടു പൊടിയു-
ന്നില്ലെന്നറിഞ്ഞില്ല ഞാൻ.

സീമാതീതസുഖം=സീമാതീതമായ (അളവില്ലാത്ത) സുഖത്തോടു കൂടുംവണ്ണം.

ദിവസാൻ=ദിവസങ്ങളെ (ഓൎത്ത്)

ചിരവിരഹിണോരുൽകണ്ഠാർത്ത്യാ ശ്ലഥീകൃതഗാത്രയോ-
ർന്നവമിവ ജഗജ്ജാതം ഭൂയശ്ചിരാദഭിനന്ദതോഃ
കഥമപി ദിനേ ദീർഘേ യാതേ നിശാമധിരൂഢയോഃ
പ്രസരതി കഥാ ബഹ്വീ യൂനോര്യഥാ ന തഥാ രതിഃ (൩൬)

ചിരവിരഹിതന്മാരായ നായികാനായകന്മാരുടെ സമാഗമദിവസത്തെ അവസ്ഥയെ കവി വർണ്ണിക്കുന്നു.

ഏറക്കാലം പിരിഞ്ഞിട്ടതിരതികൊതികൊ-
ണ്ടാർത്തരായ് പുത്തനായി-
പ്പാരൊക്കെത്തീൎന്നപോലുള്ളൊരു പരമരസം
പൂണ്ടു ചേർന്നോരു യൂനോഃ
സൈ്വരക്കേടായി നീളപ്പകലതു ഗുരുമ-
ദ്ധ്യേ കഴിഞ്ഞിട്ടു രാവിൽ
ഭൂരിക്രീഡയ്ക്കു നേരം ബഹുസരസകഥാ-
വിസ്തരൈരസ്തമായി.

അതിരതികൊതി=അധികമായി രതിക്കുള്ള (ക്രീഡക്കുള്ള) കൊതി.

പുത്തനായിപ്പാരൊക്കെത്തീൎന്നപോലുള്ള=ലോകം മുഴുവനും പുത്തനായിത്തീൎന്നാൽ ഉണ്ടാകുന്നതുപോലുള്ള.

യൂനോഃ=യുവാവിനും യുവതിക്കും.

ബഹുസരസകഥാവിസ്തരൈഃ=ബഹുക്കളായ സരസകഥകളുടെ വിസ്താരങ്ങൾ കൊണ്ടു്.

അസ്തമായി=ഇല്ലാതെയായി. രാത്രിയിൽ ഒരുമിച്ചു ചേൎന്ന സമയം പലപല സല്ലാപങ്ങൾകൊണ്ടു ക്രീഡകൾക്കു് അവസരം കുറഞ്ഞു എന്നതാൽപൎയ്യം.

ദീർഘാ വന്ദനമാലികാ വിരചിതാ
ദൃഷ്ട്യൈവ നേന്ദീവരൈഃ

പുഷ്പാണാം പ്രകരസ്സ്മിതേന രചിതോ
നോ കുന്ദജാത്യാദിഭിഃ
ദത്തം സ്വേദമുചാ പയോധരഭരേ-
ണാൎഘ്യം ന കുംഭാംഭസാ
സ്വൈരേവാവയവൈഃ പ്രിയസ്യ വിശത-
സ്തന്വ്യാ കൃതം മംഗളം. (൪൦)

ദേശാന്തരത്തിൽ നിന്നു വന്ന നായകനെ നായിക സൽക്കരിച്ച സമ്പ്രദായത്തെ കവി വൎണ്ണിക്കുന്നു.

ദ്വാരത്തിൽ ചേൎത്തു മാല്യം കുവലയമയമ-
ദൃഷ്ടിപാതത്തിനാൽ താൻ
ചാരത്താചാരപുഷ്പാഞ്ജലികലന ഫലി-
പ്പിച്ചു മന്ദസ്മിതത്താൽ
നേരത്തൎഘ്യം വിയൎത്തുള്ളൊരുകുചകലശം
കൊണ്ടവൾ നൽകിനാൾ സൽ-
കാരത്തേ വീട്ടിലെത്തും പ്രിയതമനു പരാ-
പേക്ഷ കൂടാതെ ചെയ്യാൾ.

ദ്വാരത്തിൽ=വാതിൽക്കൽ.

കുവലയമയം=കരിങ്കുവിളപ്പൂവുകൊണ്ടു കെട്ടിയ.

ആചാരപുഷ്പാഞ്ജലികലനം=ആചാരത്തിനു വേണ്ടുന്ന പുഷ്പാഞ്ജലി ചിതറുക.

അൎഘ്യം=കാൽ കഴുകുന്നതിന്നുള്ള ജലം.

കാന്തേ സാഗസി യാപിതേ പ്രിയസഖീ-
വേഷം വിധായാഗതേ
ഭ്രാന്ത്യാലിംഗ്യ മയാ രഹസ്യമുദിതം
തത്സംഗമാകാംക്ഷയാ

മുഗ്ദ്ധേ ദുഷ്കരമേതദിത്യതിതരാ-
മുക്താപി സഹാസം ബലാ-
ദാലിംഗ്യ ച്ഛലിതാസ്മി തേന കിതവേ-
നാദ്യ പ്രദോഷാഗമേ. (൭൯)

ധൂൎത്തനായ നായകൻ ചെയ്ത വഞ്ചനയെ നായിക സഖിയോടു പറയുന്നു.

രോഷത്താൽ സാപരാധൻ കണവനെയകല-
ത്താക്കിനേൻ പിന്നെയാളീ-
വേഷത്തോടെത്തിനാനെന്നരികിലവനിരു-
ട്ടത്തു ഞാൻ ഭ്രാന്തിമൂലം
ഭാഷിച്ചേൻ ഗൂഢമായാഗ്രഹമവനിലുടൻ
ദുഷ്കരം താനിതെന്നൽ-
ഘോഷിച്ചാലിംഗനം ചെയ്തുദിതഹസിതനായ്
ധൂൎത്തനെന്നെച്ചതിച്ചാൻ.

ആളീവേഷം=സഖിയുടെ വേഷം.
ദുഷ്കരം=പ്രയാസമുള്ളത്.
ഉദിതഹസിതൻ=ഉദിതമായ ഹസിതത്തോടു കൂടിയവൻ (ചിരിച്ചുകൊണ്ട്)

ആശംക്യ പ്രണതിം പടാന്തപിഹിതൌ
പാദൌ കരോത്യാദരാ-
ദ്വ്യാജേനാഗതമാവൃണോതി ഹസിതം
ന സ്പഷ്ടമുദീക്ഷതേ
മയ്യാലാപവതി പ്രതീപവചനാ
സഖ്യാ സമം ഭാഷതേ
തന്വ്യാസ്തിഷ്ഠതു നിൎഭരപ്രണയിതാ
മാനോപി രമ്യോദയഃ. (൮൦.)

പ്രേയസിയായ നായികയുടെ കോപത്തെ അഭിനന്ദിച്ചു നായകൻ പറയുന്നു.

കാൽക്കൽ വീണീടുമെന്നോർത്തടിമലരിണ മൂ-
ടുന്നു ചേലാഞ്ചലംകൊ-
ണ്ടേല്ക്കും ഹാസം മറയ്ക്കുന്നൊളിവൊടു തെളിവായ്
ദൃഷ്ടി ചേർക്കുന്നതില്ല
വാക്യം ഞാനൊന്നു ചൊല്ലുന്നളവിലവൾ വിരു-
ദ്ധോക്തിയോതുന്നു സഖ്യാ
വാഴ്കും പ്രേമാവിരിക്കട്ടവളുടെ കലഹാ-
രംഭവും രമ്യമത്രേ.

ചേലാഞ്ചലം=ചേലത്തിന്റെ (വസ്ത്രത്തിന്റെ) അഞ്ചലം (അററം).

വിരുദ്ധോക്തി=വിരുദ്ധയായ (വിപരീതയായ) ഉക്തി (വാക്ക്).

സഖ്യാ=സഖിയോടു.

സാ യാവന്തി പദാന്യലീകവചനൈ-
രാളീജനൈഃ പാഠിതാ
താവന്ത്യേവ കൃതാഗസോ ദ്രുതതരം
വ്യാഹൃത്യ പത്യുഃ പുരഃ
പ്രാരബ്ധാ പരതോ യഥാ മനസിജ-
സ്യേച്ഛാ തഥാ വർത്തിതും
പ്രേമ്ണോ മൌഗ്ദ്ധ്യവിഭൂഷണസ്യ സഹജഃ
കോപ്യേഷ കാന്തഃ ക്രമഃ. (൪൫)

അപരാധിയായ നായകനിൽ സഖിമാരുടെ ഉപദേശപ്രകാരം കോപത്തെ പ്രകാശിപ്പിച്ചതിന്റെ ശേഷം കാമപരതന്ത്രയായ മുഗ്ദ്ധനായികയുടെ അവസ്ഥയെ കവി പറയുന്നു.

കററക്കാർവേണിയാളേ പ്രിയസഖികൾ പഠി-
പ്പിച്ചുറപ്പിച്ചതെല്ലാം
കററക്കാരൻ പ്രിയൻതന്നരികിലവൾ പറ-
ഞ്ഞിട്ടു വേഗേന പിന്നേ
സ്നിഗ്ദ്ധത്വത്തോടനംഗാഭിമതമതനുവ-
ർത്തിപ്പതിന്നായ് തുനിഞ്ഞാൾ
മുഗ്ദ്ധത്വത്തോടിണങ്ങും പ്രിയതയുടെ നിസ-
ർഗ്ഗാഭിരാമഃ ക്രമോയം.

സ്നിഗ്ദ്ധത്വം=സ്നേഹം.

അനംഗാഭിമതം=അനംഗൻെറ (കാമൻെറ) അഭിമതം (ഇഷ്ടം).

മുഗ്ദ്ധത്വം=മൌഗ്ദ്ധ്യം.

പ്രിയത=സ്നേഹം.

നിസർഗ്ഗാഭിരാമഃ ക്രമോയം=സ്വാഭാവികമായിട്ടു കാണുന്ന മനോഹരമായ ഒരു സമ്പ്രദായമാകുന്നു ഇത്.

ദൂരാദുത്സുകമാഗതേ വിവലിതം സംഭാഷിണി സ്ഫാരിതം
സംശ്ലിഷ്യത്യരുണം ഗൃഹീതവസനേ സംകോചിതഭ്രൂലതം
മാനിന്യാശ്ചരണാനതിവ്യതികരേ ബാഷ്പാംബുപൂർണ്ണം ക്ഷണാ-
ച്ചക്ഷുർജ്ജാതമഹോ പ്രപഞ്ചചതുരം ജാതാഗസി പ്രേയസി (൫൫)

അപരാധിയായ നായകനേ കുറിച്ചു നായികയുടേ നേത്രത്തിനുണ്ടായ വികാരവിശേഷങ്ങളെ കവി വർണ്ണിക്കുന്നു.

പ്രേയാനാഗസ്സു ചെയ്തോൻ വരുവതുവരയും
പാരമൌത്സുക്യമാർന്നി-
ട്ടായാനം ചെയ്യുന്നേരം വിവലിതമഭിഭാ-
ഷിക്കവേ സ്ഫാരമാണം

ആലിംഗിക്കെച്ചുകന്നൻപൊടു പുടക പിടി-
ക്കെക്കൃതഭ്രൂവിഭംഗം
കാലിൽ വീണപ്പൊളശ്രാവിലമതിചതുരം
കണ്ണഹോ മാനവത്യാഃ.

പ്രേയാൻ=പ്രിയതമൻ.

ആയാനംചെയ്യ നേരം=വന്നപ്പോൾ.

വിവലിതം=തിരിക്കപ്പെട്ടത്.

സ്ഫാൎയ്യമാണം=സ്ഫുരിപ്പിക്കപ്പെടുന്നത് (ഇളക്കപ്പെടുന്നത്)

കൃതഭ്രൂവിഭംഗം=കൃതമായ ഭ്രൂവിഭംഗത്തോടു (പുരികച്ചുളുക്കലോടു) കൂടിയത്.

അശ്രാവിലം=അശ്രം (കണ്ണുനീർ) കൊണ്ട് ആവിലം (കലങ്ങിയത്)

മാനവത്യാഃ=ഈൎഷ്യാകോപമുള്ള സ്ത്രീയുടെ.

അംഗാനാമതിതാനവം കുത ഇദം
കംപശ്ച കസ്മാൽ കുതോ
മുഗ്ദ്ധേ പാണ്ഡുകപോലമാനനമിതി
പ്രാണേശ്വരേ പൃച്ഛതി
തന്വ്യാ സൎവ്വമിദം സ്വഭാവത ഇതി
വ്യാഹൃത്യ പക്ഷ്മാന്തര-
വ്യാപി ബാഷ്പഭരസ്തയാ വലിതയാ
നിശ്വസ്യ മുക്തോന്യതഃ. (൪൫)

ദേശാന്തരത്തിൽ നിന്നും വന്ന നായകന്റെ വാക്യത്താൽ നായികയ്ക്കുണ്ടായ നിവ്വേദത്തിന്റെയും ദൈന്യത്തിന്റെയും അനുഭാവങ്ങളെ കവി പറയുന്നു.

എന്താണീയതികാൎശ്യമെന്തിതു വിറ-
ച്ചീടുന്നു? മുഗ്ദ്ധേ മുഖം

കിം താവൽ പരിപാണ്ഡുഗണ്ഡമിതി തൽ-
കാന്തൻ കഥിച്ചീടവേ
ചിന്താവിഗ്നയിതൊക്കയും സഹജമെ-
ന്നോതിത്തിരിഞ്ഞന്യത-
സ്സന്താപാശ്രുവിനേക്കളഞ്ഞു നെടുവീ-
ൎപ്പോടേ നെടുങ്കണ്ണിയാം.

മുഖം കിം താവൽ പരിപാണ്ഡുഗണ്ഡം=മുഖം എന്തുകൊണ്ടാണ് ആകപ്പാടെ പരിപാണ്ഡുക്കളായ (വിളൎത്തിരിക്കുന്ന) ഗണ്ഡങ്ങളോടു (കവിളുകളോടു) കൂടിയിരിക്കുന്നത്?
ചിന്താവിഗ്ന=ചിന്തകൊണ്ട് ആവിഗ്ന (വ്യാകുല)
അന്യതഃ=മററൊരിടത്തേക്കു.
സന്താപാശ്രു=ദുഃഖംഹേതുവായിട്ടുള്ള കണ്ണുനീർ.

രാത്രൌ വാരിഭരാലസാംബുദരവോ-
ദ്വിഗ്നേന ജാതാശ്രുണാ
പാന്ഥേനാത്മവിയോഗദുഃഖചകിതൎമ്മ-
ഗീതം തഥോൽകണ്ഠയാ
ആസ്സാം ജീവിതഹാരിണഃ പ്രവസനാ-
ലാപസ്യ സങ്കീൎത്തനം
മാനസ്യാപി ജലാഞ്ജലിസ്സരഭസം
ലോകേന ദത്തോ യഥാ. (൪൩)

പ്രവാസവിപ്രലംഭത്തെ കവി വൎണ്ണിക്കുന്നു.

ക്ഷീണം പൂണ്ടംബുദാഡംബരജനിതസമു-
ദ്വേഗനായിട്ടു രാത്രൌ
ദീനം രോദിച്ചു കേഴും വിരഹിയുടെ വിലാ-
പങ്ങളേക്കേട്ടു നേരം

പ്രാണം പോകും പ്രവാസവ്യസനകഥയിരി-
ക്കട്ടെയുണ്ടായിടൊല്ലാ
മാനം പോലും മഹാസങ്കടമിതിസകല-
ക്കും മനസ്സാർദ്രമായി.

അംബുദാഡംബരജനിതസമുദ്വേഗൻ=അംബുദങ്ങളുടെ (മേഘങ്ങളുടെ) ആഡംബരം (ഘോഷം) കൊണ്ട് ജനിതമായിരിക്കുന്ന സമുദ്വേഗത്തോടു (വ്യാകുലതയോടു) കൂടിയവൻ.

പ്രവാസവ്യസനകഥ=പ്രവാസം (വിരഹം) നിമിത്തം ഉണ്ടാകുന്ന വ്യസനത്തെ കുറിച്ചുള്ള കഥ.

സ്വാം ദൃഷ്ട്വാ കരജക്ഷതം മധുമദക്ഷീബാവിചാര്യേർഷ്യയാ
ഗച്ഛന്തീ ക്വ നു ഗച്ഛസീതി വിധൃതാ ബാലാ പടാന്തേ മയാ
പ്രത്യാവൃത്തമുഖീ സബാഷ്പനയനാ സാ മുഞ്ച മുഞ്ചേതി മാം
കോപപ്രസ്ഫുരിതാധരം യദവദത്തൽ കേന വിസ്മാര്യതേ (൯൦)

പ്രമാദത്താൽ കലഹാന്തരിതയായ നായികയെ ഉദ്ദേശിച്ചു നായകൻ പറയുന്നു.

ഹാലാപാനേന മത്താ നിജകരജപദം
കണ്ടു ശങ്കിച്ചു സേർഷ്യാ
ബാലാ പോകുമ്പൊളേന്തിപ്പുടകയരുളിനേ-
നെങ്ങു പോകുന്നിതെന്നായ്
ലോലാപാംഗീടെ സാചീകൃതവദനമുദ-
സ്രേക്ഷണം മുഞ്ച മുഞ്ചേ-
ത്യാലാപം കോപകമ്പ്രാധരമതുപൊഴുതെ-
ന്നുള്ളിൽനിന്നെങ്ങനേ പോം.

ഹാലാപാനേന=ഹാലയുടെ (മദ്യത്തിന്റെ) പാനംകൊണ്ടു
മത്താ=മദിച്ചവൾ.

നിജകരജപദം=നിജങ്ങളായ (തന്റെ) കരജങ്ങളുടെ (നഖങ്ങളുടെ) പദം (പാട്.)

സേർഷ്യാ=ഈർഷ്യയുള്ളവൾ.

ലോലാപാംഗിടെ=ചഞ്ചലാക്ഷിയുടെ.

സാചീകൃതവദനം=സാചീകൃതമായ (തിരിക്കപ്പെട്ട) വദനത്തോടു (മുഖത്തോടു) കൂടുംവണ്ണം.

ഉദശ്രുപ്രേക്ഷണം=ഉദശ്രുക്കളായ (കണ്ണുനീർ പുറപ്പെട്ടിരിക്കുന്ന) പ്രേക്ഷണങ്ങളോടു (കണ്ണുകളോടു) കൂടുംവണ്ണം.

മുഞ്ച മുഞ്ച=വിട്ടാലും വിട്ടാലും. ലോട് മദ്ധ്യമപുരുഷൻ.

ആലാപം=സംസാരം.

കോപകമ്പ്രാധരം=കോപംകൊണ്ടു കമ്പ്രമായ (ചലിക്കുന്ന) അധരത്തോടു കൂടും വണ്ണം.

ചപലഹൃദയേ കിം സ്വാതന്ത്ര്യാത്തഥാ ഗൃഹമാഗത-
ശ്ചരണപതിതഃ പ്രേമാർദ്രാർദ്രഃ പ്രിയസ്സമുപേക്ഷിതഃ
തദിദമധുനാ യാവജ്ജീവം നിരസ്തസുഖോദയാ
ഗലിതശരണാ ദുഃഖാതാനാം സഹസ്വ രുഷാം ഫലം (൩൨)

നായകനാൽ പ്രേരിതയായ സഖി നായികയെ അധിക്ഷേപിക്കുന്നു.

ഞാനേറ്റപ്പണി ചെയ്കയാലിഹ ഗൃഹേ വന്നിട്ടു നിൻകാൽകളിൽ
താനേ വീണ സരാഗനാം രമണനേ നീയെന്തു കൈവിട്ടെടീ?
മാനേലുംമിഴി! മന്ദഭാഗ്യയിനി നീയിസ്സാഹസത്തിൻ ഫലം
താനേ വാണു കരഞ്ഞു കേണനുഭവിക്കാജീവനാന്തം ശഠേ!

സരാഗൻ=രാഗം (പ്രണയം) ഉള്ളവൻ.

ആജീവനാന്തം=ജീവിച്ചിരിക്കുന്ന കാലം മുഴുവനും.

ശഠേ!=ശാഠ്യമുള്ളവളേ! സംബുദ്ധി.

നഭസി ജലദലക്ഷ്മീം സാസ്രയാ വീക്ഷ്യ ദൃഷ്ട്യാ
പ്രവസസി യദി കാന്തേത്യർദ്ധമുക്ത്വാ കഥഞ്ചിൽ
മമ പടമവലംബ്യ പ്രോല്ലിഖന്തീ ധരിത്രീം
യദനു കൃതവതീ സാ തത്ര വാചോ നിവൃത്താഃ (൩൯)

നായകന്റെ പ്രവാസോന്മുഖതയെ അറിഞ്ഞപ്പോഠം നായികയ്ക്കുണ്ടായ അവസ്ഥയെ നായകൻ തന്നെ പറയുന്നു.

ക്രാന്താകാശാന്തരാളം കരിമുകിൽനികരം
നോക്കിയുദ്വാന്തബാഷ്പാ
കാന്താ നീ പോകുവാനായിഹ തുനിയുകയാ-
ണെങ്കിലെന്നർദ്ധവാക്യം
ശ്രാന്താ കൃച്ഛ്രേണ ചൊല്ലീട്ടഥ മമ പടമേ-
റ്റിദ്ധരിത്രീം ലിഖന്തീ
കാന്താ പിന്നെന്തു ചെയ്യുന്നതു ബത പറവാൻ
നാവിനിന്നാവതല്ലാ.

ക്രാന്താകാശാന്തരാളം=ക്രാന്തമായ (വ്യാപ്തമായ) ആകാശാന്തരാളത്തോടു (ആകാശമദ്ധ്യത്തോടു) കൂടിയതു്.

ഉദ്വാന്തബാഷ്പാ=ഉദ്വാന്തമായ (വെളിയിൽ പുറപ്പെട്ടിരിക്കുന്ന) ബാഷ്പത്തോടു (കണ്ണുനീരൊടു) കൂടിയവഠം.

ശ്രാന്താ=ക്ഷീണിച്ചവഠം.

കൃച്ഛ്രേണ=പ്രയാസപ്പെട്ടു്.

ധരിത്രീം ലിഖന്തീ=ധരിത്രിയെ (ഭൂമിയെ) ലേഖനം ചെയ്യുന്നവഠം (വരയ്ക്കുന്നവഠം)

ബാലേ നാഥ വിമുഞ്ച മാനിനി രുഷം രോഷാന്മയാ കിം കൃതം
ഖേദോസ്മാസു ന മേപരാദ്ധ്യതി ഭവാൻ സർവേപരാധാ മയി
തൽ കിം രോദിഷി ഗൽഗദേന വചസാ കസ്യാഗ്രതോ രുദ്യതേ
നന്വേതന്മമ കാ തവാസ്മി ദയിതാ നാസ്മീത്യതോ രുദ്യതേ (൪൦)

നായികാ നായകന്മാരുടെ ഉക്തിപ്രത്യുക്തികൾ.

കാന്തേ! നാഥാ! കയൎത്തീടരുതു മയി കയ-
ൎത്തെന്തു ചെയ്യുന്നഹം തേ?
സ്വാന്തേ ദുഃഖം ഭവാനില്ലൊരു പിഴയുമെനി-
ക്കില്ലയോ കുററമെല്ലാം
എന്തേ പിന്നീവിധം തേ വലിതമൈവനുടേ
മുൻപിലെൻമുൻപിലത്രേ
ഹന്തേയം ത്വേസ്മികാഹം ദയിതതമയത-
ല്ലെന്നു രോദിച്ചിടുന്നേൻ.

ഹന്തേയം ത്വേസ്മികാഹം=ഹാ! ഞാൻ അങ്ങേയ്ക്കു് ആരാകുന്നു?

ദയിതതമ=ദയിതതമ ആകുന്നു.

അതല്ലെന്നു=ദയിതതമ അല്ലെന്നു.

ശ്ലിഷ്ടഃ കണ്ഠേ കിമിതി ന മയാ മുഗ്ദ്ധയാ പ്രാണനാഥ-
ശ്ചുംബത്യസ്മിൻ വദനവിനതിഃ കിം കൃതാ കിം ന ദൃഷ്ടഃ
നോക്തഃ കസ്മാദിതി നവവധൂചേഷ്ടിതം ചിന്തയന്തി
പശ്ചാത്താപം വഹതി തരുണീ പ്രേമ്ണി ജാതേ രസജ്ഞാ (ശൃം)

മൌഗ്ദ്ധ്യംകൊണ്ടു യഥേഷ്ടം രമിച്ചില്ലല്ലൊ എന്നു പശ്ചാത്തപിക്കുന്ന നായികയുടെ ആത്മോപാലംഭത്തെ കവി പറയുന്നു.

പ്രാണേശന്റെ കഴുത്തിലെന്തു പുണരാ-
ഞ്ഞിപ്പൊട്ടി ഞാനെന്തുവാ-
നാണോ താഴ്ത്തി മുഖത്തെയുമ്മതരവേ
നോക്കാതിരുന്നെന്തുവാൻ?
തൂഷ്ണീം വാണതുമെന്തിനെന്നു നവസംഗാ-
വസ്ഥയോൎത്തംഗനാ
കേണീടുന്നനുതാപമാൎന്നു രസികാ
പ്രേമ്ണി പ്രരൂഢേ ദൃഢേ.

നവസംഗാവസ്ഥ=നവമായ (ആദ്യമായ) സംഗത്തിന്റെ (സംഗമത്തിന്റെ) അവസ്ഥ.

അനുതാപം=പശ്ചാത്താപം.

പ്രേമ്ണി പ്രരൂഢേ ദൃഢേ=ദൃഢമായ പ്രേമം പ്രരൂഢമായപ്പോൾ.

വാൎയ്യന്തെല്ലോചനവാരിഭിസ്സശപഥൈഃ
പാദപ്രണാമൈഃ പ്രിയൈ-
രന്യാസ്താ വിനിവാരയന്തി കൃപണാഃ
പ്രാണേശ്വരം പ്രസ്ഥിതം
ധന്യാഹം വ്രജ മംഗളം സുദിവസം
പ്രാതഃ പ്രയാതസ്യ തേ
യൽ സ്നേഹോചിതമീഹിതം പ്രിയതമ
ത്വം നിൎഗ്ഗതശ്ശ്രോഷ്യസി. (൫൨)

പ്രയാണോന്മുഖനായ നായകനെ നിവാരണം ചെയ്യാൻ വക്രോക്തിയായി നായിക പറയുന്നു.

കണ്ണീർ വാൎത്താണയിട്ടും കഴലിണയിൽ നമി-
ച്ചും പ്രിയം മററു ചെയ്തും
പെണ്ണുങ്ങൾ ദൈന്യമാൎന്നന്യകൾ ഗമനപരം
പ്രാണനാഥം തടുക്കും
ധന്യാഹം പോക നീ മംഗളസുദിവസമ-
ക്കാലമേ ചെയ്യുന്നെന്നാ-
ലെന്നാൽ കൎത്തവ്യമായുള്ളതു തവ വഴിയേ
കേട്ടിടാമായഭീഷ്ടം.

ഗമനപരം പ്രാണനാഥം=പോകാൻ താൽപൎയ്യപ്പെടുന്ന ഭൎത്താവിനെ.

ധന്യാഹം=ഞാൻ ധന്യയാകുന്നു- മററുള്ളവരെ പോലെ ചാപല്യം കാണിക്കുന്നവളല്ല എന്നു താൽപര്യം.

കേട്ടിടാമായതിഷ്ടം=അങ്ങു പുറപ്പെട്ടുകഴിഞ്ഞാൽ ഞാൻ ജീവഹാനിയെ ചെയ്തു എന്നുള്ള വർത്തമാനം കേൾക്കാം എന്നു താൽപര്യം.

ലഗ്നാ നാംശുകപല്ലവേ ഭുജലതാ നോ ദ്വാരദേശേ സ്ഥിതം
നോ വാ പാദയുഗേ മുഹുർന്നിപതിതം തിഷ്ഠേതി നോക്തം വചഃ
കാലേ കേവലമംബുദാളിമലിനേ ഗന്തും പ്രവൃത്തശ്ശഠ-
സ്തന്വ്യാ ബാഷ്പജലൌഘകല്പിതനദീപൂരേണ രുദ്ധഃ പ്രിയഃ (൭൩)

പ്രസ്ഥാനപ്രവൃത്തനായ നായകനെ നായിക തടുത്ത പ്രകാരത്തെ കവി പറയുന്നു.

നീലാംഭോജാക്ഷി നിന്നില്ലവൾ നടയെ മുട-
ക്കിപ്പിടിച്ചില്ല കയ്യാൽ
ചേലാന്തത്തെപ്പതിച്ചില്ലടിയിണയിലുര-
ച്ചില്ല നില്ക്കെന്നവാക്കും
കാളാംഭോദാളി മേളിച്ചിളകിയ സമയേ
പോകുവാനായ് തുനിഞ്ഞോ-
രാളാം കാന്തന്റെ യാനം നയനജലനദീ-
നിർഝരത്താൽ തടുത്താൾ.

ചേലാന്തം=ചേലത്തിന്റെ (വസ്ത്രത്തിന്റെ) അററം.

കാളാംഭോദാളി=നീലങ്ങളായ മേഘങ്ങളുടെ ആളി (സമൂഹം)

നയനജലനദീനിർഝരം=നയനജലംകൊണ്ടുണ്ടായ നദിയുടെ നിർഝരം (പ്രവാഹം)

വിരഹവിഷമഃ കാമഃ കാമം തനും കുരുതേ തനും
ദിവസഗണനാദക്ഷസ്ത്വേവം വ്യപേതഘൃണോ യമഃ

ത്വമപി വശഗോ മാനവ്യാധേർവ്വിചിന്തയ നാഥ ഹേ
കിസലയമൃദുർജ്ജീവേദേവം കഥം പ്രമദാജനഃ. (൫൪)

സഖി നായികയെ കുറിച്ചു ഉദാസീനനായ നായകനെ അധിക്ഷേപിക്കുന്നു.

പാരം കാമൻ വിരഹവിഷമൻ മെയ്‌ മെലിപ്പിച്ചിടുന്നു
ടൈപാരം കാലൻ ദിവസഗണനാദക്ഷനത്യന്തരൂക്ഷൻ
ഘോരം മാനാമയമതിനു ഹാ വശ്യനായ്‌ നീയുമോർക്കി-
ന്നേരം ജീവിപ്പതു സുകരമോ ദുർബ്ബലസ്ത്രീജനത്താൽ.

വിരഹവിഷമൻ=വിരഹത്തിൽ വിഷമൻ (ക്രൂരൻ)

ദിവസഗണനാദക്ഷൻ=ദിവസങ്ങളുടെ ഗണനയിൽ (എണ്ണലിൽ) ദക്ഷൻ (സമർത്ഥൻ.) കൊല്ലാൻ ബദ്ധപ്പെടുന്നവൻ എന്നു താൽപര്യം.

അത്യന്തരൂക്ഷൻ=അത്യന്തം (ഏററവും) രൂക്ഷൻ (നിർദ്ദയൻ.)

മാനാമയം=മാനം (പ്രണയകലഹം) ആകുന്ന ആമയം (രോഗം.)

സുകരമോ=എളുപ്പമോ.

ദുർബ്ബലസ്ത്രീജനം=ദുർബ്ബലമായ (അശക്തമായ) സ്ത്രീജനം.

കേരള സാഹിത്യ അക്കാദമി

പരിമ്ലാനേ മാനേ മുഖശശിനി തസ്യാഃ കരധൃതേ
മയി ക്ഷീണോപായേ പ്രണിപതനമാത്രൈകശരണേ
തദാ പക്ഷ്മപ്രാന്തവ്രജപുടനിരുദ്ധേന സഹസാ
പ്രസാദോ ബാഷ്പേണ സ്തനതടവിശീർണ്ണേന കഥിതഃ (൫൫)

നായികയുടെ കോപം ശമിച്ച പ്രകാരത്തെ നായകൻ പറയുന്നു.

മാനം മ്ലാനതയാന്നു മാനിനി കരം കൊണ്ടാനനം താങ്ങിയും
ഞാനംഘ്രിപ്രണതിക്കൊരുങ്ങിയുമുപായങ്ങൾ ഫലിക്കാഞ്ഞയാൽ

വാണോരക്ഷണമക്ഷിരോമനിരയിൽ തങ്ങീട്ടു പോർകൊങ്കയിൽ
വീണോരശ്രുവിനാലുടൻ പ്രകടമായുള്ളിൽ പ്രസാദോദയം.

ഗ്ലാനത=വാട്ടം (കടുപ്പക്കുറവ്)
മാനിനി=മാനമുള്ള സ്ത്രീ.
അംഘ്രിപ്രണതി=കാല്ക്കൽ നമസ്കാരം.
പ്രകടഃ=സ്പഷ്ടം.
പ്രസാദോദയം=പ്രസാദത്തിന്റെ ഉദയം (ആവിർഭാവം.)

കൃതോ ദൂരാദേവ സ്മിതമധുരമഭ്യുൽഗമവിധി-
ശ്ശിരസ്യാജ്ഞാ ന്യസ്താ പ്രതിവചനമപ്യാലപസി ച
ന ദൃഷ്ടിശ്ശൈഥില്യം ഭജത ഇതി ചേതോ ദഹതി മേ
നിഗൂഢാന്തഃ കോപേ കഠിനഹൃദയേ സംവൃതിരിയം. (൪൯)

ബാഹ്യാചാരത്തിന്നു വിരോധം കൂടാതെ അന്തഃകോപത്തെ വഹിക്കുന്ന നായികയോടു നായകൻ പറയുന്നു.

ദൂരാൽ താനുപചാരമോടുടനെഴുന്നേററു സമന്ദസ്മിതം
പാരാതാജ്ഞ ശിരസ്സിൽ വച്ചു മമ ചൊല്ലീടുന്നുമുണ്ടുത്തരം
ചേരുന്നില്ലയവിന്നു ദൃഷ്ടിയിലയേ നിന്നാശയേ ഗൂഢമി-
ല്പാരുഷ്യം പരമേവമോർത്തു കഠിനേ! കത്തുന്നിതുൾത്താരു മേ

സമന്ദസ്മിതം=മന്ദസ്മിതത്തോടു കൂടെ.
നിന്നാശയേ=നിന്റെ ആശയത്തിൽ (മനസ്സിൽ.)

ആസ്താം വിശ്വസനം സഖീഷു വിദിതാഭിപ്രായസാരേ ജനേ
തത്രാപ്യർപ്പയിതും ദൃശം സലളിതാം ശക്നോമി ന വ്രീളയാ
ലോകോപ്യേഷ പരോപഹാസചതുരസ്സൂക്ഷ്മേംഗിതജ്ഞോപ്യലം
മാതഃ കം ശരണം വ്രജാമി ഹൃദയേ ജീർണ്ണോനുരാഗാനലഃ (൫൦)

നായകനോടും സഖികളോടും സ്വാഭിലാഷത്തെ പറയാൻ അസമൎത്ഥയായ നായിക ഉപമാതാവിനോടു പറയുന്നു.

തെല്ലും വിശ്വാസമില്ലെൻസഖികളിലതിരി-
ക്കട്ടെയെന്നാശയത്തേ-
യെല്ലാം ബോധിച്ചൊരാളിൽ സലളിതമിഴിചേ-
ൎപ്പാനുമാളല്ലഹോ ഞാൻ
വല്ലാതെല്ലാരുമെല്ലാക്കഥയുമറിയുമെ-
ന്നാൽ ഹസിക്കും രസിക്കും
ചൊല്ലമ്മാ! നീയെനിക്കാരൊരുഗതിയനുരാ-
ഗാഗ്നിയുള്ളിൽ ജരിച്ചു.

എന്നാശയത്തെ=എന്റെ അഭിപ്രായത്തെ.
സലളിതമിഴി=ലളിതത്തോടു (വിഭ്രമത്തോടു) കൂടിയ മിഴി.
ജരിക്ക=കത്തിക്കെട്ടു നീറുക.

ശ്രുത്വാ നാമാപി യസ്യ സ്ഫുടഘനപുളകം
ജായതേ യൽ സമന്താ-
ദ്ദൃഷ്ട്വാ യസ്യാനനേന്ദും ഭവതി വപുരിദം
ചന്ദ്രകാന്താനുകാരി
തസ്മിന്നാഗത്യ കണ്ഠഗ്രഹനികടപദ-
സ്ഥായിനി പ്രാണനാഥേ
ഭഗ്നാ മാനസ്യ ചിന്താ ഭവതി മമ പുന-
ൎവ്വജ്രമയ്യാഃ കഥഞ്ചിൽ. (൫൨)

ഠരംഷ്ട്രാഃകോപത്തെ നടിക്കുന്നതിനു സഖികളാൽ ഉപദിഷ്ടയായ നായിക തന്റെ അസാമൎത്ഥ്യത്തെ അവരോടു പറയുന്നു.

ഉണ്ടാകുന്നൊണ്ടു മേ കോപമയിരധിപമവൻ
പേരുപോലും ശ്രവിച്ചാൽ
കണ്ടാലോ തന്മുഖത്തിങ്കളെയുടലലിയും
ചന്ദ്രകാന്തം കണക്കേ

കണ്ഠാശ്ലേഷത്തിനെത്തും നിലയിലണയുമ-
പ്രാണനാഥോപകണ്ഠേ
കുണ്ഠാ ശങ്കാസ്തു ചിന്താ മമ കഠിനതയു-
ണ്ടാക്കിയാലും കഥഞ്ചിൽ.

പ്രാണനാഥോപകണ്ഠേ=പ്രാണനാഥന്റെ ഉപകണ്ഠത്തിൽ (സമീപത്തിൽ)

കുണ്ഠാ (ഭവതി)=മന്ദയായിപ്പോകുന്നു.

ശങ്കാസ്തു ചിന്താ=ശങ്കാസ്തുയുള്ള വിചാരം.

കഥഞ്ചിൽ=പ്രയാസപ്പെട്ടു് (കഠിനത ഉണ്ടാക്കിയാലും.)

സന്ത്യേവാത്ര ഗൃഹേ ഗൃഹേ യുവതയ-
സ്താഃ പൃച്ഛ ഗത്വാധുനാ
പ്രേയാംസഃ പ്രണമന്തി കിം തവ പുന-
ർദ്ദാസോ യഥാ വർത്തതേ
ആത്മദ്രോഹിണി ദുർജ്ജനപ്രലപിതം
കർണ്ണേ ഭൃശം മാകൃഥാ-
ശ്ഛിന്നസ്നേഹരസാ ഭവന്തി പുരുഷാ
ദുഃഖാനുവൃത്ത്യാ യതഃ. (൭൩)

അത്യന്തകുപിതയായ നായികയെ സമാധാനപ്പെടുത്തുന്നതിനു ശക്തനാകാത്ത നായകനാൽ പ്രേരിതയായ സഖി നായികയോടു പറയുന്നു.

ശിഷ്ടപ്പെണ്ണുങ്ങളൊണ്ടിങ്ങനുഗൃഹമവരോ-
ടിന്നുനീ ചെന്നു ചോദി-
ക്കിഷ്ടന്മാർ ക്രൂരമോ? നിന്നടിമയുടെ നില-
യ്ക്കുല്ലയോ നിൻമണാളൻ?
ദുഷ്ടക്കൂട്ടങ്ങൾ ചൊല്ലുന്നതു കരുതരുതേ
നിന്നെ നീയോർത്തിടേണം

കഷ്ടപ്പാടേറിവന്നാൽ കഠിനത പുരുഷ-
ന്മാൎക്കു കൂടീടുമത്രേ.

അനുഗൃഹം=ഗൃഹം (വീടു) തോറും.

നിൻമണാളൻ=നിന്റെ ഭൎത്താവു്.

സ്മരരസനദീപൂരേണോഢാഃ പുനൎഗ്ഗുരുസേതുഭി-
ൎയ്യദപി വിധൃതാസ്തിഷ്ഠന്ത്യാരാദപൂൎണ്ണമനോരഥാഃ
തദപി ലിഖിതപ്രഖ്യൈരംഗൈഃ പരസ്പരമുന്മുഖാ
നയനനളിനീനാളാനീതം പിബന്തി രസം പ്രിയാഃ (൩൦)

പ്രണയ പരവശന്മാരും അപൂൎണ്ണമനോരഥന്മാരും ആയ നായികാനായകന്മാരുടെ സ്ഥിതിയെ കവി വൎണ്ണിക്കുന്നു.

അദ്ധാ കാമുകർ കാമകൌതുകനദീപൂരത്തിനാലൂഢരാ-
യദ്ധാമസ്ഥഗുരുക്കളാമണകളാൽ പ്രത്യൂഢരായന്തികേ
രുദ്ധാസംഗമിരിക്കിലും നിഭൃതമായൌത്സുക്യമോടേ മിഥ-
ശ്ശ്രദ്ധാമാൻ പകൎന്നിടുന്നു മിഴികൊണ്ടുള്ളിൽ കിടക്കും രസം.

അദ്ധാ=സത്യമായിട്ടു്.

കാമുകർ=കാമുകനും കാമുകിയും.

കാമകൌതുകനദീപൂരം=കാമത്തിലുള്ള കൌതുകമാകുന്ന നദിയുടെ പൂരം (പ്രവാഹം.)

ഊഢർ=വഹിക്കപ്പെട്ടവർതള്ളിക്കൊണ്ടുപോകപ്പെട്ടവർ.

അദ്ധാമസ്ഥഗുരുക്കൾ=ആധാമത്തിൽ (ഗൃഹത്തിൽ) ഉള്ള ഗുരുക്കൾ (അച്ഛൻ അംബ മുതലായ ഗുരുജനങ്ങൾ.)

പ്രത്യൂഢർ=തടുക്കപ്പെട്ടവർ.

അന്തികേ=അടുക്കൽ.

രുദ്ധാസംഗം=രുദ്ധമായ (തടുക്കപ്പെട്ട) ആസംഗത്തോടു (ആസക്തിയോടു) കൂടുംവണ്ണം.

നിഭൃതം=ഗൂഢം.

ഔന്മുഖ്യം=ആഭിമുഖ്യം.

മിഥഃ=അന്യോന്യം.

ശ്രദ്ധാം=ശ്രദ്ധയെ.

നിശ്ശേഷച്യുതചന്ദനം സ്തനതടം
നിർമ്മൃഷ്ടരാഗോധരോ
നേത്രേ ദൂരമനഞ്ജനേ പുളകിതാ
തന്വീ തവേയം തനുഃ
മിഥ്യാവാദിനി ദൂതി ബാന്ധവജന-
സ്യാജ്ഞാതപീഡാഗമേ
വാപീം സ്നാതുമിതോ ഗതാസി ന പുന-
സ്തസ്യാധമസ്യാന്തികം. (൩൧)

നായകനെ കൂട്ടിച്ചുകൊണ്ടുവരാൻ പോയിട്ടു ലക്ഷ്യമാണ സംഭോഗചിഹ്നയായി തിരിച്ചു വന്ന സഖിയോടു നായിക പറയുന്നു.

നഷ്ടം നിശ്ശേഷമായ് പോർമുലയിൽ മലയജം
ചുണ്ടിലേച്ചോപ്പശേഷം
മൃഷ്ടം ലുപ്താഞ്ജനം കണ്ണിണ തവ * കൃശമി-
ക്കോൾമയിർ കൊണ്ട കോലം
കഷ്ടം പൊയ്യോതുവോളേ! സ്വജനരുജ ധരി-
ക്കാത്ത ദൂതി! കളിപ്പാ-
നിഷ്ടം പോലങ്ങു നീ പോയ് കുളമതിൽ ന ഹി ത-
സ്യാധമസ്യാന്തികത്തിൽ.

മലയജം=ചന്ദനം.

മൃഷ്ടം=ക്ഷാളനം ചെയ്യപ്പെട്ടത.

---

* 'കൃശമിക്കണ്ടകം കൊണ്ട കോലം' എന്നു പാഠാന്തരം.

ലുപ്താഞ്ജനം=ലുപ്തമായ (അപഗമിച്ച) അഞ്ജനത്തോടു (മഷിയോടു) കൂടിയത്.

കണ്ടകം=രോമാഞ്ചം.

രുജ=പീഡ.

ന ഹി തസ്യാധമസ്യാന്തികത്തിൽ=ആ അധമന്റെ സമീപത്തിൽ അല്ല- സംഭോഗചിഹ്നങ്ങളെ സ്നാനചിഹ്നങ്ങളാക്കി പ്പറഞ്ഞിരിക്കുന്നു എങ്കിലും അധമശബ്ദം കൊണ്ട് നായകനു രതിസംഭോഗം ഉണ്ടായി എന്നു ധ്വനിപ്പിച്ചിരിക്കുന്നു. 'നീ പോയ് കളമതിൽ ന ഹി' എന്നു പൂർവവാക്യത്തോടന്വയിച്ച് അത്ഥാന്തരത്തെ കൂടെ സ്ഫുരിപ്പിക്കാൻ വേണ്ടിയാണ് ഇവിടെ നഞ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്.

മ്ലാനം പാണ്ഡു കൃശം വിലാസവിധുരം
    ലംബാളകം ചാലസം
ഭൂയസ്തൽക്ഷണജാതകാന്തി മധുരം
    പ്രാപ്തേ മയി പ്രോഷിതേ
സാടോപം രതികേളിമത്തരഭസം
    രമ്യം കിമപ്യാദരാൽ
പീതം യൽ സുതനോൎമ്മയാ മുഖമിദം
    തൽ കേന വിസ്മാൎയ്യതേ (സുവ)

ദേശാന്തരത്തിൽ നിന്നു താൻ വന്ന സമയം നായികയ്ക്കുണ്ടായ അവസ്ഥാഭേദത്തെ വിചാരിച്ചു നായകൻ പറയുന്നു.

മട്ടേറത്തട്ടി വാട്ടം കുറുനിരകമഹോ വള-
    ന്നാൎത്തി പൂണ്ടങ്ങിരിക്കെ-
പ്പെട്ടെന്നെന്നാഗമത്താൽ പുനരുടനുളവാ-
    യോരു സൌന്ദൎയ്യമാന്നും

ചട്ടറ്റാടോപമോടേ രതികുതുകമിയ-
ന്നം പ്രകാശിച്ച പുത്ത-
ന്മട്ടോലുംവാണിതന്നാനനമതിനെ നക-
ന്നോരു സൌഖ്യം മറക്കാ.

ആഗമം=വരവു.

ആടോപം=അഹങ്കാരം.

രതികുതുകം=ക്രീഡയിലുള്ള താല്പൎയ്യം.

ആയസ്താ കലഹം പുരേവ കുരുതേ
ന സ്രംസനേ വാസസോ
ഭഗ്നഭ്രൂരതിഖണ്ഡ്യമാനമധരം
ധത്തേ ന കേശഗ്രഹേ
അംഗാന്യൎപ്പയതി സ്വയം ഭവതി നോ
വാമാ ഹഠാലിംഗനേ
തന്വ്യാ ശിക്ഷിത ഏഷ സംപ്രതി പുനഃ
കോപപ്രകാരോപരഃ. (൩൪)

കുപിതയായ നായികയെ ഉദ്ദേശിച്ചു നായകൻ പറയുന്നു.

മുന്നപ്പോൽ മുണ്ടഴിക്കുംപൊഴുതവൾ കലഹി-
ക്കുന്നതില്ലിന്നു ദീനാ
പിന്നക്കൂന്തൽ പിടിക്കെ ഭ്രുകുടിയൊടധര-
ത്തെ മറിക്കുന്നുമില്ല
തന്നത്താൻ തന്നിടുന്നൊണ്ടുടലുമവൾ ഹഠാ-
ലിംഗനേ ശാഠ്യമെന്യേ
കന്നൽക്കണ്ണാൾ പഠിച്ചാളപരമൊരു കയ-
ൎപ്പിന്റെ മട്ടിന്നിലിപ്പോൾ.

ഹഠാലിംഗനേ=ബലാൽകാരത്താൽ ഉള്ള ആലിംഗനത്തിൽ.

ചിന്താമോഹനിബദ്ധ്യമാനമനസാ
മൌനേന പാദാനതഃ
പ്രത്യാഖ്യാതപരാങ്മുഖഃ പ്രിയതമോ
ഗന്തും പ്രവൃത്തസ്തതഃ
സവ്രീളൈരലസൈന്നിരന്തരലുഠൽ-
ബാഷ്പാകുലൈരീക്ഷണൈ-
ശ്ശ്വസ്യംശ്ച്യാ സ പുനസ്തയാ തരളയാ
തത്രാന്തരേ വാരിതഃ. (൩൪)

തിരസ്കൃതനായ നായകൻ പോകാൻ ഭാവിച്ചപ്പോൾ നായിക തടുത്ത പ്രകാരത്തെ കവി പറയുന്നു.

പ്രാണപ്രേഷ്ഠൻപ്രണാമത്തെയുമവൾ വകവ-
യ്ക്കാതിരുന്നോരു നേരം
ക്ഷീണപ്പെട്ടേറ്റുമോതാതരിശമൊടു ശഠൻ
പോകുവാനായ്ത്തുനിഞ്ഞാൻ
നാണപ്പെട്ടേറ്റമാലസ്യമൊടവിരളബാ
ഷ്പാർദ്രമാമീക്ഷണത്താ-
ലേണപ്പെൺകണ്ണി നോക്കീട്ടവനെ വിവശയായ്
തൽക്ഷണത്തിൽ തടുത്താൾ.

പ്രാണപ്രേഷ്ഠൻ=പ്രാണപ്രിയതമൻ.

അവിരളബാഷ്പാർദ്രം=അവിരളമായ (ധാരമുറിയാത്ത) ബാഷ്പംകൊണ്ട് ആർദ്രം.

ക്വചിത്താംബൂലാക്തഃ ക്വചിദഗുരുപങ്കാങ്കമലിനഃ
ക്വചിച്ചൂർണ്ണോൽഗാരീ ക്വചിദപി ച സാലക്തകപദഃ
വലീഭംഗാഭോഗൈരളകപതിതൈശ്ശീർണ്ണകുസുമൈ-
സ്ത്രിയാ നാനാവസ്ഥം പ്രഥയതി രതം പ്രച്ഛദപടഃ. (൩൫)

സംഭോഗചിഹ്നാങ്കിതമായ തല്പത്തെ കവി വൎണ്ണിക്കുന്നു.

വീടിച്ചെഞ്ചാറുചേൎന്നിട്ടൊരിടമഗുരുപങ്കാങ്കമാൎന്നിട്ടൊരേടം
കൂടിച്ചൂൎണ്ണക്കുറിക്കൂട്ടൊരിടമരുണമാം ചേവടിപ്പാടൊരേടം
വാടിശ്ശീൎണ്ണങ്ങളാം പൂക്കളൊടുമിടയിലേറച്ചുളുക്കോടുമിന്നി-
ക്കോടിശ്ശയ്യാസ്തരം പെൺകൊടിയുടെ രതഭേദങ്ങളെക്കാട്ടിടുന്നു.

വീടി=വെററില.

അഗരുപങ്കാങ്കം=അകിൽച്ചാറിൻെറ പാട്.

ശീൎണ്ണങ്ങൾ=ചിതറിയ.

കോടിശ്ശയ്യാസ്തരം= പുത്തനായ മെത്തയിലെ പിരിപ്പ്.

രതഭേദങ്ങൾ=വാത്സ്യായനപ്രോക്തങ്ങളായ സംഭോഗഭേദങ്ങൾ.

വീടിച്ചെഞ്ചാറ് മാൎജ്ജാരകരണത്തെ സൂചിപ്പിക്കുന്നു. "പ്രസാരിതൌ പാണിപാദൌ ശയ്യാസ്പൃശി മുഖോരസി- ഉന്നതായാം സ്ത്രിയഃ കട്യാം മാൎജ്ജാരകരണം വിദുഃ."

അഗുരുപങ്കം ഐഭബന്ധത്തെ സൂചിപ്പിക്കുന്നു. "ഭുഗതസ്തനഭാരാസ്യമസ്തകാമുന്നതസ്ഫിജമധോമുഖീം സ്ത്രിയംക്രാമതി സ്വകരകൃഷ്ടമേഹനൈ വല്ലഭേ കരിവദൈഭമുച്യതേ."

ചൂൎണ്ണക്കുറിക്കൂട്ട് ധൈനുകബന്ധത്തെ സൂചിപ്പിക്കുന്നു. "ന്യസ്തഹസ്തയുഗളാ നിജേ പദേ യോഷിദേതി കടിരൂഢ വല്ലഭോ അഗ്രതോ യദി ശനൈരധോമുഖീധൈനുകം വൃഷവദുന്നതെ പ്രിയെ."

ചേവടിപ്പാട് പുരുഷായിതത്തെ സൂചിപ്പിക്കുന്നു.

ചിതറിയപൂക്കളും ചുളുക്കുകളും രതിരഭസത്തിൽ സാധാരണങ്ങളാകുന്നു.

അഹം തേനാഹൂതാ കിമപി കഥയാമീതി വിജനേ
സമീപേ ചാസീനാ സരളഹൃദയത്വാദവഹിതാ

തതഃ കണ്ഠോപാന്തേ കിമപി വദതാഘ്രായ വദനം
ഗൃഹീത്വാ ധമ്മില്ലം മമ സഖി നിപീതോധരരസഃ. (൯൬)

മുഗ്ദ്ധയായ നായിക നായകൻ ചെയ്ത കൈതവത്തെ സഖിയോടു പറയുന്നു.

ചൊല്ലാനുണ്ടൊരു കാൎയ്യമിങ്ങു വരികെ-
ന്നാഹൂതയായ് മറ്റൊരാ-
ളില്ലാതുള്ളൊരിടത്തിൽ ഞാനൃജുതയാ
ചെന്നേനവന്നന്തികേ
എന്തോ മേ ചെവിയിൽ പറഞ്ഞു വദനം
ധൂൎത്തൻ മണപ്പിച്ചുകൊ-
ണ്ടെൻതോഴി! മുടിയിൽ പിടിച്ചധരസ-
ൎവ്വസ്വം കവൎന്നീടിനാൻ.

ഋജുതയാ=നേരബുദ്ധിയോടേ.

പൃഷ്ടോൽഭേദമവാച്യ കേളിശയനാദ്ദൂരസ്ഥയാ ചുംബനേ
കാന്തേന സ്മരിതാധരേണ നിഭൃതം ഭ്രൂസംജ്ഞയാ യാചിതേ
ആച്ഛാദ്യ സ്മിതപൂൎണ്ണഗണ്ഡഫലകം ചേലാഞ്ചലേനാനനം
മന്ദാന്ദോളിതകുണ്ഡലസ്തബകയാ തന്വ്യാ വിധൂതം ശിരഃ (൯൭)

നായികാനായകന്മാർ ഒരുമിച്ചു രമിക്കുമ്പോൾ അശ്രദ്ധിയായ നായികയുടെ ചേഷ്ടയേ കവി വൎണ്ണിക്കുന്നു.

വണ്ടാർപൂവണിവേണി കേളിശയനാൽ തീണ്ടാതകന്നീടവേ
ചുണ്ടാലോലത പൂണ്ടു ചുംബനമതിന്നാൎത്ഥിച്ചു കാന്തൻ ഭ്രുവാ
ഉണ്ടാമുൾച്ചിരി ചേൎന്ന ചാരു വദനം പൂഞ്ചേലതന്നഞ്ചലം
കൊണ്ടാരോമൽ മറച്ചവൾ തല കുലുക്കി തോടയാടീടവേ.

ആലോലത=ഇളക്കം.

ഭ്രുവാ=ഭ്രൂ (പുരികം) കൊണ്ടു്.

ക്വ പ്രസ്ഥിതാസി കരഭോരു ഘനേ നിശീഥേ
പ്രാണേശ്വരോ വസതി യത്ര മനഃപ്രിയോ മേ
ഏകാകിനീ വദ കഥം ന ബിഭേഷി ബാലേ
നന്വസ്തി പുംഖിതശരോ മദനസ്സഹായഃ. (൬൮)

സഖിയും നായികയും തമ്മിലുള്ള ഉക്തിപ്രത്യുക്തികൾ.

കനത്ത നട്ടരാവിലെങ്ങു കരഭോരു! പേകുന്നു നീ?
മനഃപ്രിയതമൻ മമാദ്യ മരുവുന്നിടത്തേക്കു താൻ
നിനക്കു ഭയമില്ലയോ സഖി! തനിച്ചുപോയിടുവാ-
നനംഗനിഷുവും തൊടുത്തു തുണയായെനിക്കില്ലയോ?.

ഇഷു=അസ്ത്രം.

ലോലഭ്രൂലതയാ വിപക്ഷദിഗുപ-
ന്യാസേ വിധൂതം ശിര-
സ്തദ്വൃത്താന്തവിദീക്ഷണേ കൃതമന-
സ്കാരോ വിലക്ഷസ്സ്ഥിതഃ
ംരംഷത്താമ്രകപോലകാന്തിനി മുഖേ
ദൃഷ്ട്യാ നതഃ പാദയോ-
രുത്സൃഷ്ടോ ഗുരുസന്നിധാവപി വിധി-
ർദ്വാഭ്യാം ന കാലോചിതഃ (൬൯)

ഗുരുസന്നിധിയിൽ വച്ചു നായികാനായകന്മാർ തമ്മിലുണ്ടായ ചേഷ്ടാവിശേഷത്തെ കവി പറയുന്നു.

അന്യസ്ത്രീദിക്കിലേക്കായ് പുരികമിളകവേ
മൂർദ്ധനിർദ്ധൂതി ചെയ്യാൻ
പിന്നത്തദ്വൃത്തലോകേ മിഴിയതണയവേ
ചിന്ത പൂണ്ടമ്പരന്നാൻ

തന്വിക്കാസ്യം ചുകന്നീടവെയടിയിണയിൽ
ദൃഷ്ടികൊണ്ടാനമിച്ചാൻ
മുന്നിൽത്തന്നേ ഗുരൂണാമിരുവരവർ വെടി-
ഞ്ഞില്ല കാലോചിതത്തെ.

അന്യസ്ത്രീദിക്കിലേക്ക് = അന്യസ്ത്രീയുടെ (സപത്നിയുടെ) ദിക്കിലേക്ക് (വാസസ്ഥലത്തേക്കു.)

പുരികമിളകവേ = സപത്നിയുടെ ഗൃഹത്തിൽ പോയില്ലയോ എന്നൎത്ഥമാകത്തക്കവണ്ണം നായിക പുരികം ഇളക്കിയപ്പോൾ.

മൂൎദ്ധ്നിദ്ധൂതിചെയ്യാൻ = ഇല്ലെന്നൎത്ഥമാകത്തക്കവണ്ണം നായകൻ തല കുലുക്കി.

തത്വജ്ഞലോകേ = തത്വത്തെ (സത്യത്തെ) അറിയുന്ന ലോകത്തിൽ (ജനത്തിൽ.)

മിഴിയതണയവേ = സത്യത്തെ സാക്ഷിമൂലം തെളിയിക്കട്ടയോ എന്നുള്ള അൎത്ഥത്തോടെ നായിക തന്റെ ഉള്ളാളായ സഖിയുടെ നേരേ നോക്കിയപ്പോൾ.

ചിന്ത പൂണ്ടമ്പരന്നാൻ = നായിക പരമാൎത്ഥം ഗ്രഹിച്ചുപോയിരിക്കുമോ എന്നുള്ള വിചാരത്താൽ നായകൻ പരുങ്ങി നിന്നു.

ആസ്യം ചുകന്നീടവേ = നായകന്റെ അമ്പരപ്പു കണ്ടു നായികയുടെ മുഖം കോപത്താൽ ചുകന്നപ്പോൾ.

അടിയിണയിൽ ദൃഷ്ടികൊണ്ടാനമിച്ചാൻ = അനുനയിപ്പിക്കുന്നതിനു നായകൻ നായികയുടെ കാലിൽ കണ്ണു പതിപ്പിച്ചു നമസ്കരിക്കുന്ന ഭാവം കാട്ടി.

ഗുരൂണാം = ഗുരുക്കളുടെ (മുന്നിൽ തന്നെ.)

ദൃഷ്ടഃ കാതരനേത്രയാ ചിരതരം ബദ്ധാഞ്ജലിം യാചിതഃ
പശ്ചാദംശുകപല്ലവേ ച വിധൃതോ നിൎവ്യാജമാലിംഗിതഃ
ഇത്യാക്ഷിപ്യ സമസ്തമേതദഘൃണോ ഗന്തും പ്രവൃത്തശ്ശഠഃ
പൂൎവം പ്രാണപരിഗ്രഹോ ദയിതയാ മുക്താസ്തതോ വല്ലഭഃ (൧൦)

പ്രണയകോപവ്യാജേന പോകാൻ ഭാവിച്ച നായകനോടു നായിക പ്രവർത്തിച്ചതിനെ കവി വർണ്ണിക്കുന്നു.

ഏണാക്ഷി നോക്കി ദീനാ ചിരതരമഥ കൈ
കൂപ്പി യാചിച്ചു പിന്നെ-
ച്ചേണാർന്നച്ചേലമേന്തി ചിതമൊടു തടനു
വ്യാജമെന്ന്യേ പുണർന്നാൾ
വീണാക്കീട്ടായതെല്ലാം ശഠനഘൃണനവൻ
പോവതിന്നാഞ്ഞ നേരം
പ്രാണാശാം കൈവെടിഞ്ഞൂ പ്രഥമമവളഥ
പ്രാണനാഥം പ്രയാതാൽ.

അഘൃണൻ=നിർദ്ദയൻ.
വീണാക്കീട്ടു =വ്യർത്ഥമാക്കീട്ടു്.
പ്രാണാശാം=പ്രാണനിലുള്ള ആശയേ (ആഗ്രഹത്തെ)

ലാക്ഷാലക്ഷ്മ ലലാടപട്ടമഭിതഃ കേയൂരമുദ്രാ ഗളേ
വക്ത്രേ കജ്ജളകാളിമാ നയനയോസ്താംബൂലരാഗോപരഃ
ദൃഷ്ട്വാ കോപവിധായി മണ്ഡനമിദം പ്രാതശ്ചിരം പ്രേയസോ
ലീലാതാമരസോദരേ മൃഗദൃശശ്ശ്വാസാസ്സമാപ്തിം ഗതാഃ (ൟ)

സപത്നീസംഭോഗാപരാധിയായ നായകനെ കണ്ടിട്ടും നായിക കാണിച്ച ധൈര്യത്തെ കവി വർണ്ണിക്കുന്നു.

ആ ലാക്ഷാങ്കം ലലാടസ്ഥലമതു ചുഴലെ-
ക്കങ്കണാങ്കം കഴുത്തിൽ
ചേലായിട്ടാനനത്തിൽ മഷി മിഴികളില-
സാപത്നതാംബൂലരാഗം
ബാലാ കാലത്തു കോപാവഹമിതി ചിരമാ-
ലോക്യ കാന്തന്റെ കോലം

ലീലാകഞ്ജത്തിനുള്ളിൽ കൊടിയൊരു നെടുതാം
വീർപ്പുതപ്പോളടക്കി.

ലാക്ഷാങ്കം=ലാക്ഷയുടെ (ചെമ്പഞ്ഞിച്ചാറിന്റെ) അങ്കം (പാട്.)

അസ്വപ്നതാംബൂലരാഗം=അസ്വപ്നം (ഉറക്കം ഇല്ലായ്ക) കൊണ്ടും താംബൂലംകൊണ്ടും ഉള്ള രാഗം (ചുകപ്പ്.) മൂലത്തിലുള്ള "അപര" ശബ്ദത്തിന്റെ താല്പര്യമായി "അസ്വപ്നം" എന്ന് "ശൃംഗാരദീപിക"യിൽ വ്യാഖ്യാനിച്ചിട്ടുള്ളതാണ്.

കോപാവഹം=കോപത്തെ ഉണ്ടാക്കുന്നത്.

ചിരം ആലോക്യ=ഏറനേരം നോക്കീട്ട്.

ലീലാകഞ്ജം=ലീലക്കായിട്ടുള്ള കഞ്ജം (താമരപ്പൂവ്.)

കേരള സാഹിത്യ അക്കാദമി

അദ്യാരഭ്യ നഹി പ്രിയേ പുനരഹം
മാനസ്യ വാ ഭാജനം
ഗൃഹ്ണീയാം വിഷരൂപിണശ്ശഠമതേ-
ർന്നാമാപി സംക്ഷേപതഃ
കിം തേനൈവ വിനാ ശശാങ്കകിരണ-
സ്പഷ്ടാട്ടഹാസാ നിശാ
നൈകോ വാ ദിവസഃ പയോദമലിനോ
യായാന്മമ പ്രാവൃഷി. (൭.)

ഈർഷ്യാകലഹത്തെ ത്യജിക്കുന്നതിനു സഖിയാൽ പ്രാർത്ഥിതയായ നായിക കോപാതിശയത്താൽ പറയുന്നു.

ഇക്കാലത്തു മുതൽക്കു മാനവുമെനി-
ക്കായാളിലുണ്ടാകയി-
ല്ലക്കാക്കോടകനാം ശഠന്റഭിധയും
ഞാൻ തെല്ലുമേ ചൊല്ലിടാ

നോക്കാമായവനെപ്പിരിഞ്ഞിഹ ശരൽ-
കാലത്തിലേ രാത്രിയോ
നൽക്കാർകൊണ്ടൊരു വർഷകാലദിനമോ
പോക്കാനെനിക്കാവതോ.

കാർക്കോടകൻ=വിഷസ്വരൂപൻ.

അഭിധ=പേര.

ശഠാന്യസ്യാഃ കാഞ്ചീമണിരണിതമാകർണ്യ സഹസാ
യദാശ്ലിഷ്യന്നേവ പ്രശിഥിലഭുജഗ്രന്ഥിരഭവഃ
തദേതൽ ക്വാചക്ഷേ ഘൃതമധുമയത്വൽബഹുവചോ-
വിഷേണാഘൂർണ്ണന്തീ കിമപി ന സഖീ മേ ഗണയതി. (ശെ)

ക്രീഡാസമയത്തിൽ അന്യനായികയുടെ കാഞ്ചിശബ്ദം കേട്ട് സഹസാ ചലിച്ച നായകനോട് കുപിതയായ നായിക പറയുന്നു.

കഷ്ടാ! കൈതവശീല! മററവളുടേ
കാഞ്ചീരവം കേട്ടു നീ
കഷ്ടാശ്ലു ശ്ലഥബന്ധമാക്കിയിഹ മാം
പുൽകിശ്ശയിച്ചീടവേ
അഷ്ടാ ചൊൽവനിതാരൊടെൻെറ സഖിയും
കൂട്ടാക്കയില്ലേതുമേ
നെയ്യായും മധുവായുമുള്ള ബഹുനിൻ-
പൊയ്‌വാഗ്വിഷാഘൂർണ്ണിതാ.

കൈതവശീല=ധൂർത്ത! സംബുദ്ധി.

കാഞ്ചീരവം=കാഞ്ചിയുടെ (അരഞ്ഞാണിൻെറ) രവം (ശബ്ദം.)

ശ്ലഥബന്ധം=അയഞ്ഞകെട്ടോടു കൂടിയത്.

നെയ്യായും മധുവായുമുള്ള ബഹുനിൻപൊയ്‌വാഗ്വിഷാ

പ്ലുഷ്ടിതാ=നെയ്യും തെനും പോലെ പ്രത്യേകം പത്ഥ്യമായും യോഗത്തിൽ വിഷരൂപമായും ഉള്ള ബഹുക്കളായ നിന്റെ പൊയ് വാക്കുകളാൽ ആപ്ലുഷ്ടിതാ (തലചുററിക്കപ്പെട്ടവൾ.) ഇത് സഖിയുടെ വിശേഷണമാകുന്നു. നെയ്യും തേനും ചേൎന്നാൽ വിഷത്തിന്റെ ഫലത്തെ ചെയ്യുമെന്നു പ്രമാണം ഉണ്ട്.

ശൂന്യം വാസഗൃഹം വിലോക്യ ശയനാദുത്ഥായ കിഞ്ചിച്ഛനൈ-
ൎന്നിദ്രാവ്യാജമുപാഗതസ്യ സുചിരം നിൎവ്വൎണ്ണ്യ പത്യുൎമ്മുഖം
വിസ്രബ്ധം പരിചുംബ്യ ജാതപുളകാമാലോക്യ ഗണ്ഡസ്ഥലീം
ലജ്ജാനമ്രമുഖീ പ്രിയേണ ഹസതാ ബാലാഭവച്ചുംബിതാ (൨൮)

നായകൻ കപടമായി ഉറങ്ങിക്കിടന്ന് നായികയെ വഞ്ചിച്ചു രമിപ്പിച്ച പ്രകാരത്തെ കവി പറയുന്നു.

വീക്ഷിച്ചേകാന്തമായപ്പുരമറി ശയനാൽ
ചെററെഴുന്നേററു മന്ദം
സൂക്ഷിച്ചോട്ടേറ നേരം കൃതകപടമുറ-
ങ്ങുന്ന കാന്തന്റെ വക്ത്രം
ചുംബിച്ചാശങ്കയെന്യേ കലിതപുളകമായ്
കണ്ടു ഗണ്ഡസ്ഥലത്തെ-
ച്ചുംബിക്കപ്പെട്ടു ലജ്ജാനതമുഖി ഹസതാ
പ്രാണനാഥേന ബാലാ.

കൃതകപടം=കള്ളം കാണിച്ച് (ഉറങ്ങുന്ന)

വക്ത്രം=മുഖത്തെ.

കലിതപുളകം=കലിതമായ (അങ്കുരിതമായ) പുളകത്തോടു (രോമാഞ്ചത്തോടു) കൂടിയത്.

ലജ്ജാനതമുഖി=ലജ്ജകൊണ്ടു താഴ്ത്തിയ മുഖത്തോടു കൂടിയ (ബാലാ.)

ഹസതാ പ്രാണനാഥേന=ഹസിക്കുന്ന പ്രാണനാഥനാൽ (ചുംബിക്കപ്പെട്ടു.)

പാദാസക്തേ സുചിരമിഹ തേ
 വാമതാ കൈവ കാന്തേ
സന്ധാരംഭേ പ്രണയിനി ജനേ
 കോപനേ കോപരാധഃ
ഇത്ഥം തസ്യാഃ പരിജനഗിരാ
 കോപവേഗേ പ്രശാന്തേ
ബാഷ്പോൽഭേദൈസ്സഹ സഹസാ
 ന സ്ഥിതം ന പ്രവൃത്തം. (൨൩)

കുപിതയായ നായികയ്ക്കു സഖിയുടെ ഉപാലംഭത്താൽ ഉണ്ടായ അവസ്ഥയെ കവി വർണ്ണിക്കുന്നു.

ഹേ രംഭോരു! വിരോധമെന്തു സുചിരം കാൽ കൂപ്പുമിക്കാന്തനോ-
ടാരംഭത്തിനു താമസിക്കിലവനെന്താഗസ്സയേ കോപനേ!
പാരം പൊങ്ങിയ കോപമിങ്ങനെ സഖീവാചാ ശമിച്ചീടുമ-
ന്നേരം പെണ്ണിനു തോന്നുമില്ല മിഴിയിൽ നീർ വാന്നുമില്ലഞ്ജസാ.

ആരംഭം=അനുനയിപ്പിക്കുന്നതിനുള്ള ആരംഭം.
സഖീവാചാ=സഖിയുടെ വാക്കിനാൽ.

കഥമപി കൃതപ്രത്യാപത്തൌ പ്രിയേ സ്ഖലിതോത്തരേ
വിരഹകൃശയാ കൃത്വാ വ്യാജം പ്രകല്പിതമശ്രുതം
അസഹനസഖീശ്രോത്രപ്രാപ്തിം വിശങ്ക്യ സസംഭ്രമം
വിവലിതദൃശാ ശൂന്യേ ഗേഹേ സമുച്ഛ്വസിതം പുനഃ. (൨൪)

കേരള സാഹിത്യ അക്കാദമി

തിരസ്കൃതനായ നായകനു പുനരാഗമനാനന്തരം സംഭവിച്ച സ്ഖലിതത്താൽ നായികയ്ക്കുണ്ടായ ചേഷ്ടാവിശേഷത്തെ കവി പറയുന്നു.

കഷ്ടപ്പെട്ടു വിയോഗിനീ കഥമപി
പ്രത്യാഗതൻ കാമുകൻ
ദ്വിഷ്ടസ്ത്രീയുടെ പേരു ചൊല്ലിയതു കേ-
ട്ടില്ലെന്നു ഭാവിക്കിലും
ധൃഷ്ടം തൻസഖി കേട്ടിതോ പരമിതെ-
ന്നുൽഭ്രാന്തയായ് സംശയാ-
വിഷ്ടാ വേല്ലിതദൃഷ്ടി വേശ്മ വിജനം
കണ്ടാശ്വസിച്ചീടിനാൾ.

വിയോഗിനീ=വിരഹമുള്ളവൾ.

പ്രത്യാഗതൻ=തിരിച്ചു വന്നവൻ.

ദ്വിഷ്ടസ്ത്രീ=ദ്വിഷ്ടയായ (ശത്രുവായ) സ്ത്രീ (സപത്നീ.)

സംശയാവിഷ്ടാ=സംശയത്താൽ ആവിഷ്ടാ (ബാധിക്കപ്പെട്ടവൾ.)

വേല്ലിതദൃഷ്ടി=വേല്ലിതകളായ (ചുറ്റും അയക്കപ്പെട്ട) ദൃഷ്ടികളോടു കൂടിയവളായിട്ട്.

വേശ്മ=ഗൃഹത്തെ (വിജനമായിട്ടു കണ്ട്.)

പശ്ചാശ്ലേഷവിശീർണ്ണചന്ദനരജഃ-
പുഞ്ജപ്രകർഷാദിയം
ശയ്യാ സംപ്രതി കോമളാംഗി പരുഷേ-
ത്യാരോപ്യ മാം വക്ഷസി
ഗാഢോപഗൂഹപീഡനാകുലതയാ
പാദാഗ്രസന്ദംശകേ-
നാകൃഷ്യാംബരമാത്മനോ യദുചിതം
ധൂർത്തേന തൽ പ്രസ്തുതം (൭)

തന്നെ നായകൻ രമിപ്പിച്ച പ്രകാരത്തെ നായിക ഇഷ്ട സഖിയോടു പറയുന്നു.

പാടീരപ്പൊടി വീണു പാരമധുനാ പാരുഷ്യമീ മെത്തമേൽ
വാടീടൊല്ലയി പല്ലവാംഗി! തവ മെയ്യെന്നേററി മാറത്തു മാം
കൂടീട്ടും പരിരംഭചുംബനരസാവേശേന കാൽകൊണ്ടു താൻ
ശാടീബന്ധമകററിയക്കിതവനാലാരബ്ധമാത്മോചിതം.

പാടീരപ്പൊടി=ചന്ദനപ്പൊടി.

പാരുഷ്യം=മാർദ്ദവമില്ലായ്ക.

പല്ലവാംഗി=തളിർപോലെ സുകുമാരങ്ങളായ അംഗങ്ങൾ ഉള്ളവളേ! സംബുദ്ധി.

പരിരംഭചുംബനരസാവേശേന=ആലിംഗനത്തിനും ചുംബനത്തിനും ഉള്ള രസത്തിന്റെ ആവേശം കൊണ്ട്.

ശാടീബന്ധം=വസ്ത്രത്തിന്റെ കെട്ട്.

ആരബ്ധം=ആരംഭിക്കപ്പെട്ടു.

ആത്മോചിതം=തനിക്ക് ഉചിതമായിട്ടുള്ളത് (തൽകാലയോഗ്യമായ കർമ്മം.)

അച്ഛിന്നം നയനാംബു ബന്ധുഷു കൃതം
ചിന്താ ഗുരുഷ്വർപ്പിതാ
ദത്തം ദൈന്യമശേഷതഃ പരിജനേ
താപസ്സഖീഷ്വാഹിതഃ
അദ്യ ശ്വഃ പരനിർവൃതിം ഭജതി സാ
ശ്വാസൈഃ പരം ഖിദ്യതേ
വിസ്രബ്ധോ ഭവ വിപ്രയോഗജനിതം
ദുഃഖം വിഭക്തം തയാ. (വൈ)

ഉദാസീനനായ നായകനോടു നായികയുടെ അവസ്ഥയെ സഖി പറയുന്നു.

ബന്ധുക്കൾക്കാക്കി ബാഷ്പോദകഝരിക ഗുരു-
ക്കൾക്കുമശ്രാന്തചിന്താം
ചിന്തും ദൈന്യത്തെയെല്ലാം പരിജനമതിനും
താപമത്തൊഴിമാക്കും
സന്ധിപ്പിച്ചന്യരിൽ തന്നഴൽ പരമസുഖം
ശ്വാസമാത്രേണ ഖിന്നാ
പരെതാക്കും കൊങ്കയാൾ ചേൎന്നിടുമുടനെയിനി
സ്വൈരമായ് നീയിരിക്ക.

ബാഷ്പോദകഝരിക=കണ്ണുനീരിന്റെ പ്രവാഹം.

അശ്രാന്തചിന്താം=ഇടവിടാതുള്ള വിചാരത്തെ.

ശ്വാസമാത്രേണ ഖിന്നാ=ശ്വാസമാത്രത്തോടു കൂടി ദുഃഖിച്ചു കൊണ്ടിരിക്കുന്നവൾ- സകലചേഷ്ടകളും പോയിട്ടു ശ്വാസം വലിക്കുന്നതുകൊണ്ടു മാത്രം ജീവനുണ്ടെന്നു ബോധപ്പെടത്തക്കവണ്ണം കഷ്ടപ്പെടുന്നു എന്നു താല്പൎയ്യം.

പരമസുഖം=പരമമായ സുഖത്തെ. ഒരിക്കലും ദുഃഖമുണ്ടാകാത്തവിധത്തിലുള്ള പരലോകസുഖത്തെ (ചേൎന്നിടും.)

സ്ഫുടതു ഹൃദയം കാമഃ കാമം കരോതു കൃശാം തനും
ന സഖി ചടുലപ്രേമ്ണാ കാൎയ്യം പുനൎദ്ദയിതേന മേ
ഇതി സരഭസം മാനാടോപാദുദീൎയ്യ വചസ്തയാ
രമണപദവീ സാരംഗാക്ഷ്യാ സശങ്കിതമീക്ഷിതാ. (൬൨)

കോപാവസരത്തിലും പ്രേമാതിശയത്താൽ നായികയ്ക്കുണ്ടായ ചേഷ്ടാവിശേഷത്തെ കവി പറയുന്നു.

ദേഹത്തെക്കൃശമാക്കിടട്ടലർശരൻ
പൊട്ടട്ടെയെൻ നെഞ്ചകം
സ്നേഹസ്ഥൈൎയ്യമകന്ന കാന്തനെയിനി-
ക്കാണേണ്ടെനിക്കെൻ സഖി!

മോഹത്താലതിമാനിനീ സരഭസം
ചൊന്നേവമീക്ഷിച്ചു സാ
ഗേഹസ്ഥാ ഭയസംഭ്രമേണ രമണൻ-
തൻമാൎഗ്ഗമേണേക്ഷണാ.

അതിമാനിനീ=ഏററവും മാനമുള്ളവൾ.
ഗേഹസ്ഥാ=ഗൃഹത്തിൽ ഇരിക്കുന്നവൾ.
ഭയസംഭ്രമേണ=ഭയംകൊണ്ടുള്ള സംഭ്രമത്തോടു കൂടെ.
രമണൻതൻമാൎഗ്ഗം=രമണന്റെ (ഭൎത്താവിന്റെ) മാൎഗ്ഗത്തെ (ഈക്ഷിച്ചു.)

ലീലാതാമരസാഹതോന്യവനിതാനിശ്ശങ്കദഷ്ടാധരഃ
പ്രേയാൻ കേസരദൂഷിതേക്ഷണ ഇവ വ്യാമീല്യ നേത്രേ സ്ഥിതഃ
കാന്താ കുട്മളിതാനനേന ദധതീ വായും സ്ഥിതാ തത്ര സാ
ഭ്രാന്ത്യാ ധൂൎത്തതയാ തദാ നതിമൃതേ തേനാഭവച്ചുംബിതാ (വ്യം)

അപരാധിയായ നായകൻ കുപിതയായ നായികയെ വഞ്ചനം കൊണ്ടു് അനുസരിപ്പിച്ച പ്രകാരത്തെ കവി പറയുന്നു.

നന്നായന്യാരദാങ്കം പ്രിയനുടെയധരേ
കണ്ടു ലീലാംബുജം കൊ-
ണ്ടൊന്നായാളേയടിച്ചാളയവയരുടന-
ക്കേസരം വീണവണ്ണം
നിന്നാൻ ചിമ്മിച്ചു കണ്ണങ്ങവനവളനുതാ
പത്തൊട്ടൂതിടുവാനായ
ചെന്നാളദ്ധൂൎത്തനപ്പോളനുനയനതിയെ-
ന്ന്യേ പ്രിയസ്സുമ്മവെച്ചാൻ.

അന്യാരദാംകം=സപത്നിയുടെ ദന്തക്ഷതം.
കേസരം=താമരപ്പൂവിന്റെ അല്ലി.

അനുനയനതി=അനുനയത്തിന്നു വേണ്ടുന്ന നതി (നമസ്കാരം)

പുരാഭൂദസ്മാകം പ്രഥമമവിഭിന്നാ തനുരിയം
തതോനു ത്വം പ്രേയാൻ വയമപി ഹതാശാഃ പ്രിയതമാഃ
ഇദാനീം നാഥസ്ത്വം വയമപി കളത്രം കിമപരം
ഹതാനാം പ്രാണാനാം കുലിശകഠിനാനാം ഫലമിദം. (വ്യ-ഫ)

ക്ഷീയമാണപ്രണയനായ നായകനോടു നായിക പറയുന്നു.

മുന്നത്തേ സ്ഥിതിയോക്കിൽ നമ്മുടെ വപു-
സ്സൊന്നായിരുന്നാദിയിൽ
പിന്നത്തേ നിലയിൽ ഭവാൻ പ്രിയതമൻ
ഭഗ്നാശ ഞാൻ പ്രേയസി
ഇന്നേരം കണവൻ ഭവാനൊരു കള-
ത്രം ഞാനുമീമട്ടിലാ
യെന്നോ വേണ്ടിതു വജ്രനിഷ്ഠുരമതാ-
മിജ്ജീവിതത്തിൽ ഫലം.

ഭഗ്നാശ=ഇച്ഛാഭംഗമുള്ളവൾ.

എന്നോവേണ്ടിതു='എന്നോവേണ്ടു, ഇത്' എന്നു പദം മുറിക്കണം.

വജ്രനിഷ്ഠുരം=വജ്രംപോലെ കഠിനം.

മുഗ്ദ്ധേ മുഗ്ദ്ധതയൈവ നേതുമഖിലം
കാലം കിമാരഭ്യതേ
മാനം ധത്സ്വ ധൃതിം ബധാന ഋജുതാം
ദൂരേ കുരു പ്രേയസി
സഖ്യൈവം പ്രതിബോധിതാ പ്രതിവച-
സ്താമാഹ ഭീതാനനാ

നീചൈശ്ശംസ ഹൃദി സ്ഥിതോ ഹി നനു മേ
പ്രാണേശ്വരശ്ശ്രോഷ്യതി. (൮൨)

ഈൎഷ്യാകോപത്തെ നടിക്കുന്നതിനു സഖിയാൽ ഉപദിഷ്ടയായ നായികയുടെ മൌഗ്ദ്ധ്യാതിശയത്തെ കവി വൎണ്ണിക്കുന്നു.

"പാവം നീ പാവമായി താനനവരതമിരു-
ന്നീടൊലാ കാന്തനോടി-
ബ്ഭാവം മാററിക്കയൎത്തീടുക സരളതയേ
വിട്ടു കയ്ക്കൊണ്ടു ധൈൎയ്യം"
ഈ വണ്ണം തോഴിയോതുംപൊഴുതു മതിമുഖി
സാദ്ധ്വീ സാ സാദ്ധ്വസത്തോ-
ടേവം ചൊന്നാൾ "പതുക്കപ്പറക മനസി മേ
വാഴുമായാളു കേൾക്കും".

അനവരതം=എല്ലാപ്പൊഴും.
സാദ്ധ്വീ=സാധുശീലാ.
സാദ്ധ്വസത്തോടു=ഭയത്തോടു.

ആലംബ്യാംഗണവാപികാപരിസരേ
ചൂതദ്രുമേ മഞ്ജരീം
സൎപ്പത്സാന്ദ്രപരാഗലംപടരണൽ-
ഭൃംഗാംഗനാശോഭിനീം
മന്ഥേ സ്വാം തനുമുത്തരീയശകലേ-
നാച്ഛാദ്യ ബാലാ സ്ഫുരൽ-
കണ്ഠാദ്ധ്വാനനിരോധകമ്പിതകുച-
ശ്വാസോൽഗമാ രോദിതി. (൮൩)

പ്രോഷിതനായ നായകൻ നായികയുടെ അവസ്ഥയെ വിചാരിച്ചു പറയുന്നു.

നീരാഴിക്കരയിൽ പരാഗരസമാൎന്നാരബ്ധഝങ്കാരമായ്
ധരാളം വരിവണ്ടണഞ്ഞു വിലസും മാംവള്ളിയേന്തീട്ടവാം
പാരാതങ്ങുടലുത്തരീയമുറിയാൽ മന്യേ മാച്ചേറിട്ട-
ന്നാരാവത്തെയടക്കിയിന്നു കരയുന്നു ശ്വാസകമ്പ്രസ്തനീ.

പരാഗരസം=പരാഗത്തിൽ (പൂവിൻ പൊടിയിൽ) ഉള്ള താൽപര്യം.

ആരബ്ധഝങ്കാരമായ്=മുരണ്ടുകൊണ്ട്.

ഉത്തരീയം=മേൽപുടക.

മന്യേ=(എനിക്ക്) തോന്നുന്നു. ലട്- ഉത്തമപുരുഷൻ.

ശ്വാസകമ്പ്രസ്തനീ=ശ്വാസംകൊണ്ടു കമ്പ്രങ്ങളായ (ചലി...) സ്തനങ്ങളോടു കൂടിയവൾ.

...ാലോച്യപ്രേമ്ണഃ പരിണതിമനാദൃത്യ സുഹൃദ-
...ാകാണ്ഡേ മാനഃ കിമിതി തരളേ സംപ്രതി കൃതഃ
...കൃഷ്ടാ ഹ്യേതേ പ്രളയദഹനോൽഭാസുരശിഖാ-
...ന്യേനാംഗാരാസ്തദലമധുനാരണ്യരുദിതൈഃ (പ്ര)

...കുപിതയായ നായികയോടു നായകനാൽ സ്വാധീനീകൃത... സഖി പറയുന്നു.

...ിക്കാതവനുള്ളരാഗമന്നവൎത്തിക്കാതെ ബന്ധുക്കളേ
...ിക്കാലമകാരണം കണവനോടന്ധേ! കലമ്പിച്ചു നീ?
...ിക്കട്ടകൾ താൻ യുഗാന്തദഹനോദ്ദീപ്തങ്ങൾ നീ കയ്യിനാ-
...ിക്കാട്ടിലിനിക്കിടന്നു മുറയിട്ടാലാരു കൂട്ടാക്കിടും?

അന്ധേ!=അറിവില്ലാത്തവളേ! സംബുദ്ധി.

യുഗാന്തദഹനോദ്ദീപ്തങ്ങൾ=യുഗാന്തത്തിൽ (പ്രളയകാല...ൽ) ഉള്ള ദഹനൻ(അഗ്നി) പോലെ ഉദ്ദീപ്തങ്ങൾ(ജ്വലിച്ചവ.)

പൊന്തിക്കുട്ടകൾ നീ കയ്യിനാലേന്തി=നീ തന്നെ അനൎത്ഥം ഉണ്ടാക്കിത്തീൎത്തു എന്നു താൽപൎയ്യം.

കാട്ടിൽ * * * * കൂട്ടാക്കിടും?=കേൾക്കാനുള്ള ആൾ ഇല്ലാത്ത ദിക്കിൽവച്ചു നിലവിളിച്ചാൽ എന്തു പ്രയോജനം?

കപോലേ പത്രാളീ കരതലനിരോധേന മൃദിതാ
നിപീതോ നിശ്ശ്വാസൈരയമമൃതഹൃദ്യോധരരസഃ
മുഹുഃ കണ്ഠേ ലഗ്നസ്തരളയതി ബാഷ്പഃസ്തനതടീം
പ്രിയോ മന്യുൎജ്ജാതസ്തവ നിരനുരോധേ ന തു വയം. (വൃഭ)

കുപിതയായ നായികയോടു നായകൻ പറയുന്നു.

പത്തിക്കീററു കവിൾത്തടത്തിലമരും കയ്യാൽ പ്രമൃഷ്ടം സുധാസത്തിന്നൊത്തിയലും ത്വദാധരരസം നിശ്ശ്വാസനിഷ്പീതമായ്
എത്തിക്കണ്ഠമണഞ്ഞു പോർമുല ചലിപ്പിക്കുന്നു കണ്ണീർ പ്രകോപത്തിന്നായ് പ്രിയഭാവമിന്നു ദുരാരാദ്ധ്യേ! നമുക്കുദ്ധതമായ്.

പ്രമൃഷ്ടം=തുടയ്ക്കപ്പെട്ടു.

സുധാസത്തിന്നൊത്തിയലും=അമൃതരസത്തോടുതുല്യമായ.

നിശ്ശ്വാസനിഷ്പീതം=നിശ്ശ്വാസത്താൽ പാനം ചെയ്യപ്പെട്ടതു. (നകരപ്പെട്ടതു എന്നും വററിക്കപ്പെട്ടതു എന്നും.)

പ്രകോപത്തിന്നായ് * * * * ഉദ്ധതമായ്=ഭൎത്താവിന്റെ അംഗങ്ങളാൽ ചെയ്യപ്പെടുന്ന പത്തിക്കീററു തുടയ്ക്കു മുതലായ പ്രവൃത്തികൾ കോപത്തിന്റെ അംഗങ്ങൾ തന്നെ ചെയ്കയാൽ ഇപ്പോൾ ഞാൻ അല്ല കോപം തന്നെ നിനക്കു പ്രിയനായി തീൎന്നിരിക്കുന്നു എന്നു താൽപൎയ്യം.

ആയാതേ ദയിതേ മനോരഥശതൈൎന്നീത്വാ കഥഞ്ചിദ്ദിനം
വൈദഗ്ദ്ധ്യാപഗമാജ്ജഡേ പരിജനേ ദീൎഘാം കഥാം കുൎവതി

ദൃഷ്ടാസ്മീത്യഭിധായ സത്വരപദം വ്യാധൂയ ചീനാംശുകം
തന്വംഗ്യാ രതികാതരേണ മനസാ നീതഃ പ്രദീപശ്ശമം. (വ്യന്ന)

നായകൻ ദേശാന്തരത്തിൽ നിന്നു വന്ന ദിവസം രാത്രിയിൽ ക്രീഡയ്ക്കുള്ള ബദ്ധപ്പാടിനാൽ നായിക ചെയ്ത പ്രവൃത്തിയെ കവി വർണ്ണിക്കുന്നു.

കാന്തൻ പോയ്വന്ന ശേഷം കഥമപി പകലൽ-
കണ്ണയോടേ കഴിച്ചി-
ട്ടന്തർഗ്ഗേഹത്തിലെത്തിജ്ജഡസഖികൾ കഥാ-
വിസ്തരം ചെയ്തിട്ടുമ്പോൾ
എന്തോയെന്നോക്കടിച്ചെന്നധികവിവശയായ്
ചൊല്ലി വസ്ത്രം കുടഞ്ഞു-
ട്ടന്തേൻനേർവാണിയേററം രതിരഭസഭരം
പൂണ്ടു ദീപം കെടുത്തി.

ജഡസഖികൾ=ജഡകളായ (വിഡ്ഢികളായ) സഖികൾ.
കഥാവിസ്തരം=വിസ്തരിച്ച് ഓരോ വർത്തമാനം പറക.
രതിരഭസഭരം=രതിയ്ക്കുള്ള ബദ്ധപ്പാടിൻെറ ആധിക്യം.

രോഹന്തൌ പ്രഥമം മമോരസി തവ
പ്രാപ്തൌ വിവൃദ്ധിം സ്തനൌ
സല്ലാപാസ്തവ വാക്യഭംഗിമിളനാ
മൌഗ്ദ്ധ്യം പരം ത്യാജിതാഃ
ധാത്രീകണ്ഠമപാസ്യ ബാഹുലതികേ
കണ്ഠേ തവാസഞ്ജിതേ
നിദ്രാക്ഷിണ്യ കരോമി കിം ന വിശിഖാ-
പ്രേഷാ ന പന്ഥാസ്തവ. (വ്യ)

ബാല്യം മുതൽ കൃതപരിചയനായിരുന്നതിന്റെ ശേഷം ഉദാസീനനായ നായകനെ യദൃച്ഛയാ കണ്ടപ്പോൾ നായിക മുള്ള പറയുന്നു.

എൻമാറിൽ പൂവ്മുണ്ടായൊരു മുലയിണ നിൻ-
മാറിലത്രേ വളൎന്നു
നിൻവാക്യത്തോടു ചേൎന്നെന്നുടെ മൊഴിയതിനി-
ല്ലാതയായ് മുഗ്ദ്ധഭാവം
എൻബാഹുക്കൾക്കു ധാത്രീഗളതലമറ്റു വി-
ട്ടാശ്രയം നിൻകഴുത്തായ്
നിൻമാൎഗ്ഗം നിൎദ്ദയാഗ്രേസര! തെരുവുമിത-
ല്ലാതയായെന്തു ചെയ്യൂ?.

മുഗ്ദ്ധഭാവം=ബാല്യകാലത്തിൽ (വാക്കിനുള്ള) അപ്രഗല്ഭത.
ധാത്രീഗളം=ധാത്രിയുടെ (എടുത്തുവളൎത്തിയ അമ്മയുടെ) ഗളം (കഴുത്ത്.)
നിൎദ്ദയാഗ്രേസര!=നിൎദ്ദയന്മാരിൽ വച്ചു അഗ്രേസര (അഗ്രഗണ്യ) സംബുദ്ധി.

ചക്ഷുഃപ്രീത്യാ നിഷണ്ണേ മനസി പരിചയാ-
ച്ചിന്ത്യമാനേപ്യുപായേ
യാതേ രാഗേ വിവൃദ്ധിം പ്രവിസരതി ഗിരാം
വിസ്തരേ ദൂതികായാഃ
ആസ്താം ദൂരേ സ താവൽ സരഭസദയിതാ-
ലിംഗനാനന്ദലാഭ-
സ്തൽഗേഹോപാന്തരഥ്യാഭ്രമണമപി പരാം
നിവൃതിം സന്തനോതി. (൮൮)

കഴിഞ്ഞ കഥയെ വിചാരിച്ചു ജാതകുതുകനായ നായകൻ വയസ്യനോടു പറയുന്നു.

കണ്ണിന്നാഹ്ലാദമുണ്ടായ് ഹൃദയമതു പതി-
ഞ്ഞോത്തുപായങ്ങളേററം
വണ്ണിച്ചസ്നേഹമെൻദ്ദൂതിയുടെ മൊഴികളും
ചെന്നുകൊണ്ടങ്ങിരിക്കേ
എണ്ണിക്കൂടാത്തൊരാലിംഗനസുഖമതിരി-
ക്കട്ടെയെന്നോമലാമ-
പ്പെണ്ണിൻവീട്ടിന്നടുക്കൽ പെരുവഴിയിൽ നട
ക്കുന്നതും ബ്രഹ്മസൌഖ്യം.

ആദ്യം നായികയെ കാണുകയും പിന്നെ നായികയിൽ മനസ്സു പതിയുകയും പിന്നീടു ഇഷ്ടസിദ്ധിക്ക് ഉപായങ്ങൾ ചിന്തിക്കയും ക്രമേണ അനുരാഗം വദ്ധിക്കയും അനന്തരം ദൂതിയുടെ മുഖേന വത്തമാനങ്ങൾ നായികയെ അറിയിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോൾ നായികയുടെ ആലിംഗനത്താൽ ഉണ്ടാകുന്ന ഭാവിയായ അപാരസുഖം വിചാരിച്ചാൽ അവണ്ണനീയമാകുന്നു എങ്കിലും ആ നായികയുടെ ഗൃഹത്തിൻെറ സമീപത്തിൽ ഉള്ള വഴികളിൽ സഞ്ചരിക്കുന്നതു കൂടെ ബ്രഹ്മാനന്ദമായി തോന്നുന്നു എന്നു താൽപയ്യം.

കരകിസലയം ധൃത്വാ ധൃത്വാ വിളംബിതമേഖലാ
ക്ഷിപതി സുമനോമാലാശേഷം പ്രദീപശിഖാം പ്രതി
സ്ഥഗയതി മുഹുഃ പത്യുന്നേത്രേ വിഹസ്യ സമാകുലാ
സുരതവിരതൌ രമ്യം തന്വീ പുനഃ പുനരീക്ഷ്യതേ (വൃന്ദ)

ക്രീഡാനന്തരം നായകനിരീക്ഷണത്താൽ ലജ്ജിതയായ നായികയുടെ ചേഷ്ടയെ കവി വണ്ണിക്കുന്നു.

കാമക്രീഡ കഴിഞ്ഞ വേള യിലഴി-
ഞ്ഞക്കാഞ്ചി കാലിൽ തട-

ഞ്ഞോമൽ കയ്ത്തളിർ വീശി വീശി വിവശം
ദീപം കെടുത്തിടുവാൻ
സ്സാമർത്ഥ്യത്തോടെറിഞ്ഞു മാല്യമുറിയെ-
ക്കാന്തന്റെ കൺ പൊത്തിടു-
ന്നാമൽക്കണ്ണി ചിരിച്ചു ഭംഗിയതവൻ
നോക്കുന്നു കൌതൂഹലാൽ.

മാല്യമുറി=മാല്യത്തിന്റെ (മാലയുടെ) മുറി.
ഭംഗി=ഠരംവിധമുള്ള ചേഷ്ടകളുടെ ഭംഗി.

പരാചീ കോപേന സ്ഫുടകപടനിദ്രാമുകുളിതാ
പ്രവിശ്യാംഗേനാംഗം പ്രണയിനി പരീരംഭചതുരേ
ശനൈർന്നീവീബന്ധം സ്പൃശതി സഭയവ്യാകുലകരം
വിധത്തേ സംകോചസ്ഫുരിതമവലഗ്നം വരതനുഃ. (൩൦)

കുപിതയായ നായിക നായകന്റെ പ്രവൃത്തിവിശേഷത്താൽ കാണിച്ച ചേഷ്ടയേ കവി പറയുന്നു.

കോപം കൊണ്ടു തിരിഞ്ഞു ശയ്യയിലണ-
ഞ്ഞേണേക്ഷണാ വ്യാജമായ്
സ്വാപം ചെയ്യിടവേ പുണർന്നു നിപുണൻ
പ്രാണേശ്വരൻ മാന്മഥം
താപം പൂണ്ടു പതുക്കെയംശുകമഴി-
ക്കാനാഞ്ഞിടുമ്പോൾ ഭുജ-
ക്ഷേപം ചെയ്തഥ നീവിയേററവുമുറ-
പ്പിക്കുന്നു ചിക്കെന്നവൾ.

മാന്മഥം താപം=കാമപീഡ.
ഭുജക്ഷേപം=ഭുജങ്ങളുടെ ക്ഷേപം (ഉതറുക.)
നീവി=വസ്ത്രത്തിന്റെ കെട്ട്.

ആ ദൃഷ്ടിപ്രസരാൽ പ്രിയസ്യ പദവീ-
മുദ്വീക്ഷ്യ നിർവ്വിണ്ണയാ
വിശ്രാന്തേഷു പഥിഷ്വഹഃ പരിണതൌ
ധ്വാന്തേ സമുത്സർപ്പതി
ദത്വൈകം സശുചാ ഗൃഹം പ്രതി പദം
പാന്ഥസ്ത്രിയാസ്മിൻ ക്ഷണേ
മാഭൂദാഗത ഇത്യമന്ദവലിത
ഗ്രീവം പുനർവ്വീക്ഷിതം. (൬൯)

പ്രോഷിതനായ നായകന്റെ വരവിനേ കാത്തു നിൽക്കുന്ന നായികയുടെ ഔത്സുക്യത്തെ കവി വർണ്ണിക്കുന്നു.

നോക്കിക്കണ്ണെത്തുവോളം കണവനുടെ വഴി-
ക്കാശ വിട്ടെങ്ങുമേയാൾ
പോക്കില്ലാതന്തിനേരം വഴികളിലിരുളേ-
റിത്തുടങ്ങീടുമപ്പോൾ
വീട്ടിൻ നേർക്കായ് വിഷാദിച്ചൊരടി വിരഹിണീ
വച്ചുകൊണ്ടിക്ഷണത്തിൽ
പ്രേഷ്ഠൻ വന്നേക്കുമോയെന്നുടനെ വലിതയായ്
പിന്നെയും കണ്ണയച്ചാൾ.

വിരഹിണീ=വിരഹമുള്ളവൾ.
വലിത=പിൻതിരിഞ്ഞവൾ.

ദേശൈരന്തരിതാ ശതൈശ്ച സരിതാ-
മുർവ്വീഭൃതാം കാനനൈ-
ര്യത്നേനാപി ന യാതി ലോചനപഥം
കാന്തേതി ജാനന്നപി
ഉൽഗ്രീവശ്ചരണാഗ്രരുദ്ധവസുധഃ
പ്രോന്മൃജ്യ സാസ്രേ ദൃശൌ

താമാശാം പഥികസ്സദൈവ കിമപി-
ധ്യായൻ മുഹുർവ്വീക്ഷതേ. (൩൮)

വിരഹിയായ നായകന്റെ ഔത്സുക്യത്തെ കവി വൎണ്ണിക്കുന്നു.

നാടും മേടും കൊടുങ്കാടുകൾ പുഴകളനേ-
കം കടന്നെത്തിടേണ്ടു-
ന്നേടത്തുള്ളോരു തൻകാന്തയെയൊരുവിധവും
കാണ്മതല്ലെന്നറിഞ്ഞും
കൂടക്കൂടക്കിളുത്തിഗ്ഗളമതു മിഴിനീർ
പോക്കിയദ്ദിക്കിലേക്കാ-
യാടൽപ്പെട്ടുള്ളിലെന്തോ നിനവൊടു വിരഹീ
നോക്കിടുന്നാക്കമോടേ.

ഗളം=കഴുത്ത്.
വിരഹീ=ഭാൎയ്യയോടു പിരിഞ്ഞ പുരുഷൻ.

കേരള സാഹിത്യ അക്കാദമി

സ്വിന്നം കേന മുഖം ദിവാകരകരൈരസ്സേ രാഗിണീ ലോചനേ
രോഷാത്തദ്വചനോദിതാദപിലുളിതാ നീലാളകാ വായുനാ
ഭ്രഷ്ടം കുങ്കുമമുത്തരീയകഷണാൽ ക്ലാന്താസി ഗത്യാഗതൈ-
ർവ്യക്താം തൽ സകലം കിമത്ര വദഥേ ദൂതി ക്ഷതസ്യാധരേ (൩൯)

നായകനേ കൂട്ടിച്ചുകൊണ്ടുവരുന്നതിനു പോയി ലക്ഷ്യമാണസംഭോഗചിഹ്നയായി തിരിച്ചു വന്ന സഖിയും നായികയും തമ്മിലുള്ള ഉക്തി പ്രത്യുക്തികൾ.

വക്ത്രമെന്തിതു വിയൎത്തു ഹന്ത വെയിൽ-
കൊണ്ടു കണ്ണരുണമായവ-
നുക്തി കേട്ടൊരു രുഷാ കറുത്തൊരള-
കങ്ങൾ ചിന്നിയതു തെന്നലാൽ

പത്രലേഖയിതു മാഞ്ഞു വസ്ത്രകഷ-
ണാൽ തളൎന്നതു നടപ്പിനാൽ
യുക്തമോതിയതശേഷവും പറക
ദൂതി! ചുണ്ടിൽ മുറിവെന്തു തേ?.

വക്ത്രമെന്തിതു വിയൎത്തു ഹന്ത? നായികയുടെ ചോദ്യം. വെയിൽ കൊണ്ടു- ദൂതിയുടെ ഉത്തരം- ഒരം ക്രമത്തിൽ ഗ്രഹിച്ചുകൊൾക.

അവനുക്തികേട്ടൊരുരുഷാ=അവന്റെ ധാൎഷ്ട്യമുള്ള വാക്കു കേട്ടിട്ടുണ്ടായ കോപം കൊണ്ട്.

പത്രലേഖ=പത്തിക്കീറു.

വസ്ത്രകഷണാൽ=മുണ്ടുകൊണ്ടുരഞ്ഞിട്ട്.

ചുണ്ടിൽമുറിവെന്തു തേ?=നായികയുടെ എല്ലാചോദ്യങ്ങൾക്കും ദൂതി സമാധാനം പറഞ്ഞപ്പോൾ ഉത്തരം മുട്ടത്തക്കവണ്ണം ദന്തക്ഷതത്തിന്റെ കാരണം ചോദിക്കുന്നു.

കഠിനഹൃദയേ മുഞ്ച ഭ്രാന്തിം വ്യളീകകഥാശ്രയാം
പിശുനവചനൈൎദ്ദുഃഖം നേതും ന യുക്തമിമം ജനം
കിമിദമഥവാ സത്യം മുഗ്ദ്ധേ ത്വയാദ്യ വിനിശ്ചിതം
യദഭിരുചിതം തന്മേ കൃത്വാ പ്രിയേ സുഖമാസ്യതാം. (ൻ൬)

കുപിതയായ നായികയോടു നായകൻ അനുനയം പറയുന്നു.

വിട്ടാലും കഠിനേ! വ്യളീകകഥയെച്ചേൎന്നുള്ള വിഭ്രാന്തിയെ-
പ്പെട്ടെന്നേഷണി കേട്ടു നീ ജനമിമം കഷ്ടപ്പെടുത്തീടൊലാ
തിട്ടപ്പെട്ടിതു സത്യമായ് കരുതിയോ? മുഗ്ദ്ധേ! ഫലിപ്പിച്ചു മേ
ചട്ടററുള്ളൊരഭീഷ്ടമെൻപ്രിയതമേ! വാണീടുകാനന്ദമായ്.

വ്യളീകകഥ=അപരാധത്തിന്റെ കഥ.

ജനമിമം=ഒരം ജനത്തെ (എന്നെ.)

ഭ്രൂഭേദോ ഗുണിതശ്ചിരം നയനയോ-
　　രഭ്യസ്തമാമീലനം
രോദ്ധും ശിക്ഷിതമാദരേണ ഹസിതം
　　മൌനേഽഭിയോഗഃ കൃതഃ
ധൈൎയ്യം കൎത്തുമപി സ്ഥിരീകൃതമിദം
　　ചേതഃ കഥഞ്ചിന്മയാ
ബദ്ധോ മാനപരിഗ്രഹേ പരികര-
　　സ്സിദ്ധിസ്തു ദൈവേ സ്ഥിതാ. (൩൯)

ഈൎഷ്യാകോപത്തെ നടിക്കുന്നതിനു സഖിയാൽ പ്രേരിതയായ മുഗ്ദ്ധനായിക സഖിയോടു പറയുന്നു.

ചില്ലീഭംഗം കഴിച്ചേനരുതവനവധിയ-
　　ക്കണ്ണടപ്പഭ്യസിച്ചേൻ
സല്ലീലാഹാസവും സല്പചിതമതുമട-
　　ക്കാൻ പഠിച്ചേൻ ചിരം ഞാൻ
ഇല്ലാതാക്കാൻ മൃദുത്വം ഹൃദയമതു പണി-
　　പ്പെട്ടുറപ്പിച്ചുകൊണ്ടേ-
നെല്ലാമായ് മാനയത്നം മമ ഫലമതു ദൈ-
　　വത്തിനായത്തമത്രേ.

ചില്ലീഭംഗം=പുരികം ചുളുക്കുക.

സല്ലീലാഹാസം=വേണ്ടുംപോലുള്ള മന്ദഹാസം.

സല്പചിതം=സല്ലാപം.

മാനയത്നം=മാനത്തിനായിട്ടുള്ള യത്നം.

ആയത്തം=അധീനം- ഞാൻ വേണ്ട യത്നം ചെയ്തിട്ടുണ്ടെങ്കിലും ഫലം ദൈവാധീനമായിത്തന്നെ ഇരിക്കയൊള്ളു എന്നു താൽപൎയ്യം

ചരണപതനം സഖ്യാലാപാ മനോഹരചാടവഃ
കൃശതരതനോർഗ്ഗാഢാശ്ലേഷോ ഹഠാൽ പരിചുംബനം
ഇതി ബഹുഫലോ മാനാരംഭസ്തഥാപി ച നോത്സഹേ
ഹൃദയദയിതഃ കാന്തഃ കാമം കിമത്ര കരോമ്യഹം. (൩൩)

പ്രണയകലഹം ഭാവിച്ചാൽ പലതും ഗുണമുണ്ടെന്നു ഉപദേശിച്ച സഖിയോടു നായിക പറയുന്നു.

കാന്തൻ കേണു കഴൽക്കു വീണു കരയും
സ്വാന്തം ഹരിക്കുന്ന നൽ-
സാന്ത്വം ചൊല്ലിടുമാൎത്തിയോടു പുണരും
ചുംബിക്കുമത്യാദരാൽ
എന്നെല്ലാം ഗുണമൊണ്ടു മാനമതിനെ-
ന്നാലും മടിയ്ക്കുന്നു ഞാ-
നന്തസ്സ്നേഹമിയന്ന കാന്തനെ നിന-
ച്ചെന്തിങ്ങു ചെയ്യേൻ സഖി.

സ്വാന്തം=മനസ്സ്.
സാന്ത്വം=നല്ലവാക്ക്.

കാന്തേ തല്പമുപാഗതേ വിഗളിതാ
നീവി സ്വയം തൽക്ഷണാൽ
തദ്വാസഃശ്ലഥമേഖലാഗുണധൃതം
കിഞ്ചിന്നിതംബേസ്ഥിതം
ഏതാവൽ സഖി വേദ്മി കേവലമഹം
തസ്യാംഗസംഗേ പുനഃ
കോസൌ കാസ്മി രതം ച കിം കഥമിതി
സ്വല്പാപി മേ ന സ്മൃതിഃ. (൩൪)

ക്രീഡാകാലത്തെ അവസ്ഥയെ നായിക ഇഷ്ടസഖിയോട പറയുന്നു.

തല്പത്തിൽ പ്രിയനെത്തിയപ്പൊളുടനേ സ്രംസിച്ച നിവി സ്വയം
സ്വല്പം നിന്നധിമദ്ധ്യമത്തുകിലഴിഞ്ഞീടുന്ന കാഞ്ച്യാ ധൃതം
ഉം[illegible]പ്പുവിത്രയുമോൎത്തിടുന്നു സഖി! മേ പിന്നീട തന്മൂൎത്തി ചേ-
ൎന്നപ്പോളാരവനാര ഞാൻ രതമതേതെന്നോൎമ്മയില്ലേതുമേ.

തല്പം=കിടക്ക.

അധിമദ്ധ്യം=മദ്ധ്യത്തിൽ (അരയിൽ.

സ്രംസിക്ക=അഴിയുക.

നിവി=വസ്ത്രത്തിന്റെ കെട്ടു്.

കാഞ്ച്യാ ധൃതം=അരഞ്ഞാണിൽ തടഞ്ഞതു്.

തന്മൂൎത്തി=അവന്റെമൂൎത്തി (ശരീരം.) കാമപാരവശ്യംകൊണ്ട ഒന്നും ഓൎമ്മയില്ലെന്നു താൽപൎയ്യം.

നിശ്ശ്വാസാ വദനം ദഹന്തി ഹൃദയം
നിൎമ്മൂലമുന്മൂല്യതേ
നിദ്രാ നൈതി ന ദൃശ്യതേ പ്രിയമുഖം
നക്തന്ദിവം രുദ്യതേ
അംഗം ശോഷമുപൈതി പാദപതിതഃ
പ്രേയാംസ്തഥോപേക്ഷിത-
സ്സഖ്യഃ കം ഗുണമാകലയ്യ ദയിതേ
മാനം വയം കാരിതാഃ. (നവ)

നമസ്കരിച്ച നായകനെ സഖികളുടെ പ്രേരണയാൽ നിരസിച്ച നായിക തന്റെ സങ്കടത്തെ അവരോട പറയുന്നു.

മ്ലാനം നിശ്ശ്വാസദാഹാന്മുഖമകതളിരു-
ന്മൂലിതം ദീനയാം മേ

ന്യൂനം നിദ്രാപ്രസംഗം ദയിതമുഖമദൃ-
ശ്യം സദാ രോദനം താൻ
ഗ്ലാനം ഗാത്രം മെലിഞ്ഞെൻപ്രിയനടിയിൽ നമി
ച്ചിട്ടപേക്ഷിച്ചു ഹാ ഞാൻ
മാനം ചെയ്യിച്ചു മാം കാന്തനിലൊരുഫലമെ-
ന്താപ്തമെൻതോഴിമാരേ?.

മ്ലാനം=വാടിയത് (ആയി.)

നിശ്വാസദാഹാൽ=നിശ്വാസത്തിൻെറ(നെടുവീർപ്പിൻെറ) ചൂട ഹേതുവായിട്ട്.

ഉന്മൂലിതം=വേരോടെ പറിക്കപ്പെട്ടത്.

ന്യൂനം=കുറഞ്ഞത്.

നിദ്രാപ്രസംഗം=നിദ്രയുടെ കഥ.

ദയിതമുഖം=ദയിതൻെറ മുഖം.

ഗ്ലാനം=ക്ഷീണിച്ചത്.

അടിയിൽ=പാദത്തിൽ.

ആപ്തം=കിട്ടി.

നാന്തഃ പ്രവേശമരുണദ്വിമുഖീ ന ചാസീ-
ദാചഷ്ട രോഷപരുഷാണി ന ചാക്ഷരാണി
സാ കേവലം സരളപക്ഷ്മഭിരക്ഷിപാതൈഃ
കാന്തം വിലോകിതവതീ ജനനിർവ്വിശേഷം. (നന്ദ)

അപരാധിയായ നായകൻ വന്നപ്പോൾ കുപിതയായ നായിക ചെയ്ത ആകാരഗോപനത്തെ കവി വർണ്ണിക്കുന്നു.

തടുത്തില്ലാവാസാഗതിയഥ ഭവിച്ചില്ല വിമുഖീ
കടുത്തോരുൾക്കോപാൽ പരുഷമുര ചെയ്തില്ല മൊഴിയും
അടുത്തെത്തും തൻകാന്തനെ വെറുമൊരാളോടു സദൃശ-
പ്പെടുത്തി പ്രേക്ഷിച്ചാൾ പരമവളുദാസീനതയൊടേ.

ആവാസാഗതി=ആവാസത്തിൽ (ഗൃഹത്തിൽ) ആഗതി (വരവു.)

പ്രിയകൃതപടസ്തേയക്രീഡാവിളംബനവിഹ്വലാം
കിമപി കരുണാലാപാം തന്വീമുദീക്ഷ്യ സസംഭ്രമം
അപി വിഗളിതേ സ്കന്ധാവാരേ ഗതേ സുരതാഹവേ
ത്രിഭുവനമഹാധന്വീ സ്ഥാനേ ന്യവൎത്തത മന്മഥഃ. (൧൦൦)

ക്രീഡാനന്തരം പുനഃ ക്രീഡയ്ക്കു നായികാനായകന്മാൎക്കുണ്ടായ താൽപൎയ്യത്തെ കവി വൎണ്ണിക്കുന്നു.

കാന്തൻ വസ്ത്രമൊളിച്ചു കിഞ്ചന വിളം-
ബിച്ചപ്പൊളെന്തോ പരം
ക്ലാന്തത്വത്തൊടു ചൊല്ലുമത്തരുണിയെ-
ക്കണ്ടാശു തണ്ടാർശരൻ
ശാന്തപ്പെട്ട രതാഹവം ശിബിരവും
വിച്ഛിന്നമായെങ്കിലും
ശ്രാന്തത്വേന വിനാ തിരിഞ്ഞുചിതമായ്
വൻപുള്ളവൻ പിന്നയും.

വിളംബിക്ക=താമസിക്ക.

ക്ലാന്തത്വം=ക്ഷീണത.

രതാഹവം=രതം ആകുന്ന ആഹവം (യുദ്ധം.) സുരതോത്സവം എന്നു താൽപൎയ്യം.

ശിബിരം=യുദ്ധോപകരണ സാമഗ്രി. പ്രകൃതത്തിൽ മാലകൾ മുതലായ അലങ്കാരങ്ങളാകുന്ന ഉദ്ദീപനസാധനങ്ങൾ എന്നു താൽപൎയ്യം.

വിച്ഛിന്നം=പിരിഞ്ഞുപോയത് - പ്രകൃതത്തിൽ പൊട്ടിച്ചിതറിയത് എന്നു താൽപൎയ്യം.

ശ്രാന്തതേ നവിനാ=ഉത്സാഹത്തിന്നു കുറവു കൂടാതെ.

ഉചിതമായ്=തൽകാലോചിതമായ്.

സാലക്തകേന നവപല്ലവകോമളേന
പാദേന നൂപുരവതാ മദനാലസേന
യസ്താഡ്യതേ ദയിതയാ പ്രണയാപരാധാൽ
സോംഗീകൃതോ ഭഗവതാ മകരധ്വജേന. (൧൦൧)

കാമപുരുഷാൎത്ഥസിദ്ധിയുടെ പരമകാഷ്ഠയേ കവി പറയുന്നു.

സുകിസലയമൊത്താലസ്യം പൂണ്ടലക്തകരക്തമായ്
സകിലികിലിതം മഞ്ജീരം ചേൎന്നഴും ചരണത്തിനാൽ
ചകിതഹരിണീനേത്രാ മാനം കലൎന്നു ചവിട്ടുകിൽ
സ കില സുകൃതീ ശ്രീമന്മീനാങ്കനാലുരരീകൃതൻ.

സുകിസലയം=നല്ല തളിർ.

അലക്തകരക്തം=അലക്തം (ചെമ്പഞ്ഞിച്ചാറു) കൊണ്ടു രക്തം (ചുകന്നത്.)

സകിലികിലിതം=കിലുങ്ങുന്ന ശബ്ദത്തോടു കൂടിയ.

മഞ്ജീരം=പാദസരം.

ചരണം=പാദം.

ചകിതഹരിണീനേത്രാ=ചകിതയായ (ഭയപ്പെട്ട) ഹരിണിയുടെ (മാൻപേടയുടെ) നേത്രങ്ങൾ പോലുള്ള നേത്രങ്ങളോടു കൂടിയ സ്ത്രീ.

സ കില സുകൃതീ=സുകൃതിയായ അവൻ തന്നെ ആകുന്നു.

മീനാങ്കൻ=കാമദേവൻ.

ഉരരീകൃതൻ=അംഗീകരിക്കപ്പെട്ടവൻ.

'ഹരിണീ' ശബ്ദംകൊണ്ട് ൧൦൧ം പദ്യത്തിന്റെ വൃത്തം കൂടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

സ്ഫീതാമോദമകൈതവപ്രണയനാമിഷ്ടന്റെ തുഷ്ടിക്കു ഞാ-
നേതാനും ദിവസങ്ങൾകൊണ്ടമരുകം ഭാഷപ്പെടുത്തീടിനേൻ
വീതാശങ്കമുരച്ചിടാം വിരുതെനിക്കില്ലേതുമേ പ്രൌഢയാ-
മേതാദൃക്കൃതിതന്നിലുള്ളൊരു രസം ഭാഷാന്തരേ ചേൎക്കുവാൻ (൧)

അമലമതികളാകും പണ്ഡിതന്മാർ ചമച്ചി-
ട്ടമരുകശതകവ്യാഖ്യാനമുണ്ടിങ്ങനേകം
സമരസതനിമിത്തം തത്ര ശൃംഗാരദീപം
മമ രുചിരമതേത്താൻ മിക്കതും സ്വീകരിച്ചേൻ. (൨)

ശോകം പോക്കി നമിക്കുന്ന
ലോകം പാലിക്കുമെപ്പൊഴും
ശ്രീകണ്ഠാശ്ലേഷസന്തുഷ്ട-
മേകം തദ്ധാമമുപാസ്മഹേ. (൩)

ശുഭമസ്തു.

സമാപ്തം.

കേരള സാഹിത്യ
അക്കാദമി